# മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്

## ഒമ്പതാം പഞ്ചവത്സരപദ്ധതി
## ജനകീയ ആസൂത്രണം



# വികസന റിപ്പോർട്ട് 1996

മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിക്കുന്നത്

83-5

# മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്

## ഒമ്പതാം പഞ്ചവത്സരപദ്ധതി
## വികസനരേഖ *1996*

# മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്
# വികസനരേഖ 1996


| | | |
|---|---|---|
| *പ്രസിദ്ധീകരണം* | : | മുള്ളൂർക്കര ഗ്രാമ പഞ്ചായത്ത് |
| *എഡിററർ* | : | N.S. വർഗ്ഗീസ്, *പ്രസിഡൻറ്*<br>*ഗ്രാമപഞ്ചായത്ത്, മുള്ളൂർക്കര.* |
| *സബ് എഡിററർ* | : | A.K. നന്ദകുമാർ, *വൈസ് പ്രസിഡൻറ്*<br>*ഗ്രാമപഞ്ചായത്ത്, മുള്ളൂർക്കര* |
| *കവർ* | : | വിനയലാൽ |
| *ടൈപ്പ് സെററിംഗ്* | : | കമ്പ്യൂഗ്രാഫിക്സ്, *തൃശൂർ- 10, Ph: 334321* |
| *മുദ്രണം* | : | ഹോളി പേക്സ് & പ്രിൻേററഴ്സ് (പ്രൈ) ലി.,<br>*കോലഴി, തൃശൂർ - 10 Ph: 721709* |



രാഷ്ട്ര പിതാവിന് സ്മരണാഞ്ജലികൾ
അർപ്പിക്കുന്നു.



രാഷ്ട്ര ശില്പി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്
ആദരാഞ്ജലികൾ അർപ്പിക്കുന്നു.



എൻ. എസ്. വർഗ്ഗീസ്
പ്രസിഡന്റ്
ഗ്രാമ പഞ്ചായത്ത്
മുള്ളൂർക്കര



എ. കെ. നന്ദകുമാർ
വൈസ് പ്രസിഡന്റ്
ഗ്രാമ പഞ്ചായത്ത്
മൂളളൂർക്കര

പി. എ. ബാലൻ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
ഗ്രാമ പഞ്ചായത്ത്
മൂളളൂർക്കര



# ഗ്രാമ പഞ്ചായത്ത് മെമ്പർമാർ



ടി. പത്മനാഭമേനോൻ
മെമ്പർ



എ. എം. ഇക്ബാൽ
മെമ്പർ



ടി. മോഹൻദാസ്
മെമ്പർ



ഇ. ഗീത
മെമ്പർ



കെ. എ. റുക്കിയ
മെമ്പർ



മിനി രാധാകൃഷ്ണൻ
മെമ്പർ













# ഗ്രാമ പഞ്ചായത്ത് സ്റ്റാഫ്



പി. ഒ. ജോസ്
സെക്രട്ടറി



ശങ്കരനാരായണൻ
യു. ഡി. സി.



സദാനന്ദൻ
എൽ. ഡി. സി.



കെ. കെ. അലീമാബി
പ്യൂൺ

# ഉള്ളടക്കം


| | | |
|---|---|---|
| പ്രഥമ മുള്ളൂർക്കര പഞ്ചായത്ത് കമ്മിററി | : | 16 |
| ആമുഖം | : | 17 |
| ഈ റിപ്പോർട്ടിന്റെ ഉറവിടം | : | 19 |
| ചരിത്ര പശ്ചാത്തലം | : | 20 |
| പഞ്ചായത്തിന്റെ പൊതുവിവരങ്ങൾ | : | 24 |
| ഗ്രാമ പഞ്ചായത്തിൽ ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ | : | 25 |
| കേന്ദ്ര സംസ്ഥാന സർക്കാരുകൾ വിവിധ വകുപ്പുകൾ വഴി നടപ്പാക്കികൊണ്ടിരിക്കുന്ന വികസന ധനസഹായ പദ്ധതികൾ | : | 26 |
| ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ | : | 28 |
| പഞ്ചായത്തിലെ ജനസംഖ്യ | : | 30 |
| വിവിധ മേഖലകളിൽ തൊഴിലെടുക്കുന്നവരുടെ വിവരം | : | 32 |
| കൃഷി | : | 34 |
| ജലസേചനം | : | 37 |
| ഗതാഗതം | : | 41 |
| വൈദ്യുതി - ഊർജ്ജം | : | 44 |
| വ്യവസായം | : | 46 |
| വിദ്യാഭ്യാസം | : | 50 |
| പൊതുജനാരോഗ്യം | : | 55 |
| പരിസര മലിനീകരണം | : | 62 |
| കുടിവെള്ളം | : | 64 |
| സാമൂഹ്യക്ഷേമം | : | 66 |
| പാർപ്പിടം - ക്ഷേമ പ്രവർത്തനങ്ങൾ | : | 68 |
| പട്ടികജാതി പട്ടികവർഗ്ഗ വികസനം | : | 73 |
| സഹകരണമേഖല | : | 75 |
| മൃഗസംരക്ഷണം | : | 78 |
| വനം | : | 80 |
| വനിത | : | 82 |
| സംസ്കാരം | : | 84 |
| വിവരസമാഹരണം | : | 86 |
| നന്ദി | : | 87 |

## പ്രഥമ മുള്ളൂർക്കര പഞ്ചായത്ത് കമ്മററി അംഗങ്ങളുടെ പേര് വിവരം 1979 — 1984

1. ശ്രീ. A.C അഹമ്മദ് — *പ്രസിഡൻറ്*
2. ശ്രീ. T. പത്മനാഭമേനോൻ — *വൈസ് പ്രസിഡൻറ്*
3. ശ്രീ N.S വർഗ്ഗീസ് — *മെമ്പർ*
4. ശ്രീ K.M. മുഹമ്മദ് — "
5. ശ്രീ. C.M ഹംസ — "
6. ശ്രീ K.V. ബാലകൃഷ്ണൻ — "
7. ശ്രീ. P.ഭാസ്കരൻ — "
8. ശ്രീമതി A. രുഗ്മണി — *വനിത മെമ്പർ*

# ആമുഖം

ഒമ്പതാംപഞ്ചവത്സരപദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പാക്കുക എന്ന ലക്ഷ്യത്തിന് വേണ്ടി ജനകീയ ആസൂത്രണവുമായി ബന്ധപ്പെട്ട് മുള്ളൂർക്കര ഗ്രാമപഞ്ചായത്തിൽലെ ഒമ്പത് വാർഡുകളിലേയും പ്രത്യേക ഗ്രാമസഭകൾ ചേർന്നുകഴിഞ്ഞിരിക്കുകയാണ്. ഗ്രാമസഭയുടെ മുന്നോടിയായി ഗ്രാമപഞ്ചായത്തിലേക്ക് തിരഞ്ഞെടുത്ത പ്രതിനിധികൾ, സെക്രട്ടറി എന്നിവർ ഒന്നാംഘട്ട പരിശീലനത്തിൽ പങ്കെടുത്തു. തുടർന്ന് പഞ്ചായത്ത്തലത്തിൽ വിവിധമേഖലകളിൽ പ്രവർത്തിക്കുന്ന സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ പ്രവർത്തകരേയും കാർഷിക-വിദ്യാഭ്യാസ-ആരോഗ്യ-വ്യവസായികമേഖലകളിലെ ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്ത്തലത്തിൽ ഒരു പഠനക്ലാസ് നടത്തുകയുണ്ടായി അതിനുശേഷമാണ് ഒമ്പതുവാർഡുകളിലേയും പ്രത്യേകഗ്രാമസഭകൾ ചേർന്നത്. ഗ്രാമസഭകളിലെ ജനപ്രാതിനിധ്യം ഉദ്ദേശിച്ചതരത്തിൽ ലഭ്യമായിരുന്ന ഓരോ വാർഡിലും നടപ്പാക്കേണ്ട വികസനപ്രവർത്തനങ്ങളുടെ വ്യക്തമായ ഒരു രൂപരേഖതയ്യാറാക്കുവാന് സാധിച്ചു എന്നത് ഒരു മികച്ച നേട്ടം തന്നെയാണ്. ജില്ലാ ആസൂത്രണബോർഡിൻെറ നിർദ്ദേശാനുസരണം. ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരും അടങ്ങുന്ന ഒരു വിദഗ്ധസേനയെ പഞ്ചായത്തിൽനിന്നും നിയോഗിക്കുകയും രണ്ടാംഘട്ടപരിശീലനത്തിൽ അവർ കൃത്യമായി പങ്കെടുക്കുകയും ചെയ്തു. വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിനും വികസനസെമിനാറിൽ ഗ്രൂപ്പ്ചർച്ചകൾ നയിക്കുന്നതിനും പന്ത്രണ്ട് ചെയർമാന്മാരേയും പന്ത്രണ്ട് കൺവീനർമാരേയും തെരഞ്ഞെടുത്തിട്ടുണ്ട്. അവരുടെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ 8-ാം പഞ്ചവത്സരപദ്ധതിയുടെ അവസാനനാളുകളിൽ നാം ഇന്ന് എത്തിയിരിക്കുകയാണല്ലോ. സ്വാതന്ത്ര്യലബ്ധിക്ക്ശംഷം നമ്മുടെ രാജ്യത്തിൻെറ ഭരണം ഏറെറടുത്ത രാഷ്ട്രശില്പി പണ്ഡിററ് ജവഹർലാൽ നെഹ്റു ജനലക്ഷങ്ങളുടെ പട്ടിണിമാററുന്നതിനും വ്യവസായവികസനത്തിനും കാർഷികവികസനത്തിനും, പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും മററുമായിട്ടുള്ള നേട്ടങ്ങൾ കൈവരിക്കുന്നതിന് വേണ്ടി ആരംഭിച്ച പഞ്ചവത്സരപദ്ധതികൾ എട്ടെണ്ണം കഴിഞ്ഞപ്പോൾ നാം എവിടെ എത്തിയിരിക്കുന്നു എന്ന് പുനർവിചിന്തനം നടത്തുന്നതിന് ഈ ന്ദർഭം വിനിയോഗിക്കാം.

1947ആഗസ്ററ് 15ന് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ഭാരതത്തിൻെറ അവസ്ഥ എന്തായിരുന്നു. ഒരു നേരത്തെ ആഹാരത്തിനുപോലും വഴിയില്ലാത്ത ജനകോടികൾ, മഴയും വെയിലും മഞ്ഞും കാററും കൊള്ളാതെ ഒന്നു തലചാക്കുവാൻ ഇടമില്ലാതെ തങ്ങളുടെ പിഞ്ചോമനകളെ മാറോടണച്ചുപിടിക്കുന്ന മാതാപിതാക്കൾ, മുതലാളിത്ത രാജ്യത്തിനുമുമ്പിൽ വിശപ്പടക്കുവാൻ ഭക്ഷ്യധാന്യങ്ങൾക്ക് വേണ്ടി

കൈനീട്ടിനിന്ന ഭാരതം 1962ൽ ചൈന ആക്രമിച്ചപ്പോൾ പ്രതിരോധിക്കാൻ വകയില്ലാതെ പകച്ചുനിന്ന ഇന്ത്യ- തീർച്ചയായും എട്ടു പഞ്ചവത്സരപദ്ധതികളിലൂടെ നമുക്ക് അഭൂതപൂർവ്വമായ, അവിസ്മരണീയമായ നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇക്കാര്യം വിലയിരുത്തുമ്പോൾ കാർഷിക ഭക്ഷ്യ മേഖലയിലും പാർപ്പിടരംഗത്തും വാണിജ്യവ്യവസായരംഗത്തും വിദ്യാഭ്യാസരംഗത്തും, പ്രതിരോധരംഗത്തും എന്നല്ല എല്ലാ മേഖലകളിലും വികസനത്തിൻെറ ഒരു കുതിച്ചുകയററം ഉണ്ടായിട്ടുണ്ട് എന്നുള്ള വസ്തുത നമ്മെ ഓരോരുത്തരേയും ആവേശം കൊള്ളിക്കുന്നതാണ്.

എന്നാൽ പഞ്ചവത്സര പദ്ധതികളുടെ നടത്തിപ്പിലുണ്ടായ പാകപ്പിഴകളും പോരായ്മകളും കണ്ടെത്തുവാനും ഉൾകൊള്ളുവാനും പരിഹരിക്കുന്നതിനും നാം ബാധ്യസ്ഥരാണ് അതുകൊണ്ട് തന്നെ ഒമ്പതാംപഞ്ചവത്സരപദ്ധതി ജനകീയ ആസൂത്രണത്തിൽക്കൂടി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക എന്ന ആശയമാണ് നമ്മുടെ സംസ്ഥാന സർക്കാർ മുന്നോട്ട് വച്ചിരിക്കുന്നത്.

ആസൂത്രണത്തിൻേറയും വികസനപദ്ധതതികൾ നടപ്പിൽ വരുത്തുന്നതിൻേറയും ഉത്തരവാദിത്വം ജനങ്ങളിൽ നിക്ഷിപ്തമാക്കേണ്ട സമയം വന്നുചേർന്നിരിക്കുന്നു. ആയതിനാൽ വിശ്വാസത്തോടെയും ധൈര്യത്തോടെയും അത്തരം ചുമതലകൾ ഏറെറടുക്കുവാൻ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു" രാഷ്ട്രശില്പി പണ്ഡിററ് ജവഹർലാൽനെഹ്റു 1959 ഒക്ടോബർ മാസം 20-ാംതിയ്യതി രാജസ്ഥാനിസ്ഥ നാംപൂരിൽ പഞ്ചായത്തിരാജിൻെറ ഉദ്ഘാടനാവസരത്തിൽ ചെയ്ത പ്രസംഗത്തിൽനിന്നും മേൽുദ്ധരിച്ച വരികൾ ഈ സന്ദർഭത്തിൽ പ്രത്യേകം സ്മരിക്കപ്പെടേണ്ടതാണ്. അതുകൊണ്ട്തന്നെ ജനകീയ ആസൂത്രണം എന്ന ഈ പരീക്ഷണപ്രക്രിയ വിജയപ്രദമായി നടപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വം നാം ഏറെറടുക്കേണ്ടിയിരിക്കുന്നു. ഇന്നലകളുടെ ഓർമ്മകളുമായി നാളെകളിൽ നമ്മുടെ ഗ്രാമപഞ്ചായത്തിൻേറയും അതുവഴി ഭാരതത്തിൻേറയും വികസനത്തിനും പുരോഗതിക്കും ഉതകുമെന്ന് വിശ്വസിക്കുന്നതായ ഒരു വികസനറിപ്പോർട്ട് ആണ് നാം തയ്യാറാക്കിയിട്ടുള്ളത്. ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഈ ഗ്രാമപഞ്ചായത്തിലെ ഒട്ടേറെ സുഹൃത്തുക്കൾ നിർദ്ദേശങ്ങളും ഉപദേശങ്ങളും തന്ന് സഹകരിച്ചിട്ടുണ്ട്. അവരുടെയെല്ലാം പേരുകൾ ഇവിടെ പ്രത്യേകം കുറിക്കുന്നില്ല.

നമ്മുടെ രാഷ്ട്രപിതാവ് ഗാന്ധിജിയുടെ 'ഗ്രാമസ്വരാജ്' എന്ന ആശയം സ്വതന്ത്രഭാരതത്തിൽ മുഴുവനും ഒരേരീതിയിൽ നടപ്പാക്കുക എന്ന ധീരമായ കാഴ്ചപ്പാടോടെ അധികാരം സാധാരണ ജനങ്ങളിലേക്ക് കൊണ്ടുവരുന്നതിന് ഇന്ത്യൻ പാർലിമെൻറിൽ ഭരണഘടനാഭേദഗതി അവതരിപ്പിച്ച യശഃശ്ശരീരനായ മുൻ ഇന്ത്യൻ പ്രധാനമന്ത്രി രാജീവ്ഗാന്ധിയെ അനുസ്മരിച്ചുകൊണ്ട് മുള്ളൂർക്കര ഗ്രാമപഞ്ചായത്തിൻെറ ഒമ്പതാം പഞ്ചവത്സരപദ്ധതി ജനകീയ ആസൂത്രണവികസനറിപ്പോർട്ട് സമഗ്രമായ ചർച്ചകൾക്ക് വിധേയമാക്കുന്നതിന്നും പോരായ്മകൾ പരിഹരിച്ച് പൂർത്തീകരിക്കുന്നതിനും വേണ്ടി ബഹുജനസമക്ഷം സമർപ്പിക്കുന്നു.

മുള്ളൂർക്കര
12-11-1996

**എൻ.എസ്സ്. വർഗ്ഗീസ്**
പ്രസിഡണ്ട്
ഗ്രാമപഞ്ചായത്ത് മുള്ളൂർക്കര

# ഈ റിപ്പോർട്ടിന്റെ ഉറവിടം

1. ഗ്രാമസഭറിപ്പോർട്ടുകൾ
2. ദുധിയവിവരണശേഖരണം.
3. 1991 ലെ കാനേഷ്മാരി കണക്ക്
4. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വിവിധസ്ഥാപനങ്ങളിലു മററുസ്ഥലങ്ങളിലും നേരിട്ടുനടത്തിയ സർവ്വേ
5. പഠനപര്യടനത്തിൽക്കൂടിലഭിച്ചവിവരങ്ങൾ
6. കാരണവന്മാരോട് നേരിട്ടുള്ള ചോദിച്ചറിവ്
7. സാമൂഹ്യ സാംസ്കാരിക മേഖലകളിൽ നിന്നുള്ള വിവര ശേഖരണം.

# ചരിത്രപശ്ചാത്തലം

തലപ്പിള്ളിതാലൂക്കിൽ നിളാനദിക്ക് അല്പം തെക്കുമാറി ചെറിയ കുന്നിൻ പ്രദേശങ്ങളും നെല്പാടങ്ങളും കേരളത്തിലെ പ്രധാനവനങ്ങളിൽ ഒന്നായ ഭരണിപ്പച്ചമലയും ഉൾപ്പെടുന്ന പ്രകൃതിസൗന്ദര്യം നിറഞ്ഞുനിൽക്കുന്ന 44.28ച.കി.മീ. വിസ്തീർണ്ണം വരുന്നതാണ് മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്. പാഞ്ഞാൾ പഞ്ചായത്തിലെ ആററൂർ വില്ലേജും വരവൂർ പഞ്ചായത്തിലെ മുള്ളൂർക്കര വില്ലേജും ചേർത്തുകൊണ്ടാണ് മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് 1977 ഡിസംബർ മാസം 28രാം തിയ്യതി സർക്കാർ ഉത്തരവ് പ്രകാരം രൂപീകൃതമായത്. മുള്ളൂർക്കരയിലെ ഒരു സ്വകാര്യ കെട്ടിടത്തിൽ 29-12-1977ൽ സ്പെഷൽ ഓഫീസറുടെ നേതൃത്വത്തിൽ മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് പ്രവർത്തനമാരംഭിച്ചു. മുള്ളൂർക്കരയിലെ ചരിത്രപ്രസിദ്ധമായ തിരുവാണിക്കാവ് അമ്പലമൈതാനത്തുവെച്ച് പഞ്ചായത്ത് നിലവിൽ വന്നതിൻെറ ഉദ്ഘാടനം ആഘോഷപൂർവ്വം നടന്നു. മുള്ളൂർക്കര വില്ലേജ് സർവ്വീസ് സഹകരണബാങ്ക്കെട്ടിടത്തിൻെറ ഒരു മുറിയിലേക്ക് 4-1-1978ൽ പഞ്ചായത്തിൻെറ പ്രവർത്തനം മാററുകയുണ്ടായി. പിന്നീട് പഞ്ചായത്ത് സ്വന്തമായി വാങ്ങിയ കെട്ടിടത്തിലാണ് ഇപ്പോൾ പഞ്ചായത്ത് ഓഫീസുപ്രവർത്തിച്ചുവരുന്നത്.

മുള്ളൂർക്കരയുടെയും പരിസരപ്രദേശങ്ങളുടേയും സമഗ്രവികസനത്തിന് മുള്ളൂർക്കര കേന്ദ്രീകരിച്ച് ഒരു പഞ്ചായത്ത് രൂപീകരിക്കണം എന്ന ആശയവുമായി 1969ൽ മുള്ളൂർക്കര ശ്രീ കപ്പാരത്ത് ഗോവിന്ദൻനായരുടെ വസതിയിൽ വെച്ച് മുള്ളൂർക്കരയിലേയും പരിസരപ്രദേശങ്ങളിലേയും സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്ന വ്യക്തികൾ ഒത്തുചേർന്ന് ആശയവിനിമയം നടത്തുകയുണ്ടായി പിന്നീട് അന്തരിച്ച ശ്രീ പാപ്പുണ്ണിമാസ്ററർ പ്രസിഡൻറും ശ്രീ AC അഹമ്മദ് വൈസ്പ്രസിഡൻറും ശ്രീ. V.K. വിജയൻ സെക്രട്ടറിയും ആയി ഒരു പൗരസമിതി രൂപം കൊള്ളുകയും ചെയ്തു. ഈ പൗരസമിതി മുള്ളൂർക്കര ആസ്ഥാനമാക്കി ഒരു പഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള ശ്രമങ്ങളുമായി മുന്നോട്ട് നീങ്ങി. നിർഭാഗ്യമെന്നുപറയട്ടെ, ചില അഭിപ്രായവ്യത്യസങ്ങളെത്തുടർന്ന് 1970ൽ പൗരസമി തിയുടെ പ്രവർത്തനം നിലച്ചുപോയി. എന്നാൽ പഞ്ചായത്ത് രൂപീകരിക്കപ്പെടുന്നതിനുള്ള ശ്രീ. AC അഹമ്മദിൻെറ ആശ്രാന്തപരിശ്രമം അവസാനം 28-12-1977ൽ വിജയിക്കുകതന്നെ ചെയ്തു. മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് രൂപികരിക്കുന്നതിൽ ശ്രീ A.C. അഹമ്മദ് നിസ്വാർത്ഥസേവനം അനുഷ്ഠിക്കുകയും തുടർന്ന് പ്രഥമ പഞ്ചായത്ത് പ്രസിഡൻറ് എന്ന നിലയിൽ പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകയും ചെയ്തിട്ടുണ്ട്

ഈ പഞ്ചായത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് മുള്ളൂർക്കര, ആററൂർ എന്നീ വില്ലേജുകളെയാണെന്ന് പറഞ്ഞുവല്ലോ. ഈ വില്ലേജുകളിലെ ഭൂസ്വത്തിൻെറ ചരിത്രവും ഈപ്രദേശത്തിൻെറ ചരിത്രവും പരസ്പരം ബന്ധപ്പെട്ടുക്കിടക്കുന്നു. മുള്ളുർക്കര വില്ലേജിലെ ഭൂസ്വത്തുക്കൾ പാലിയം കുടുംബം വകയാണെന്ന് കാണുന്നു. "പാലിയത്തച്ചൻ" എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഇവർക്ക് കൊച്ചി മഹാരാജാവിൽനിന്നും ലഭച്ച പാരിതോഷകങ്ങളാണത്രെ ഈ ഭൂസ്വത്തുക്കൾ. "പാലിയം കോട്ട" എന്ന പേരിൽ ഒരു കോട്ടയും ഇവിടെ ഉണ്ടായിരുന്നു. പാലിയത്തച്ചന്മാർക്ക് മുമ്പ് മനക്കോട്ടച്ചന്മാർ എന്ന ഒരു കൂട്ടർ കടത്തനാടുനിന്നും ഇവിടെ എത്തിയിരുന്നുവെന്നും അവർ പാലിയം കുടുംബത്തിൽ നിന്നും വിവാഹം കഴിച്ചിരുന്നുവെന്നും പറയുന്നു. മനക്കോട്ടച്ചന്മാർ ഇവിടെ വരുമ്പോൾ മുള്ളൂർക്കര കാഞ്ഞിരശ്ശേരി, ഇരുനിലംകോട്, കണ്ണംപാറ എന്നീ പ്രദേശങ്ങളിൽ 42-നമ്പൂതിരി ഇല്ലങ്ങൾ ഉണ്ടായിരുന്നതായും അവരെ മനക്കോട്ടച്ചന്മാർ ഇവിടെനിന്നും പറഞ്ഞയച്ചതായും പറയപ്പെടുന്നു. ഈ ഭൂസ്വത്തുക്കളിൽ ഭൂരിഭാഗവും പാലിയം കൃഷ്ണൻ വലിയച്ചൻ വകയാണെന്നും കാണാം. എന്നാൽ ഈ വില്ലേജിലെ കാഞ്ഞിരശ്ശേരി ദേശത്ത് കിരാങ്ങാട്ട് മന വക സ്വത്തുക്കളും ഉണ്ട്.

ആററൂർ വില്ലേജിലെ ഭൂസ്വത്തുക്കളുടെ ചരിത്രം പരിശോധിച്ചാൽ ആവ പ്രധാനമായും രണ്ട് ജന്മിമാരുടേതാണെന്ന് കാണുന്നു. അതിലൊന്ന് ആററൂരിലെ തൃശ്ശിവപേരൂർ വാദ്ധ്യാൻ ചാങ്ങലിയോട് മനയ്ക്കൽ വാസുദേവൻ നമ്പൂതിരിയുടേതാണ്. ശ്രീശങ്കരാചാര്യരുടെ ശിഷ്യനായ ഹസ്തമാലകാചാര്യരുടെ ശിഷ്യന്മാർ തൃശ്ശൂരിൽ സ്ഥാപിച്ച വടക്കെമഠത്തിൽ വേദാദ്ധ്യാപനം നടത്തിവരുകയും രാജ്യനന്മക്കായി ഋഗ്വേദമന്ത്രങ്ങൾ ജപിച്ച് ശ്രീ വടക്കുനാഥനെ സേവിക്കുകയും ചെയ്തതിൽ സന്താഷവാനായ അന്നത്തെ കൊച്ചി മഹാരാജാവ് ഉദ്ദേശം 400കൊല്ലങ്ങൾക്ക് മുമ്പ് അദ്ദേഹത്തിന് പാരിതോഷികമായി നൽകിയതാണ് ഈ ഭൂസ്വത്തുക്കൾ. കൊച്ചി മഹാരാജാവിൻെറയും കേരളത്തിലെ "തൃശ്ശൂർയോഗം" എന്ന നമ്പൂതിരിവിഭാഗത്തിൽപെട്ടവരുടേയും ഗുരുസ്ഥാനം വഹിച്ചുകൊണ്ട് "വാദ്ധ്യാൻ" എന്ന സ്ഥാനപേരോടുകൂടി ഈ ഇല്ലം ഇന്നും ആററൂരിലുണ്ട്.

ശങ്കരാചാര്യരുടെ ശിഷ്യനായ പദ്മപാദാചാര്യരുടെ ശിഷ്യവരസരയിൽപെട്ടവർ സ്ഥാപിച്ച തൃശ്ശൂർ തെക്കേമഠം വകയായ ആററൂർ കാർത്ത്യായനിക്ഷേത്രത്തിൻെറ നടത്തിപ്പിനും സംരക്ഷണത്തിനുംവേണ്ടി കൊച്ചിമഹാരാജാവ് തെക്കേമഠം സ്വാമിയാർക്ക് നല്കിയ വകയാണ് ആററൂർ വില്ലേജിലെ ബാക്കി ഭൂസ്വത്തുക്കൾ. എന്നാൽ ഇന്ന് ഈ ഭൂസ്വത്തുക്കൾ ഭൂരിഭാഗവും മററു പലരുടേയും ഉടമസ്ഥതയിലാണ് ഇപ്പോൾ ഉള്ളത്.

ഈ പഞ്ചായത്ത് പ്രദേശത്ത് നിലവിലുണ്ടായിരുന്ന ജന്മിത്തവ്യവസ്ഥ ജാതി-മത-ആചാരങ്ങൾ നിലനിർത്തിയിരുന്നതിന് കാരണമായിരുന്നു. എന്നാൽ സ്വതന്ത്ര ഭാരതത്തിൽ ജാതി-മത-ചിന്തകൾക്കും തന്മൂലം ഉണ്ടായിരുന്ന അനാചാരങ്ങൾക്കും എതിരായിട്ടുണ്ടായ മുന്നേററം ഉൾകൊള്ളുവാൻ ഇവിടുത്തെ മുഴുവൻ ജനത്തിനും കഴിഞ്ഞിട്ടുണ്ട്. തദ്ഫലമായി അത്തരം അനാചാരങ്ങൾ ഇന്ന് ഈ പഞ്ചായത്തിൽ നിലവിലില്ലെന്ന് പറയുന്നതിൽ സന്തോഷമുണ്ട്. ഈ പ്രദേശത്തെ ഗ്രാമീണവായനശാലകൾ, ഗ്രാമ

സേവാസമിതികൾ, തൊഴിലാളി സംഘടനകൾ, കലാ-കായിക-സാംസ്കാരിക സ്ഥാപനങ്ങൾ മുതലായവ അവരുടേതായ പങ്ക് സ്തുത്യർഹമായവിധത്തിൽ ഇക്കാര്യത്തിൽ നിർവ്വഹിച്ചിട്ടുണ്ട്.

മനക്കോട്ടച്ചന്മാരാൽ നിർമ്മിതമായ മുള്ളൂർക്കര തിരുവാണിക്കാവ് ക്ഷേത്രം, ചരിത്രപ്രാധാന്യമുള്ളതും സ്വയംഭൂ ഗുഹാക്ഷേത്രവുമായ ഇരുന്നിലംകോട് ശ്രീ സുബ്രഹ്മണ്യസ്വാമിക്ഷേത്രം, കാഞ്ഞിരശ്ശേരി കുറുമ്പഞ്ചേരി അമ്പലം, അമ്പലംകുന്ന് ശിവക്ഷേത്രം, ആററൂർ കാർത്ത്യായനിക്ഷേത്രം, ആററൂരിലെ ചരിത്രപ്രസിദ്ധമായ ആററക്കോയതങ്ങളുടെ ജാറംപൊന്തിയ ആററൂരിലെ മുസ്ലീംപള്ളി, കാഞ്ഞിരശ്ശേരിയിലെ 800വർഷത്തിലേറെപ്പഴക്കമുള്ള മക്കാഹാജിതങ്ങളുടെ ജാറം ഉള്ള കാഞ്ഞിരശ്ശേരി മുസ്ലീംപള്ളി, മുള്ളൂർക്കരവളവ്, വാഴക്കോട് എന്നിവടങ്ങളിലെ ജുമാമസ്ജിസുകൾ, മുള്ളൂർക്കരയിലെ സെൻറ് ആൻറണീസ് ദേവാലയം, മണലാടി സെൻറ് ആൻറണീസ് ദേവാലയവും ആററൂർ അയ്യപ്പൻകോവിൽ എന്നിവ ഈ പ്രദേശത്തെ ജനങ്ങളുടെ മതസാഹോദര്യത്തിൻെറ പ്രതീകങ്ങളായി നിലകൊള്ളുന്നു.

തിരുവാണിക്കാവ് ക്ഷേത്രത്തിലെ വേല, ഇരുന്നിലംകോട് അമ്പലത്തിലെ ഷഷ്ഠി മഹോത്സവവും കാവടിയാട്ടവും, ആററൂർ കാർത്ത്യായനി ക്ഷേത്രത്തിലെ നിറമാല മഹോത്സവം, ആററൂർ ആററക്കോയ തങ്ങളുടെ ജാറത്തിലെ നേർച്ച, ആററൂർ അയ്യപ്പൻകോവിലെ കെട്ടുവിളക്ക്, മുള്ളൂർക്കര സെൻറ് ആൻറണീസ്, മണലാടിസെൻറ് ജോസഫ് എന്നീ ദേവാലയങ്ങളിലെ അമ്പുതിരുന്നാൾ, കാഞ്ഞിരശ്ശേരി മക്കാഹാജിതങ്ങളുടെ ജാറത്തിലെ നേർച്ച മുതലായവ പരസ്പരം ആദരിച്ചും സഹകരിച്ചും ആഘോഷിക്കുന്ന പാരമ്പര്യം നൂററാണ്ടുകളായി ഈ പ്രദേശത്ത് നിലനിൽക്കുന്നു. എന്ന വസ്തുത അഭിമാനാർഹമാണ്.

തിരുവിതാംകൂർ അവസാനത്തെ രാജാവായിരുന്ന ശ്രീ ബാലരാമവർമ്മ മഹാരാജാവിനെ മലയാളം, സംസ്കൃതം എന്നി വിഷയങ്ങൾ പഠിപ്പിച്ചിരുന്ന ഗുരുനാഥനായ പണ്ഡിത ശ്രേഷ്ഠൻ പരേതനായ ആററൂർ ശ്രീ കൃഷ്ണപിഷാരോടി, പ്രശസ്ത കവി ശ്രീ ആററൂർ രവിവർമ്മ, സുപ്രസിദ്ധനായ തിമലവിദദ്ധൻ ശ്രീ ആററൂർ ശങ്കരൻകുട്ടിമാരാർ തുടങ്ങിയവർ ഈ പ്രദേശത്തിൻെറ സാംസ്കാരിക പാരമ്പര്യകണ്ണികളിലെ പ്രമുഖരാണ്.

1977-ൽ രൂപംകൊണ്ട മുള്ളൂർക്കര ഗ്രാമപഞ്ചായത്തിൽ ഈ ചുരുങ്ങിയ കാലയളവിൽ ശ്രീ AC ആഹമ്മദ്, ശ്രീ T.പത്മനാഭമേനോൻ, ശ്രീ N.S. വർഗ്ഗീസ് എന്നീ പ്രസിഡൻറുമാരുടെ നേതൃത്വത്തിൽ പ്രവർത്തിച്ച പഞ്ചായത്ത് ഭരണസമിതികൾക്ക് പഞ്ചായത്തിൻെറ വികസനകാര്യങ്ങളിൽ അസൂയാവഹമായ നേട്ടം കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പഞ്ചായത്തിൻെറ ആസ്ഥാനമായി മാറിയ പാലിയത്ത് ഗോവിന്ദൻ അച്ചൻ താമസിച്ചിരുന്നവീടും 1 ഏക്ര 56 സെൻറ് സ്ഥലവും ഹൈസ്ക്കൂൾ പ്രൈമറി ഹെൽത്ത് സെൻറർ, കൃഷിഭവൻ, മൃഗാസ്പത്രി, ടെലിഫോൺ എക്സ്ചേഞ്ച്, പഞ്ചായത്ത്വക ഷോപ്പിംഗ് കോംപ്ലക്സ്, വില്ലേജ് എക്സ്ററൻഷൻ ഓഫീസ് മുതലായവ ഈ നേട്ടങ്ങളിലെ പ്രധാനപ്പെട്ട ഇനങ്ങളാണ്. ഗ്രാമീണറോഡുകൾ ധാരാളമായി നിർമ്മിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെങ്കിലും അവയുടെ സംരക്ഷണത്തിനും ടാറിടുന്നതിനും പഞ്ചായത്തിൻെറ സാമ്പത്തിക പരാധീനത മൂലം കഴിഞ്ഞിട്ടില്ല. പട്ടിക

ജാതികോളനികളിലെ വീടുകളില്ലാത്തവരായ ഭൂരിഭാഗം പേർക്കും മററുള്ളവർക്കും നൂറുക്കണക്കിന് വീടുകൾ നിർമ്മിച്ചുകൊടുക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

മേൽ വിവരിച്ച ഒട്ടേറ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും പോരായ്മകൾ ഇനിയും ഉണ്ട്. 100% വും കാർഷിക മേഖലയാണ് ഈ പ്രദേശം കാർഷികോല്പന്നങ്ങളുടെ വിലകുറവ്, കാർഷികവൃത്തിക്ക് ജോലിക്കാരെ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്, കാർഷികോല്പന്നങ്ങളുടെ വിപണനത്തിനുള്ള അസൗകര്യങ്ങൾ, തുടങ്ങിയ പ്രശ്നങ്ങൾ കർഷകരെ കാർഷിക വൃത്തിയിൽനിന്നും പിന്തിരിപ്പിക്കുവാൻ പ്രേരിപ്പിക്കുന്നു. മേൽവിവരിച്ച കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തൊഴിലില്ലായ്മ നിർമ്മാർജ്ജനം ചെയ്യുന്നതിനും വികസനപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനും വേണ്ടി ഒമ്പതാം പഞ്ചവത്സരപദ്ധതിക്ക് വേണ്ടിയുള്ള ഈ ജനകീയ ആസൂത്രണ പ്രക്രിയ കൂട്ടായ ചർച്ചകളിലൂടേയും പ്രവർത്തനങ്ങളിലൂടേയും വിജയിപ്പിച്ച് നമ്മുടെ നാടിൻെറ പുരോഗതിക്ക് വേണ്ടി, തദ്വാര ഭാരതത്തിൻെറ സർവ്വതോമുഖമായ അഭിവൃദ്ധിക്ക് വേണ്ടി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

* *

# ഗ്രാമ പഞ്ചായത്തിൻെറ പൊതു വിവരങ്ങൾ

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തിൻെറ പേര് | : | മുള്ളൂർക്കര |
| വിസ്തീർണ്ണം | : | 44.24 ച.കി. |
| 4അതിര് കിഴക്ക് | : | പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് അതിർത്തി |
| പടിഞ്ഞാറ് | : | വടക്കാഞ്ചേരി, വരവൂർ ഗ്രാമപഞ്ചായത്ത് അതിർത്തികൾ |
| തെക്ക് | : | തെക്കുംകര ഗ്രാമപഞ്ചായത്ത് അതിർത്തി |
| വടക്ക് | : | വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് അതിർത്തി. |
| വില്ലേജ് | : | മുള്ളൂർക്കര, ആററൂർ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | മുള്ളൂർക്കര |
| ബ്ലോക്ക് പഞ്ചായത്ത് | : | വടക്കാഞ്ചേരി |
| താലൂക്ക് | : | തലപ്പിള്ളി |
| ജില്ല | : | തൃശ്ശിവപേരൂർ |
| അസംബ്ലിമണ്ഡലം | : | ചേലക്കര |
| പാർലിമെൻറ് മണ്ഡലം | : | ഒററപ്പാലം |
| വാർഡുകളുടെ എണ്ണം | : | 9 (ഒമ്പത്) |
| ജനസംഖ്യ | : | 15987 |
| ഗ്രാമപഞ്ചായത്ത് ഗ്രേഡ് | : | 2-ാം ഗ്രേഡ് |
| ഗ്രാമപഞ്ചായത്തിൻെറ സ്ററാഫ് | : | സെക്രട്ടറി (1) |
| | | യു.ഡി.സി. (1) |
| | | എൽ.ഡി.സി. (2) |
| | | പ്യൂൺ (1) |

# ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ

1. പഞ്ചായത്ത് കോമ്പൗണ്ടിൽ കമ്മ്യൂണിററി ഹാൾ-കല്ല്യാണ മണ്ഡപത്തിന്റെ നിർമ്മാണം

2. അകമല കാഞ്ഞിരശ്ശേരി റോഡിന്റെ മൂന്നാം ഘട്ട നിർമ്മാണം.

3. പച്ചകോളനി റോഡിന്റെ ആഭിവൃദ്ധി പണി.

4. കള്ള്ഷാപ്പ്പടി റോഡിന്റെ പുനർ നിർമ്മാണം.

5. നീലിയമ്മ കോലിവിന്റെ കിഴക്കുഭാഗത്തുള്ള റോഡിന്റെ പുനർ നിർമ്മാണം.

6. സാമ്പവ കോളനിക്കകത്തുള്ള റോഡ് നിർമ്മാണം

7. ഇടപ്പാറ ഹരിജൻ കോളനി റോഡിന്റെ ഭാഗികമായ അഭിവൃദ്ധി പണി.

8. വണ്ടിപ്പറമ്പ് മുതൽ കല്ലഴിപ്പടിവരെ എത്തുന്ന മണ്ഡലംകുന്ന് റോഡിൻറെ സൈഡ്കെട്ടലും അഭിവൃദ്ധിപണിയും.

9. വളയം പാലം മുതൽ മേൽപ്പെട്ടുപോകുന്ന റോഡിന്റെ പുനർനിർമ്മാണം.

10. പാണൻ കോളനി കുളവള്ളിവരെയുള്ള റോഡിന്റെ പാണൻ കോളനി ഭാഗത്ത് കട്ടിംഗ് താഴ്ത്തുന്ന പണി.

11. ഭഗവതിക്കുന്ന് ഹരിജൻകോളനിറോഡിന്റെ മധ്യഭാഗം താഴ്ത്തുന്ന പണിയും റോഡ്മെററൽസും

12. അകമല കാഞ്ഞിലരശ്ശേരി റോഡിന്റെ പൂവ്വക്കോട് പറമ്പ് മുതൽ കണ്ണംപാറവരെയുള്ള പുതിയ റോഡ് നിർമ്മാണം.

13. S.N. നഗർ കുഞ്ഞിമരയ്ക്കാർ പടി റോഡിന്റെ പുനർ നിർമ്മാണം.

14. കണ്ണംപാറചണ്ടിക്കുളം താഴ്ത്തുന്ന പണി.

15. ഒടുങ്ങാട്പടി ചീർപ്പിന്റെ നിർമ്മാണം.

16. പതിമൂന്ന് അംഗൻവാടികൾക്ക് പാത്ര വിതരണം.

17. നാല് സ്ക്കൂളുകൾക്ക് ഉച്ചക്കഞ്ഞിക്ക് ധനസഹായം നൽകൽ.

18. ഇരുപത്തൊൻപത് റോഡുകളുടെ മെയിൻറൻസും മൂന്ന് ചെറിയ റോഡുകളുടെ പുതിയ നിർമ്മാണവും.

19. പഞ്ചായത്ത് ആഫീസ് കെട്ടിടത്തിന്റെ മെയിൻറൻസ് പണികൾ

20. കമ്പനിപടി, മഠത്തിൽപടി റോഡിന്റെ മെററലിങ്ങ്

21. അലഞ്ഞ് തിരഞ്ഞ് നടക്കുന്ന നായ്ക്കളെ പിടിച്ച് നശിപ്പിക്കൽ.

22. രാജീവ്ഗാന്ധി ഡ്രിംഗിംഗ് വാട്ടർ സ്കീമിൽ ഉൾപ്പെടുത്തി, പള്ളത്തുകോളനി, പച്ചകോളനി, പാട്ടാംകുന്ന്കോളനി, കൊടക്കാട്ത്ത്പടികോളനി, എന്നിവിടങ്ങളിൽ കുടിവെള്ളം എത്തിക്കാൻ സംവിധാനവും ഭഗവതിക്കുന്ന് കണക്കൻമാർക്കുന്ന് എന്നീ കോളനികളിലേക്കു പൈപ്പ് ലൈൻ നീട്ടുന്ന പണി.

23. ഭഗവതിക്കുന്ന്, മണ്ഡലംകുന്ന് ഹരിജൻ കളനികളുടെ വൈദ്യുതീകരണം

*

# കേന്ദ്ര സംസ്ഥാന സർക്കാരുകൾ വിവിധ വകുപ്പുകൾ വഴി നടപ്പാക്കി കൊണ്ടിരിക്കുന്ന വികസന ധനസഹായ പദ്ധതികളുടെ വിവരങ്ങൾ:-

ഗ്രാമീണ ജനതയുടെ ഉന്നമനത്തിന് വേണ്ടിയും, ഈ പഞ്ചായത്തു പ്രദേശത്തിന്റെ വികസനത്തിന് വേണ്ടിയും, കേന്ദ്രസംസ്ഥാന സർക്കാരുകൾ കഴിഞ്ഞ കാലങ്ങളിൽ തുടർന്നു വന്നിട്ടുള്ളതും, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ വിവിധ ക്ഷേമ വികസന പദ്ധതികളിലേക്ക് ഒന്ന് തിരിഞ്ഞു നോക്കാം.

## പദ്ധതികൾ

### ഐ. ആർ. ഡി. പി.

ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായം നല്കുന്ന പദ്ധതിയാണിത്. 1979ൽ ഇൻഡ്യാ ഗവൺമെന്റ് നടപ്പിലാക്കിയ പദ്ധതിയാണിത്. 11,000 രൂപയിൽ താഴെ വരുമാനമുള്ളവരാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്. പദ്ധതികൾ തുടങ്ങുന്നതിന് ബാങ്കുകളിൽ നിന്ന് വായ്പയും ജില്ലാ റൂറൽ ഡവലപ്പ്മെന്റ് അതോറിട്ടിയിൽ നിന്ന് സാമ്പത്തിക സഹായവും നല്കുന്നു.

നിലവിലുള്ള IRDP സർവ്വേലിസ്റ്റിൽ 1772 പേർ ഉണ്ട്. ഈ പദ്ധതികൊണ്ട് ധാരാളം പേർ ജീവനോപാധികൾ സ്വരൂപിച്ച് സാമ്പത്തിക നേട്ടം ഉണ്ടാക്കിയിട്ടുണ്ട്. പട്ടികജാതി വികലാംഗർക്ക് 6000 രൂപയും, മറ്റു വിഭാഗങ്ങൾക്ക് 4000 രൂപയും സബ്സിഡി നല്കുന്നു. ഗ്രൂപ്പ് IRDP പ്രകാരം 5 പേർ ഉള്ള ഒരു യൂണിറ്റിന് 1,25,000 രൂപ വരെ സബ്സിഡി നല്കുന്നു.

### ട്രൈസം

I RDP സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങളിൽ നിന്നും 18നും, 35നും ഇടക്ക് പ്രായമുള്ള യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വിവിധ Trade കളിൽ സാങ്കേതിക പരിശീലനം നല്കുന്ന പരിപാടിയാണിത്. ട്രെയിനിംഗ് സമയത്ത് സ്റ്റൈയ്പ്പന്റും അതിനു ശേഷം ട്രേഡ് കിറ്റും, സ്വയം നല്കുന്നു.

### D. W. C. R

ഈ പദ്ധതി 1983 84 വർഷങ്ങളിലാണ് ആരംഭിച്ചത്. I RDP പദ്ധതിയുടെ അനുബന്ധമായി വനിതകളുടെ സ്വാശ്രയതെ മുൻനിർത്തി അവരുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ കൂട്ടായ സാമ്പത്തിക പരിപാടികൾക്ക് വായ്പയും, ധനസഹായവും നല്കുന്നു. 10 മുതൽ 15 വരെയുള്ള വനിതകൾക്കാണ് സഹായം നല്കുന്നുത്. യൂനിസെഫിന്റെ സഹായത്തോടു കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. യൂണിറ്റുകൾക്ക് 25000 രൂപ റിവോൾവിംഗ് ഫണ്ട് നല്കുന്നു. യൂണിറ്റുകളുടെ സുഗമമായ പ്രവർത്തനത്തിന് 5 മുതൽ 10 വരെ മെമ്പർമാരായി പരിമിതപ്പെടുത്തേണ്ടതാണ്.

### C. R. S. P

ഗ്രാമങ്ങളിലെ ശുചിത്വസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പരിപാടിയാണിത്. 1990 - 91 ലാണ് ഈ പദ്ധതി നടപ്പിലാക്കി തുടങ്ങിയത്, 2000 രൂപയാണ് ഈ പദ്ധതിക്ക് നല്കുന്നത്. 2000 പട്ടികജാതി, പട്ടിക വർഗ്ഗക്കാർക്ക് മാറ്റി വെക്കുന്നു. വനിതാ കോപ്ലക്സുകൾ, ബാലവാടി, അംഗനവാടി എന്നിവക്കുള്ള കക്കൂസുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നു.

### മില്യൻ വെൽ സ്കീം.

ജവഹർ റോസ്കർ യോജനക്കായി ലഭിക്കുന്ന വിഹിതത്തിന്റെ 30% ഈ പദ്ധതിക്കായി നീക്കി വെക്കുന്നു. ദാരിദ്ര്യ രേഖക്ക് താഴെ ഉള്ള കുടുംബങ്ങൾക്കും, കൃഷി ആവശ്യത്തിനായി കിണർ കുഴിക്കുന്നതിനും, മറ്റു ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഈ പദ്ധതിവഴി നടപ്പാക്കുന്നു.

### കൈ തൊഴിലുപകരണ വിതരണ പരിപാടി

ഗ്രാമീണകൈതൊഴിലുകാർക്ക് അവരുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതിന്നും, വരുമാനം മെച്ചപ്പെടുത്തുന്നതിന്നും, സഹായിക്കുന്ന പദ്ധതിയാണിത്. 1992 - 93 മുതലാണ് ഈ പരിപാടി തുടങ്ങിയത്. മരപ്പണി, കരുവാൻ പണി, മൺപാത്രനിർമ്മാണം, സ്വർണ്ണപ്പണിക്കാരൻ, ചെരുപ്പു നിർമ്മാണം എന്നിവക്കാണ് സഹായം നല്കുന്നത്. 45000 രൂപ വരെ സഹായം നല്കുന്ന ഈ പദ്ധതിയിൽ 10% തുക ഗുണഭോക്താവ് കണ്ടെത്തണം.

### സോഷ്യൽ ഫോറസ്ട്രി

സാമൂഹ്യ വനവൽക്കരണ പരിപാടി അനുസരിച്ച് വിവധ ഇനത്തിലുള്ള ഏകദേശം 20,000 ഫല വൃക്ഷതൈകൾ ഈ പഞ്ചായത്ത് പ്രദേശത്ത് ഒരു വർഷം വിതരണം ചെയ്യുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സൗജന്യമായും, മറ്റുള്ളവർക്ക് 50% സബ്സിഡിയോടും ആണ് ഇവ വിതരണം ചെയ്യുന്നത്. മഹിളാ സമാജങ്ങൾ വഴിയാണ് മേൽ പറഞ്ഞ തൈകൾ ഉല്പാദിപ്പിക്കുന്നത്. കാർഷിക യൂണിവേഴ്സിറ്റിയിൽ നിന്നും തൈകൾ ശേഖരിച്ച് ഈ പദ്ധതിയിൽ കൂടി വിതരണം ചെയ്യുന്നുണ്ട്.

### പഠനോപകരണ വിതരണ പരിപാടി

പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപെട്ട കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിന് മേശയും കസേരയും സൗജന്യമായി നല്കുന്നത്.

### I. A. Y.

ദാരിദ്ര്യരേഖക്ക് താഴെ നിവസിക്കുന്ന വാസയോഗ്യമായ വീടില്ലാത്തവർക്ക് പാർപ്പിടം നിർമ്മിക്കുന്നതിന് സഹായം നല്കുന്നതാണ് ഈ പരിപാടി. മൊത്തം 22000 രൂപ ധന സഹായം നല്കുന്നു.

### I. R. Y

ഗ്രാമങ്ങളിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടിയാണിത്. ഗതാഗതസൗകര്യം, ഭവനനിർമ്മാണം, ജലസേചന സൗകര്യം, ഉല്പാദന വർദ്ധനവ് എന്നിവയാണ് ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്.

### C. C. D. P.

A സമഗ്ര നാളികേരവികസന പദ്ധതിക്ക് ലക്ഷ്യമിട്ടുകൊണ്ട് തെങ്ങു കൃഷി വികസിച്ചിരിക്കുന്നതിന്നും, നാളികേരം ഉല്പാദനം വർദ്ധിപ്പിക്കുന്നലേക്ക് ജല സേചന സൗകര്യം ഏർപ്പെടുത്തുന്നതിലേക്ക് കിണർ കുഴിക്കാനും പമ്പ് സെറ്റ്സ്ഥാപിക്കാനും മൊത്തം ചിലവിന്റെ 33 1/3% പരമാവധി 2500 രൂപ വരെ ധന സഹായം നല്കുന്നു.

B. 30 സെന്റ് സ്ഥലമുള്ള പട്ടികജാതി പട്ടിക വർഗ്ഗ കർഷകർക്ക് കിണർ കുഴിക്കുന്നതിന് 10000 രൂപ വരെ ധനസഹായം നല്കുന്നു.

C. തെങ്ങിന്റെ രോഗ പ്രതിരോധത്തിന് വേണ്ടി മരുന്നുകൾ തളിക്കുന്നതിന് ആവശ്യമായ സ്പ്രേയുകൾ വാങ്ങുന്നതിന്ന് 1000 രൂപ വരെ ധനസഹായം നല്കുന്നു

D. തെങ്ങുകയറ്റ തൊഴിലാളികളുടെ സൗകര്യാർത്ഥം തെങ്ങുകയറ്റ യന്ത്രം വാങ്ങുന്നതിന് ധന സഹായം നല്കുന്നു.

### I. P. D. S

സുഗന്ധ വ്യഞ്ജന വിളകളുടെ പ്രത്യേക വികസനത്തിനായിട്ടുള്ളതാണ് ഈ പദ്ധതി . ഇഞ്ചി, മഞ്ഞൾ, കുരുമുളക് എന്നിവയുടെ പ്രദർശനതോട്ടങ്ങളും, പുതിയതായി കൃഷി ചെയ്യുന്നതിന്നും ഈ പദ്ധതിയിൽ കൂടി സഹായങ്ങൾ നല്കുന്നു.

### നെൽകൃഷി

ഉല്പാദന ബോണസ്സ്, വളം സബ്സിഡി, വിള ഇൻഷ്യുറൻസ് തുടങ്ങിയ പദ്ധതികൾക്കുള്ള ധനസഹായം നൽകൽ.

### ഉപാധിരഹിത ഫണ്ട്.

ഗ്രാമ പഞ്ചായത്തുകളിലെ വികസന പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തുകളുടെ താത്പര്യമനുസരിച്ച് പദ്ധതികൾക്ക് രൂപം കൊടുക്കുകയും ആയത് നേരിട്ട് നടപ്പാക്കുകയും ചെയ്യുന്ന ഒന്നാണ് ഉപാധിരഹിത ഫണ്ട്.

### വിവിധ പെൻഷൻ പദ്ധതികൾ.

1. തൊഴിലില്ലായ്മ വേതനം നല്കൽ.
2. കർഷക തൊഴിലാളി പെൻഷൻ.
3. കർഷക തൊഴിലാളി ക്ഷേമ നിധി.
4. വിധവാ പെൻഷൻ.
5. വാർദ്ധക്യക്കാല പെൻഷൻ.
6. വികലാംഗ പെൻഷൻ.
7. വിധവകളുടെ മക്കൾക്ക് വിവാഹ സഹായം നല്കുന്നു.
8. പട്ടികജാതി പട്ടിക വർഗ്ഗത്തിൽപെട്ട പെൺകുട്ടികൾക്ക് വിവാഹ ധന സഹായം നല്കൽ.
9. മിശ്ര വിവാഹത്തിനുള്ള ധന സഹായം നല്കൽ
10. പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് പുര കെട്ടി മേയുന്നതിനുള്ള ധന സഹായം.
11. പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് വീടിന്റെ മേൽക്കൂര ഓടുമേയുന്നതിന് അനുവദിക്കുന്നതിനുള്ള ധന സഹായം.
12. ക്ഷയ രോഗികൾക്ക് അനുവദിക്കുന്ന ധന സഹായം.
13. കാൻസർ രോഗികൾക്ക് അനുവദിക്കുന്ന ധന സഹായം.
14. കുഷ്ഠരോഗികൾക്ക് അനുവദിക്കുന്ന ധന സഹായം
15. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വീടുകൾ വൈദ്യുതീകരിക്കുന്നതിനുള്ള ധന സഹായം.
16. താഴ്ന്ന വരുമാനക്കാർക്കുള്ള മരണാനന്തര ഇൻഷ്യൂറൻസ് സഹായം
17. അമ്മമാർക്കുള്ള പ്രസവാനുകൂല്യം,

# ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ

ഭൂപ്രകൃതിയനുസരിച്ച് മുള്ളൂർക്കരഗ്രാമപഞ്ചായത്ത പ്രദേശത്തെ മൂന്നായി തരം തിരിക്കാം. ഈ പഞ്ചായത്തുപ്രദേശത്തിൻെറ മൊത്തം വിസ്തീർണ്ണം 4424.4172 ഹെക്ടർ ആണ്.

1. ഉയർന്ന കുന്നിൻ പ്രദേശങ്ങളും അതോടനുബന്ധിച്ച താഴ്‌വരകളും.
2. ചെറിയ കുന്നുകളും താഴ്‌വരകളും.
3. സമതലം

*ഇങ്ങനെ മൂന്നായി കിടക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം താഴെ വിവരിക്കുന്നു.*

| *ഇനം* | | *വിസ്തീർണ്ണം* | *ശതമാനം* |
|---|---|---|---|
| 1. ഉയർന്ന കുന്നുകളും താഴവരകും | | | |
| ഫോറസ്ററ് വക സ്ഥലങ്ങൾ | : | 2993.4578 ഹെക്ടർ | 67.65% |
| 2. ചെറിയ കുന്നുകളും താഴ്‌വരകളും | | | |
| പുരയിടങ്ങളായ സമതലമുൾപ്പെടെ | : | 949.1001 ഹെക്ടർ | 21.45% |
| 3. സമതലം നിലം | : | 400.1788 ഹെക്ടർ | 9.04% |
| 3. മററ് പ്രദേശം | : | 81.6805 ഹെക്ടർ | 1.84% |

*വനംപ്രദേശശത്തിൻെറയും പുറംപോക്കിൻെറയും വിവരങ്ങൾ*

**മുള്ളൂർക്കര വില്ലേജ്**

| | | | |
|---|---|---|---|
| 1. റിസർവ്വ് ഫോറസ്ററ് | : | 395.7816 ഹെക്ടർ | |
| 2. കരം പതിഞ്ഞ തരിശ് | : | 3.4958 | " |
| 3. വില്ലേജ് റിസർവ്വ് | : | 1.3679 | " |
| 4. റയിൽവേ ഏക്ലാസ്സ് | : | 11.3848 | " |
| 5. റയിൽവേ ക്വാട്ടേഴ്സ് | : | 0.0455 | " |
| 6. റോഡ് | : | 11.4066 | " |

| | | | |
|---|---|---|---|
| 7. സാൾട്ട് പോസ്റ്റ് | : | 0.0121 | " |
| 8. പാറ | : | 5.5725 | " |
| 9. ഇടവഴികൾ | : | 2.6744 | " |
| 10. ശേദനസ്ഥലം | : | 0.0303 | " |
| 11.വണ്ടിപേട്ട | : | 0.1254 | ഹെക്ടർ |
| 12. വഴിയമ്പലം | : | 0.3116 | " |
| 13. തോട് | : | 4.5344 | " |
| 14. കിണർ | : | 0.0121 | " |
| 15. റയിൽവേ ബി ക്ലാസ് | : | 3.1285 | " |
| ആകെ | | 439.8785 ഹെക്ടർ | |

## ആററൂർ വില്ലേജ്

| | | | |
|---|---|---|---|
| 1. റിസർവ് ഫോറസ്റ്റ് | : | 2597.6762 ഹെക്ടർ | |
| 2. റോഡ് | : | 16.4371 | " |
| 3. ഇടവഴി | : | 0.3586 | " |
| 4. തോട് | : | 4.0792 | " |
| 5. കിണർ | : | 0.0268 | " |
| 6. വഴിയമ്പലം | : | 0.0769 | " |
| 7. യു.പി.സ്ക്കൂൾ | : | 0.2023 | " |
| 8. ജി.യു.പി.എസ്. | : | 0.3974 | " |
| 9. റയിൽവ്വേ | : | 6.8592 | " |
| ആകെ | : | 2638.7556 ഹെക്ടർ | |

# പഞ്ചായത്തിലെ ജനസംഖ്യ
# വിവിധമേഖലകളിലെ സ്ഥാപനങ്ങളുടെ വിവരം
# പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വിവരം

## ജനസംഖ്യ 1991

| കോഡ് നമ്പർ | പഞ്ചായത്തിൻെറ പേര് | വിസ്തീർണ്ണം Sq.K.M | വീടുകളുടെ എണ്ണം | വീട്ടുടമളുടെ എണ്ണം | ആകെ ജനസംഖ്യ (സ്ഥാപനങ്ങളും വീടുകളും അടക്കം) | | | ആകെ ജനസംഖ്യ 0-6 വയസ്സ് | | | പട്ടിക ജാതിക്കാർ | | പട്ടിക വർഗ്ഗക്കാർ | | സാക്ഷരരുടെ എണ്ണം | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| | | | | | P | M | F | P | M | F | M | F | M | F | M | F |
| 0419 | മുളളൂർക്കര | 44.28 | 2824 | 2848 | 15987 | 7628 | 8359 | 2208 | 1120 | 1088 | 901 | 920 | 6 | 5 | 5848 | 5897 |

## പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളുടെ വിവരങ്ങൾ.

| | | | |
|---|---|---|---|
| 1. പ്ലാസ്ററിക്ക് യൂണിററ് | : | 25 | എണ്ണം |
| 2. തീപ്പെട്ടി കമ്പനി | : | 6 | " |
| 3. റൈസ് മിൽ | : | 15 | " |
| 4. മരക്കമ്പനി | : | 2 | " |
| 5. ഫർണീച്ചർ നിർമ്മാണം | : | 5 | " |
| 6. പലചരക്ക് കച്ചവടം | : | 57 | " |
| 7. ഹോട്ടൽ ആൻറ് ചായക്കട | : | 62 | " |
| 8. സൂപ്പർ മാർക്കററ് | : | 1 | " |
| 9. സ്വർണ്ണക്കട | : | 1 | " |
| 10. തുണിക്കച്ചവടം | : | 9 | " |
| 11. സ്റേറഷനറിക്കട | : | 67 | " |
| 12. ഉണക്കമീൻകട | : | 1 | " |
| 13. മാംസവിൽപ്പന | : | 3 | " |
| 14. ഇറച്ചിക്കോഴി വിൽപ്പന | : | 3 | " |
| 15. വിറക്പേട്ട | : | 6 | " |
| 16. വർക്ക്ഷോപ്പ് | : | 9 | " |
| 17. പൊതുവിതരണകേന്ദ്രം | : | 6 | " |
| 18. അലോപ്പൊതി മരുന്ന്ശാല | : | 2 | |
| 19. ആയുർവ്വേദ മരുന്ന്ശാല | : | 3 | " |

| | | | |
|---|---|---|---|
| 20. ബാങ്ക്, കോ.ബാങ്ക് | : | 3 | “ |
| 21. സ്വകാര്യപണമിടപാട് സ്ഥാപനം | : | 2 | “ |
| 22. ഹൈസ്ക്കൂൾ | : | 1 | “ |
| 23. അപ്പർ പ്രൈമറി സ്ക്കൂൾ | : | 2 | “ |
| 24. ലോവർ പ്രൈമറി സ്ക്കൂൾ | : | 2 | “ |
| 25. പാരലൽ കോളേജ് | : | 3 | “ |
| 26. ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ | : | 2 | “ |
| 27. അംഗനവാടികൾ | : | 13 | “ |
| 28. പോസ്ററാഫീസ് | : | 3 | “ |
| 29. റെയിൽവേസ്റേറഷൻ | : | 1 | “ |
| 30. പ്രൈമറി ഹെൽത്ത് സെൻറർ | : | 1 | “ |
| 31. സബ്സെൻറർ | : | 3 | “ |
| 32. വായനശാല | : | 3 | “ |
| 33. ക്ലബ്ബുകൾ | : | 29 | “ |
| 34. വില്ലേജ് ആഫീസ് | : | 1 | “ |
| 35. കൃഷിഭവൻ ആഫീസ് | : | 1 | “ |
| 36. വി.ഇ.ഒ. ആഫീസ് | : | 1 | “ |
| 37. ആയുർവ്വേദ ആശുപത്രി | : | 1 | “ |
| 38. അമ്പലങ്ങൾ | : | 14 | “ |
| 39. മുസ്ലീം പള്ളി | : | 10 | “ |
| 40. കൃസ്ത്യൻ ദേവാലയം | : | 4 | “ |
| 41. കന്യാസ്ത്രി മഠങ്ങൾ | : | 4 | “ |
| 42. വനിതാ യൂണിററ് | : | 3 | “ |
| 43. മെററൽ ക്രഷറിയൂണിററ് | : | 2 | “ |
| 44. ചെരിപ്പുനിർമ്മാണശാല | : | 5 | “ |
| 45. കരിങ്കൽ കോറി | : | 3 | “ |
| 46. അച്ചാർ ആൻറ് കൊണ്ടാട്ടനിർമ്മാണം | : | 4 | “ |
| 47. പപ്പട നിർമ്മാണശാല | : | 7 | “ |
| 48. കിടക്ക നിർമ്മാണ ശാല | : | 7 | “ |
| 49. സിനിമാശാല | : | 1 | “ |
| 50. ബാർബർ ഷോപ്പ് | : | 9 | “ |
| 51. വനിതാ തയ്യൽ പരിശീലനകേന്ദ്രം | : | 2 | “ |

## മുള്ളൂർക്കര പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ

| | | |
|---|---|---|
| 1. ഓലപ്പുര | : | 389 എണ്ണം |
| 2. ഷീററ് മേഞ്ഞത് | : | 29 “ |
| 3. ഓട് മേഞ്ഞത് | : | 3026 “ |
| 4. വാർപ്പ് കെട്ടിടം | : | 402 “ |
| ആകെ. | | 3846 |

## വിവിധമേഖലകളിൽ തൊഴിലെടുക്കുന്നവരുടെ വിവരം

| ക്രമ നമ്പർ | തൊഴിൽ | പുരുഷൻ | സ്ത്രീ | മൊത്തം | പഞ്ചായത്തിന് പുറത്തുള്ളവർ |
|---|---|---|---|---|---|
| 1. | കൃഷിക്കാർ. | 2309 | — | 2309 | — |
| 2. | കർഷകതൊഴിലാളികൾ | 462 | 967 | 1159 | — |
| 3. | പ്ലാസ്ററിക് വ്യവസായം | 74 | 60 | 134 | 83 |
| 4. | തീപ്പെട്ടി കമ്പനിതൊഴിലാളി | 21 | 77 | 98 | 4 |
| 5. | കിടക്കനിർമ്മാണം | 19 | 57 | 76 | 9 |
| 6. | ചെരുപ്പ് നിർമ്മാണം | 39 | 1 | 40 | 3 |
| 7. | മരമിൽതൊഴിലാളി | 9 | — | 9 | 1 |
| 8. | പാറപണി | 37 | 19 | 56 | 11 |
| 9. | ബീഡിനിർമ്മാണം | — | 92 | 92 | — |
| 10. | ഹോളോബ്രിക്സ് ആൻറ് കട്ടിള ജനൽ വാർപ്പ് | 4 | 14 | 18 | 10 |
| 11. | സ്വർണ്ണപണി | 31 | 3 | 16 | — |
| 12. | മരപണി. | 135 | — | 135 | — |
| 13. | ചെത്തുതൊഴിലാളികൾ | 27 | — | 27 | — |
| 14. | കരുവാൻ പണി | 23 | 11 | 34 | — |
| 15. | മൺപാത്രനിർമ്മാണം | 13 | 7 | 20 | — |
| 16. | പപ്പടനിർമ്മാണം | 8 | 9 | 17 | — |
| 17. | കരിങ്കൽക്രഷറി യൂണിററ് | 16 | 21 | 37 | 2 |
| 18. | കെട്ടിട നിർമ്മാണം | 97 | 69 | 156 | — |
| 19. | റെയിൽവെ തൊഴിലാളികൾ | 71 | 43 | 114 | — |
| 20. | വിവിധ സർക്കാർ മേഖലകൾ | 22 | 137 | 363 | — |
| 21. | റബ്ബർ തോട്ടം മേഖല | 76 | 96 | 172 | — |
| 22. | റൈസ്മിൽ തൊഴിലാളികൾ | 15 | — | 15 | — |
| 23. | മോട്ടോർ വർക്ക് ഷോപ്പ് | 35 | — | 35 | — |
| 24. | വാഹനം ഓടിക്കുന്നവർ | 117 | — | 117 | — |
| 25. | വിവിധ കച്ചവടമേഖല | 1019 | 29 | 1048 | — |
| 26. | തയ്യൽ തൊഴിലാളികൾ | 108 | 73 | 181 | — |
| 27. | ഷോപ്പ് തൊഴിലാളികൾ | 396 | 27 | 423 | — |

മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്



# കൃഷി

മുള്ളൂർക്കര ഗ്രാമപഞ്ചായത്തിലെ പ്രധാനവിള നെൽകൃഷിയാണ്. മഴയെ ആശ്രയിച്ചുള്ള കൃഷിരീതിമാത്രമാണ് ഇവിടെയുള്ളത്. ഒന്നാം വിളയായി 400 ഹെക്ർ സ്ഥലത്ത് നെൽകൃഷിചെയ്യുന്നുണ്ട്. രണ്ടാം വിളയായി 362 ഹെക്ടർ സ്ഥലത്തും മൂന്നാം വിളയായി 17 ഹെക്ടർ സ്ഥലത്തും നെൽകൃഷി ചെയ്യുന്നുണ്ട്. ആദ്യകാലങ്ങളിൽ നിന്നും കൃഷിഭൂമികൾ കൂടുതൽ കൂടുതൽ തുണ്ടുകളായി മാറിയിരിക്കുകയാണ്. പഴയകാലത്തെ നെൽവിത്തുകളായ തവളക്കണ്ണൻ, വെളുത്തിരികാഴ്മ, കട്ടമോടൻ, തുടങ്ങിയ നെൽവിത്തുകളൊന്നും ഇപ്പോൾ കൃഷിചെയ്യുന്നില്ല എന്നുതന്നെ പറയാം. പുതിയതരം നെൽവിത്തുകളാണ് പ്രധാനമായും ഉപയോഗിച്ചുവരുന്നത്. ശരാശിര വിരിപ്പിനും, മുണ്ടകനും ഉള്ള നെല്ലുല്പാദനം 15 മുതൽ 20 മേനി വരെ ലഭിക്കുന്നുണ്ട്. കൃഷിപണിയ്ക്ക് ഇന്നുള്ള ബുദ്ധിമുട്ടുകളും നഷ്ടങ്ങളും കാരണം കൃഷിഭൂമി തരിശായി കിടക്കുന്നതു കാണുന്നു. നെൽകൃഷിപണിക്ക് പ്രധാനമായി ജൈവവളങ്ങളുടെ ചേരുവ വളരെ കുറവാണ്.

ഈ പഞ്ചായത്തു പ്രദേശത്ത് മണ്ണ് തെങ്ങുകൃഷിയ്ക്ക് താരതമ്യേന അനുയോജ്യമാണ്. മഴയെമാത്രം ആശ്രയിച്ചുള്ള തെങ്ങുകൃഷിസമ്പ്രദായമാണ് ഭൂരിഭാഗവും. വർഷത്തിൽ ആറുമാനസത്തിലധികവും മഴലഭിയ്ക്കാത്ത സാഹചര്യത്തിൽ തെങ്ങിൻെറ വളർച്ചയേയും ഉൽപാദനവും കാര്യമായി കുറയുന്നുണ്ട്. ഭാഗികമായി നെൽപ്പാടങ്ങളിൽ തെങ്ങുകൃഷി ചെയ്യുന്ന സമ്പ്രദായവും നിലവിൽ ഉണ്ട്.

മറെറാരു പ്രധാനപ്പെട്ട കൃഷിയാണ് റബ്ബർ. അടുത്തകാലത്തായിട്ടാണ് റബ്ബർകൃഷിയോടുള്ള താൽപ്പര്യം കൂടുതലായിട്ട് വന്നത്. ഇവിടത്തെ ഏററവും കൂടുതൽ റബ്ബർ കൃഷിയുള്ള പ്രദേശം കണ്ണംപാറ, ഇരുനിലംകോടിൻെറ വടക്കുഭാഗം, മണ്ണുവട്ടം, വാഴക്കോട്, മണലാടിപാറപ്പുറത്തിനുസമീപം, കമ്പനിപടിയുടെ സമീപപ്രദേശങ്ങൾ, മുള്ളൂർക്കര നസ്റത്ത് സെൻററിനുസമീപം എന്നിവടങ്ങളിൽ കൂട്ടമായി റബ്ബർ കൃഷിയുണ്ട്. മററ് കൃഷികളെക്കാൾ റബ്ബർകർഷകർ താരതമ്യേന തൃപ്തരായി കാണപ്പെടുന്നുണ്ട്.

കവുങ്ങ് കൃഷിയെപററി പറയുമ്പോൾ മഴയുടെ കുറവും വെള്ളത്തിൻെറ ലഭ്യതയും ഒക്കെ കവുങ്ങ് കൃഷിയെ സാരമായി ബാധിക്കുന്നതായി കാണുന്നു. എന്നിരുന്നാലും കർഷകർ പൂർണ്ണമായും കവുങ്ങ്കൃഷിയിൽ നിന്നും പിൻമാറിയിട്ടില്ല എന്ന് കാണാൻ സാധിക്കും. കുരുമുളക് കൃഷിയുടെ വലിയതോട്ടങ്ങൾ ഇല്ലെങ്കിലും സാമാന്യം ഭൂരിഭാഗം കർഷകരുടെ വീടുകളിലും കുരുമുളക് കൃഷിയുണ്ട്. കുമിൾ രോഗങ്ങളും, വെള്ളത്തിൻെറ പോരായ്മകളും കൃഷിയെ സാരമായി ബാധിക്കുന്നുണ്ട്. ഇവിടുത്തെ

മറെറാരുപ്രധാനപ്പെട്ട കൃഷിയാണ് നേന്ത്ര വാഴകൃഷി വേനൽ കാലങ്ങളിൽ ഭാഗീ ഗമായിട്ടെങ്കിലും വെള്ളം കിട്ടാൻ സാധ്യ തയുള്ള സ്ഥലങ്ങളിലും കർഷകർ നേന്ത്രവാഴകൃഷിചെയ്യുന്നുണ്ട്. താരത മ്യേന നഷ്ടം വരാത്ത ഒരു കൃഷിയാ ണ്. നേന്ത്രവാഴകൃഷി. കൂമ്പടയലും, കരി ക്കുകേടും ഒക്കെ ഈ കൃഷിയെ സാര മായി ബാധിക്കുന്നുണ്ട്. ഈ കൃഷിക്കുള്ള മറെറാരപകടം വേനൽകാലത്തിനുശേഷം വരുന്ന പുതുമഴയെ തുടർന്നുള്ള കാറ റാണ്. പല വാഴത്തോട്ടങ്ങളും പൂർണ്ണ മായും ഭാഗീകമായും നശിച്ചുപോകുന്ന കാഴ്ച ഭീകര ദൃശ്യമാണ്. ഈ പഞ്ചാ യത്തിലെ ഏററവും കൂടുതൽ നേന്ത്ര വാഴകൃഷി ചെയ്യുന്നത് മൂന്നാം വാർഡി ലെ കണ്ണംപാറയിലാണ്. രണ്ടാമത് എഴാം വാർഡിലെ കാരക്കാട് പ്രദേശത്താണ്. മരച്ചീനികൃഷി കർഷകർ പാടെ നിർത്തി എന്നുതന്നെ പറയാം. എന്നാൽ വാഴ ത്തോട്ടങ്ങളിൽ ഇടവിളയായി മരച്ചീനി കൃഷി ചെയ്യുന്നുണ്ട്. പച്ചക്കറി കൃഷി യിൽ ഈ പഞ്ചായത്തിലെ ഒന്ന് രണ്ട്, മുന്ന്, നാല്, എഴ്, വാർഡുകളിൽ ധാരാ ളമായികൃഷിചെയ്യുന്നുണ്ട്. പയർ, പാവ യ്ക്ക, വെണ്ട, എന്നിവയാണ് കൂടുത ലായും കൃഷിചെയ്യുന്നത്. അമിതമായ രാസവളപ്രയോഗവും ജൈവവളങ്ങളുടെ ലഭ്യത കുറവും പച്ചക്കറി ഉൽപാദനത്തെ സാരമായി ബാധിച്ചതായി കാണുന്നുണ്ട്. എന്നിരുന്നാലും പച്ചക്കറി കൃഷിക്ക് തൽപ രരയാ ധാരാളം കൃഷിക്കാർ ഇവിടെ യുണ്ട് എന്നതാണ് വസ്തുത. കിഴങ്ങു വർഗ്ഗ കൃഷികളിൽപ്പെട്ട ഇഞ്ചി, മഞ്ഞൾ, കൂർക്ക. ചേന എന്നിവ നല്ലരിതിയിൽ കൃഷിചെയ്യുന്ന കർഷകരും ഇവിടെ ഉ ണ്ട്. ഏഴ്, ഒന്ന്, രണ്ട്, മൂന്ന്, ആറ്, വാർഡുകളിൽ ഇത്തരം കൃഷിക്കാർ കൂടു തലായും ഉണ്ട്.

വിളകളുടെ തരം തിരിവ്

| | ഇനം | വിസ്തീർണ്ണം |
|---|---|---|
| 1. | നെല്ല് ഒന്നാംവിള | 400 ഹെക്ടർ |
| 2. | നെല്ല് രണ്ടാംവിള | 362 ഹെക്ടർ |
| 3. | നെല്ല് മൂന്നാംവിള | 17 ഹെക്ടർ |
| 4. | പയർ | 31 ഹെക്ടർ |
| 5. | എള്ള് | 8 ഹെക്ടർ |
| 6. | പച്ചക്കറികൾ | 27 ഹെക്ടർ |
| 7. | തെങ്ങ് | 409 ഹെക്ടർ |
| 8. | വാഴ | 93 ഹെക്ടർ |
| 9. | മരച്ചീനി | 3 ഹെക്ടർ |
| 10. | കുരുമുളക് | 19 ഹെക്ടർ |
| 11. | റബ്ബർ | 253 ഹെക്ടർ |
| 12. | കവുങ്ങ് | 18 ഹെക്ടർ |
| 13. | മാവ് | 16 ഹെക്ടർ |
| 14. | കശുമാവ് | 49 ഹെക്ടർ |
| 15. | പ്ലാവ് | 12 ഹെക്ടർ |

## പോരായ്മകൾ

1. നെൽകൃഷി മഴയെ മാത്രം ആശ്രയിച്ച് ചെയ്യുന്ന സമ്പ്രദായം.

2. പൊടിവിത യഥാസമയത്ത് നടത്താൻ പററുന്നില്ല.

3. ജലസേചന സൗകര്യങ്ങൾ ആവശ്യ ത്തിനുപോലും ഇല്ല.

4. ആവശ്യമുള്ള കൃഷിക്കാർക്ക് വൈദ്യുതി ലഭിക്കുന്നില്ല.

5. വൈദ്യുത ലഭിച്ച കൃഷിക്കാർക്ക് വോൾട്ടേജ് ക്ഷാമം മൂലം വൈദ്യുതി ഉപയോഗപ്രമല്ല.

6. ജൈവവളങ്ങളുടെ ലഭ്യതക്കുറവ്

7. പച്ചിലതോല് കിട്ടാനില്ല.

8. അമിതമായ രാസവളപ്രയോഗങ്ങൾകൊണ്ടുണ്ടായിട്ടുള്ള തകരാറ്.

9. രാസവളപ്രയോഗങ്ങളുടെ അവബോധം.

10. രാസവളങ്ങളുടേയും കീടനാശിനികളുടേയും വിലവർദ്ധനവ്.

11. വേണ്ടത്ര കർഷകത്തൊഴിലാളികളുടെ ലഭ്യതക്കുറവ്.

12. കർഷകതൊഴിലാളികളുടെ കൂലി വർദ്ധനവ്.

13. വളർന്നുവരുന്ന യുവതീയുവാക്കൾക്ക് കാർഷിക ജോലിയോടുള്ള വിരക്തി.

14. കൃഷിഭവൻെറ സേവനം വേണ്ടത്ര അളവിൽ ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1. ജലസേചനത്തിന് സൗകര്യപ്രദമായ പൊതുകുളങ്ങൾ സംരക്ഷിക്കുക.

2. പൊതുവായ നീർചാലുകൾ സംരക്ഷിക്കുക.

3. പൊതു നീരുറവകൾഉള്ള സ്ഥലങ്ങളിൽ ചെക്ക്ഡാമുകൾ നിർമ്മിച്ച് വെള്ളം തടഞ്ഞ് നിർത്തുക.

4. കർഷകർക്ക് എളുപ്പമായ മാർഗ്ഗത്തിൽ വോൾട്ടേജോടുകൂടി വൈദ്യുത ലഭ്യമാക്കുക.

5. അനാവശ്യമായ വൈദ്യുതി ചാർജ്ജിൽ നിന്നും കൃഷിക്കാരെ ഒഴിവാക്കുക.

6. കാർഷിക ഉല്പന്നങ്ങൾ പിവണനത്തിനുകൊണ്ടുപോകാൻ ഗതാഗത സൗകര്യങ്ങൾക്കുവേണ്ട റോഡുകൾ നിർമ്മിച്ചുകൊടുക്കുക.

7. കാർഷിക ഉത്പന്നങ്ങളുടെ വിപണനത്തിന് പഞ്ചായത്ത് തലത്തിൽ ഉൽപ്പനന്ന വിപണനസംഘം രൂപീകരിക്കുന്നതിനെപററി ആലോചിക്കുകയും കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ തേടുകയും ചെയ്യുക.

8. പഞ്ചായത്ത് ആസ്ഥാനമായുള്ള കൃഷിഭവൻ ആഫീസിൽ കാർഷിക വിദഗ്ദ്ധരായ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുക.

9. മുള്ളൂർക്കരയിൽ ഒരു നേഷണ ലൈസ് ബാങ്ക് സ്ഥാപിക്കുക.

❑

# ജലസേചനം

മഴയെ മാത്രം ആശ്രയിച്ച് നടത്തുന്ന കൃഷി രീതികളാണ് ഈ പഞ്ചായത്തിലുള്ളത്. ജലസേചനത്തിൻെറ കാര്യത്തിൽ കൃഷിക്കാർക്ക് വളരെ ഉപകാരപ്രദമായ ഒട്ടേറെ പൊതുകുളങ്ങളും, തോടുകളും, നീരുറവകളും നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ട്. ആദ്യമായി നമ്മുടെ പഞ്ചായത്തിലെ പൊതു കുളങ്ങളെപററി പരിശോധിക്കാം. കണ്ണംമ്പാറ ചണ്ടിക്കുളം, മുക്കാലേക്കറ ഉൾവിസ്താരമുള്ള കുളത്തിൽ നിന്നും ഒഴുകിവരുന്ന വെള്ളം കണ്ണംമ്പാറ മുതൽ താഴോട്ട് മുള്ളൂർക്കര കോട്ടംകുളം വരെയുള്ള നെൽകൃഷിക്ക് ഉപയോഗിക്കുന്നു. ഈ കുളം താഴ്ത്തി വെള്ളം സംഭരിച്ച് നിർത്തിയാൽ നെൽകൃഷിക്കുമാത്രമല്ല വാഴ, കവുങ്ങ്, മററ് കാർഷിക വിളകൾ, പച്ചക്കറി കൃഷികൾ എന്നിവയ്ക്ക് ഫലപ്രദമായി ഉപയോഗിച്ചിട്ട് ഈ പ്രദേശത്തെ സമനിരപ്പിൽനിന്നും ശരാശരി 30 മുതൽ 45 അടിവരെ ഉയരത്തിലാണ് ഈ കുളം സ്ഥിതിചെയ്യുന്നത്. കുളത്തിൽ വെള്ളം സംഭരിച്ച് നിർത്തിയാൽ മററു സാമ്പത്തികചിലവുകളില്ലാതെ സ്വഭാവികമായി ഒഴുകിവരുന്ന വെള്ളം കൃഷിക്കാർക്ക് ഉപയോഗിക്കുവാൻ സാധിക്കും. കൂടാതെ കാഞ്ഞിരശ്ശേരിയിലെ ചളങ്ങോട് കുളം ഒന്നാംവാർഡിലെ തേവർകുളം, മൂന്നാം വാർഡിലെ കടമാൻകുളങ്ങരകുളം, ഇറക്കാട്ട് കുളം, കാഞ്ഞിരശ്ശേരിയിലെ പുത്തൻകുളം, ഇരുനിലംകോട് പുത്തൻകുളം, ചെമ്പൽപടിയിലെ കുളം, ആറാംവാർഡിലെ നായിടികുളം, വാഴക്കോട്ടുകുളം, നാലാം വാർ ഡിലെ മാരാത്തുപടി കുളം, അഞ്ചാം വാർഡിലെ കോട്ടക്കുളം, ഏഴാം വാർ ഡിലെ പനഞ്ചിക്കൽ കുളം, പാറത്തൊടി കുളം, മേലേകുളം, 8-ാം വാർഡിലെ മണലാടി കുളം, 9-ാം വാർഡിലെ അയ്യപ്പൻകുളം, 3-ാം വാർഡിലെ റെയിൽവേ അധീനതയിലുള്ള അരിശ്ശേരിക്കുളം എന്നിവ ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട പൊതുകുളങ്ങളാണ്. ഇവയിൽ കോട്ടക്കുളവും മണലാടികുളവും പനഞ്ചിക്കൽ കുളവും വളവ് മേലേക്കുളവും വാഴേക്കോട് നായാടികുളവും വാഴേക്കാട് കുളവും, ആററൂർ അയ്യപ്പൻകുളവും പണികഴിപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ഇവ വീണ്ടും അററകുററ പണികൾ തീർത്തും മററ് കുളങ്ങൾ പുതിയതായി താഴ്ത്തി സൈഡ് കെട്ടി വെള്ളം സംഭരിച്ചൽ ഈ പഞ്ചായത്ത് പ്രദേശത്ത് കാർഷിക രംഗത്ത് ജലസേചനസൗകര്യങ്ങളുടെ ഒരു വലിയ ശൃഖലമായി മാറും.

കൂടാതെ വേനൽക്കാലങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കുടിവെള്ളക്ഷാമം ഒരു വലിയ അളവോളം പരിഹരിക്കുവാനും സാധിക്കും. നമ്മുടെ പഞ്ചായത്തിലെ മററു ചില പ്രധാനപ്പെട്ട ജലസ്രോതസ്സുകളുടെ കാര്യമെടുക്കാം. അതിലൊന്നാണ്. കാഞ്ഞിരശ്ശേരിയിലെ തുടിയൻചിറ. ഈ ചിറ ഇന്ന് മണ്ണിടഞ്ഞ്

തൂർന്നു കിടക്കുകയാണ്. എന്നിട്ടും വേനൽക്കാലത്തും ഇവിടെ സ്വാഭാവിക നീരുറവ് ലഭിക്കുന്നു. ചുററും റബ്ബറും കശുമാവും തെങ്ങും മററു പല വൃക്ഷങ്ങളും ഉള്ള രണ്ട് കുന്നിൻചെരിവുകളുടെ മടിത്തട്ടിൽ സ്ഥിതിചെയ്യുന്ന ഈ നീർതടാകം കാഞ്ഞിരശ്ശേരി പ്രദേശത്തെ സമനിരപ്പായ നെൽപ്പാടങ്ങളിൽ നിന്നും 33 മുതൽ 39 അടി വരെ ഉയരത്തിലാണ് സ്ഥതിചെയ്യുന്നത്. തടാകത്തിൻെറ താഴെയുള്ള റബ്ബർ തോട്ടത്തിലെ ചെറിയ ചതുരകുളത്തിൽ അവിടുത്തെ ഭൂമിയുടെ നിരപ്പിൽ നിന്നും ഒന്നര അടി താഴ്ചയിൽ ഇപ്പോൾ വെള്ളം നിൽക്കുന്നത് കാണാൻ കഴിഞ്ഞിട്ടുണ്ട്. ഈ തടാകം താഴ്ത്തി കെട്ടിസംരക്ഷിക്കണം. വേറൊരു പ്രധാനപ്പെട്ട ജലസ്രോതസ്സാണ് ഇരുന്നിലംകോട് പാലിയം ചിറ. രണ്ട് വശവും ഫോറസ്ററ് വക കുന്നുകളും. ഇതിൻെറ നടുവിലായി വർഷങ്ങൾക്ക് മുമ്പ് അവിടുത്തെ നാട്ടുകാർ ഒരു സ്വകാര്യവ്യക്തിയുടെ കയ്യിൽ നിന്നും വാങ്ങിച്ച് അന്നത്തെ വരവൂർ പഞ്ചായത്തിന് ദാനമായി കൊടുത്തിട്ടുള്ളതാണ് 2 ഏക്കർ 20 സെൻറ് വിസ്തീർണ്ണമുള്ള പാലിയം ചിറ തടാകം. ഇരുന്നിലംകോട് സമനിരപ്പ് കൃഷി ഭൂമിയിൽനിന്നും 25 മുതൽ 33 അടിവരെ ഉയരത്തിലണ് ഈ നീർതടാകം സ്ഥിതിചെയ്യുന്നത്. ഇവിടെ ചെക്ക് ഡാം കെട്ടി വെള്ളം സംഭരിച്ച് നിർത്തിയാൽ അതിൽനിന്നും സ്വാഭാവികമായി ഒഴുകിവരുന്ന വെള്ളംകൊണ്ട് ഇരുന്നിലംകോട് കൃഷിക്കാർക്ക് വലിയ നേട്ടമുണ്ടാക്കാൻ സാധിക്കും. ഈ പദ്ധതി പ്രവർത്തനപതത്തിൽ കൊണ്ടുവരണം. വേറൊരു നീരുറവയാണ് ഫോറസ്ററിലെ മുടവാറ തടാകം. മുള്ളൂർക്കര സമനിരപ്പ് പ്രദേശത്തുനിന്നും 60 മുതൽ 75 അടിവരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ തടാകം വലിയ പാറക്കുന്നുകളുടെ ഇടയിൽ നിന്ന് ഉത്ഭവിക്കുന്നതാണ്. ഇവിടെ ചെക്കാ ഡാം നിർമ്മിച്ച് വെള്ളം സംഭരിച്ചുനിർത്തിയാൽ കൃഷിക്കാർക്കും, പൊതുജനങ്ങൾക്കും അത്യധികം ഗുണകരമായ നേട്ടമുണ്ടാക്കാൻ സാധിക്കും.

പിന്നൊരു പ്രധാനപ്പെട്ട ചോലയാണ് 7ാം വാർഡിലെ ഭരണിപച്ചമലയുടെ വെളുത്തേടത്ത് പാറയിൽ നിന്നും ഉത്ഭവിച്ച് 6 കി. മീററോളം ദൂരത്തിൽ ഒഴുകിയാണ് കാരേക്കാട്ടെ എഴുത്തച്ഛന്മാരുടെ കുളമ്പ് എന്ന സ്ഥലത്ത് നെൽപ്പാടങ്ങളിൽ എത്തുന്നത്. ഈ ചോലയ്ക്ക് കുറുകെ തണ്ടാൻവെള്ളം, കാഞ്ഞിരം ചോല, വെററിലപ്പാറ എന്നീ സ്ഥലങ്ങളിൽ മൂന്ന് ചെക്ക്ഡാമുകൾ കെട്ടിനിർത്തിയാൽ 70 ഹെക്ടർ നെൽകൃഷിക്കും, അതിലേറെ വിസ്തീർണ്ണമുള്ള പറമ്പുകൃഷികൾക്കും വെള്ളം ലഭിക്കും. ഇവിടത്തെ സമനിരപ്പായ കൃഷിഭൂമിയിൽ നിന്നും കാഞ്ഞിരം ചോല തടാകത്തിലെക്ക് 300 മുതൽ 325 അടിവരെ ഉയരവും ഉയർന്നതലം കൃഷിഭൂമിയിൽനിന്ന് 270 മുതൽ 290 അടിവരെ ഉയരത്തിലാണ് ഈ അരുവിയും, തടാകവും സ്ഥിതിചെയ്യുന്നത്. അവിടെനിന്ന് താഴെക്കാണ് മുൻപറഞ്ഞ രണ്ട് തടയണകളും നിർമ്മിക്കേണ്ടത്. ഈ ചെക്കുഡാമുകൾ നിർമ്മിക്കുമ്പോൾ വനത്തിലെ യാതൊരു വൃക്ഷങ്ങൾക്കും കെടുപാടുകൾ സംഭവിക്കുകയില്ല എന്നുമാത്രമല്ല ഒരു വൃക്ഷവും വെട്ടിനശിപ്പിക്കാതെ മുൻപറഞ്ഞ തടയണകൾ നിർമ്മിക്കാൻ സാധിക്കും. ഇവിടെനിന്നും 2 കി. മീററർ കിഴക്കുമാറി തോട്ടം തടാകം എന്നൊരു സ്ഥലമുണ്ട്. ഈ തടാകത്തിൻെറ ഉത്ഭവം ഭരണിപ്പച്ച മലയിലെ മറെറാരു പ്രദേശമായ കാളമുക്കാരം എന്ന സ്ഥലത്തിൻെറ പടിഞ്ഞാറെ ചെരുവിലുള്ള ചെമ്പൊലിച്ചി

പാറയുടെ അടിയിൽനിന്ന് ഉത്ഭവിച്ച് ഒടുവിൻകുന്ന് മലഞ്ചരവിൽകൂടി വന്ന് തോട്ടം എന്ന സ്ഥലത്ത് തടാകമായി നിൽക്കുകയും, അവിടെനിന്ന് താഴോട്ട് ഒഴുകുകയും ചെയ്യുന്നുണ്ട്. ഈ തടാകത്തിൽ നിന്നും 800 മീററർ പടിഞ്ഞാറോട്ടൊഴുകി വയലിൽ എത്തുന്നു. ഇവിടെ 30 മീററർ നീളത്തിലും മധ്യഭാഗം 5 മീററർ ഉയരത്തിലും ഒരു തടയണ നിർമ്മിച്ചാൽ 55 ഹെക്ററർ നെൽപ്പാടങ്ങൾക്കും, 115 ഹെക്ററർ കരഭൂമികളിലെ തെങ്ങ്, കവുങ്ങ്, വാഴ മുതലായ കൃഷികൾക്കും വെള്ളം ഉപയോഗിക്കുവാൻ സാധിക്കും. സമനിരപ്പായ നെൽപ്പാടത്തുനിന്നും 130 മുതൽ 145 അടിവരെ ഉയരത്തിലാണ് ഈ തടാകം സ്ഥിതിചെയ്യുന്നത്. മററു കാർഷിക പുരയിടങ്ങളുടെ ഉയർന്ന സമനിരപ്പിൽനിന്നും 95 മുതൽ 105 അടിവരെ ഉയരത്തിലുമാണ് ഈ തടാകം നിൽക്കുന്നത്. പിന്നൊരു പ്രധാനപ്പെട്ട കുളമ്പാണ് കുളത്തുകുളമ്പ്. ഇവിടെ നിലവിൽ മണ്ണുകൊണ്ട് താല്ക്കാലിക ബണ്ടുകെട്ടി കൃഷിസ്ഥലങ്ങളിലേക്ക് വെള്ളം തിരിച്ചുകൊണ്ട്പോകുന്നുണ്ട്. വേനൽക്കാലങ്ങളിൽ തെങ്ങ്, വാഴ, കവുങ്ങ് എന്നിവയ്ക്കുവേണ്ടിയും ഭാഗികമായി വെള്ളം തടഞ്ഞ് കർഷകർ അവരുടെ പറമ്പുകളിൽ വെള്ളം എത്തിക്കുന്നുണ്ട്. 100 അടി നീളത്തിൽ 15 അടിമുതൽ 20 അടിവരെ ഉയരത്തിൽ ഒരു ചെക്ക് ഡാം നിർമ്മിച്ചാൽ 45 ഹെക്ടർ നെൽപാടത്തിനും, 87 ഹെക്ടർ പറമ്പുകൃഷികൾക്കും ഇത് ഉപകരിക്കും. നെൽപാടത്തുനിന്നും 45 അടിമുതൽ 50 അടിവരെ ഉയരത്തിലും, പറമ്പ്കൃഷിയുടെ ഉയർന്ന സമതലത്തിൽനിന്ന് 30 അടിമുതൽ 35 അടിവരെ ഉയരത്തിലുമാണ് ഈ കുളമ്പ് ചോല നിൽക്കുന്നത്. കൂടാതെ ഒലിച്ചിറ പാറയിൽ നിന്നും തുടങ്ങുന്ന കരുതനാൻ ചോലയും, ചൂലിപാറയിൽ നിന്നും ഉത്ഭവിക്കുന്ന പരിതപുറത്ത് കുളമ്പ് ചോലയും ഈ പഞ്ചായത്തിലെ പൊതു നീരുറവകളുടെ സങ്കേതങ്ങളാണ്. ഇവയ്ക്കുകുറുകെ ചെക്ക് ഡാമുകൾ നിർമ്മിച്ച് വെള്ളം സംഭരിച്ചു നിർത്താവുന്നതാണ്. ഫലപ്രദമായ വററാത്ത നീരുറവകളാണ് ഇവയൊക്കെ.

ഈ പഞ്ചായത്തിൽ ഫലപ്രദമായ തോടുകളുണ്ട്. അകമല ചുരത്തിൽ നിന്നും ഉത്ഭവിച്ച് റെയിൽപാളത്തിന് അരികൽക്കൂടി പാടവരമ്പ് വഴി ചക്കത്ത്പടി, കല്ലടി, തുമ്പറമ്പിൽ പടി, മണ്ഡലംകുന്ന് കല്ലഴിപടി, ആററൂർ വടക്കേപാടം വഴി കടന്നുപോകുന്ന തോട്. ഈ തോടിന് കുറുകെ 4 ചീർപ്പുകൾ ഇപ്പോൾ നിലവിലുണ്ട്. (1) ചക്കത്ത്പടി ചീർപ്പ് (2) പുത്തൻതോട് ചീർപ്പ് (3) കൊട്ടാരത്തിൽ കടവ് ചീർപ്പ് (4) കടയ്ക്കൽ ചീർപ്പ്. മറെറാരു പ്രധാനപ്പെട്ട തോടാണ് 7-ാം വാർഡിലെ കാരക്കാട് ഭരണപച്ച മലയിൽനിന്നും ഉത്ഭവിച്ച് കാരേക്കട് പാടത്തിൻെറ പടിഞ്ഞാറേ അരികിൽകൂടി വളവ് വഴി ഒടുങ്ങാട്ട് പടിക്കൽകൂടി ആററൂർ പാടത്തിൻെറ പടിഞ്ഞാറുഭാഗത്തുകൂടി കഴുങ്കിൽപടിക്കൽ മുൻപറഞ്ഞ തോട്ടിൽ ചെന്നുചേരുന്ന തോട്.

ഈ തോട്ടിൽ ഏന്തൽകെട്ടി രണ്ടാം വിളയ്ക്ക് കൃഷിക്കാർ വെള്ളം എടുക്കുന്നുണ്ട്. മറെറാരു പ്രധാന തോട് ഇരുന്നിലംകോട് പാലിയം ചിറയുടെ മുകളിലുളള റിസർവ് വനത്തിൽ നിന്നും തുടങ്ങി ഇരുന്നിലംകോട് വഴി കാഞ്ഞിരശ്ശേരിയിൽ നിന്നും ഉത്ഭവിച്ചുവരുന്ന തോടുമായി ബന്ധിച്ച് കണ്ണംമ്പാറ പാടത്തിൻെറ വടക്കേ അതിർത്തിയിൽ കൂടി മുള്ളൂർക്കര സെൻററിൽ എത്തി ഷോപ്പിങ്ങ് കോംപ്ലക്സിനുസമീപത്തായി

മെയിൻതോട്ടിൽ ചേരുന്നു. ഈ തോട്ടിൽ മുള്ളൂർക്കര സെൻററിൽ തടയണ നിർമ്മിച്ച് കൃഷിക്ക് വെള്ളമെടുക്കുന്നുണ്ട്. ഇവയെല്ലാം ഈ പഞ്ചായത്തിലെ ജലസമ്പത്തുകളാണ്.

## പോരായ്മകൾ

1. ഫലപ്രദമായ രീതിയിൽ കുളങ്ങളൊന്നും സംരക്ഷിച്ചിട്ടില്ല.

2. തോട്ടിലെ ചീർപ്പുകൾ ഫലപ്രദമല്ല.

3. തടാകങ്ങൾ ഒന്നുംതന്നെ കൃഷിക്കാർക്ക് ഉപയോഗിക്കാൻ പററുന്നില്ല.

നിർദ്ദേശങ്ങൾ:-

1. കണ്ണംമ്പാറ ചണ്ടിക്കുളം താഴ്ത്തി സൈഡ് കെട്ടി ജലം സംഭരിച്ച് നിർത്തുക.

2. ചളങ്ങോട് കുളം ചേറെടുത്ത് സൈഡ്കെട്ടി ജലം സംഭരിക്കുക.

3. ചെമ്പൻപടിയിലെ പച്ചക്കോളനി റോഡിനോട് ചേർന്നുകിടക്കുന്ന സ്വകാര്യകുളം പഞ്ചായത്തിലേക്ക് വിട്ട്വാങ്ങിച്ച് പുതിയതായി പണിതീർത്ത് ജലം സംഭരിച്ച് നിർത്തുക.

4. ഇരുന്നിലംകൊട് പാലിയംചിറ ചെക്ക്ഡാം നിർമ്മിച്ച് ജലം സംഭരിച്ച് നിർത്തുക.

5. മുടവാറ തടാകത്തിൽ ചെക്ക് ഡാം നിർമ്മിക്കുക.

6. കാരേക്കാട് തോട്ടം തടാകം സംരക്ഷിച്ചെടുക്കുക.

7. ഒരിക്കൽ പണിതിട്ടുള്ള കുളങ്ങളുടെ അററകുററപണികൾ തീർത്ത് ഫലപ്രദമായി വെള്ളം ശേഖരിച്ചുനിർത്തുക.

8. മാരത്തുപടി കുളം താഴ്ത്തി വെള്ളം സംഭരിക്കുക.

9. തോടുകളിടെ ചീർപ്പുകൾ അററകുററ പണികൾ നടത്തി പലകകളുടെ പോരായ്മകൾ പരിഹരിക്കുക.

10. നീർത്തട വികസന പദ്ധതി നടപ്പാക്കുക.

11. തുടിയൻചിറ താഴ്ത്തി സംരക്ഷിക്കുക.

മേൽപ്പറഞ്ഞ ജലസമ്പത്തുകൾ വേണ്ടരീതിയിൽ സൂക്ഷിക്കേണ്ടത് മുള്ളൂർക്കര ഗ്രാമ പഞ്ചായത്തിൻെറ അടിസ്ഥാന ആവശ്യമാണ്. ഈ ജലസമ്പത്തുകൾ സൂക്ഷിക്കുക വഴി കാർഷിക രംഗത്തെ വമ്പിച്ച നേട്ടങ്ങൾക്കുപുറമേ മനുഷ്യൻെറ ആരോഗ്യപരമായ വളർച്ചയെ വളരെ വലുതായി ഈ ജലസമ്പത്തുകൾ കൊണ്ട് സ്വാധീനിക്കാൻ കഴിയും. മാത്രമല്ല ഇപ്പോൾ നടമാടി കൊണ്ടിരിക്കുന്ന രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് പരിഹാരമുണ്ടാക്കാനും സാധിക്കും. ❑

# ഗതാഗതം

ഈ പഞ്ചായത്തിൽ ഗതാഗത സൗകര്യം വളരെ പരിമിതമായിരുന്നു. കാൽനടയ്ക്കുപോലും വളരെ വിഷമം നേരിട്ടുകൊണ്ടിരുന്നു. എന്നാൽ കഴിഞ്ഞ പതിനഞ്ച് വർഷത്തിനുള്ളിൽ ഗതാഗത രംഗത്ത് വലിയൊരുമാററം ഈ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. ഇവിടെയുള്ളത് 103.900 കി. മീ. റോഡാണ് വാഹനഗതാഗതയോഗ്യമുള്ളത്. ഇതിൽ 650 മീററർ റോഡ് മാത്രമാണ് ടാറിംങ്ങ് പണി നടത്തിയിട്ടുള്ളത്. ബാക്കി റോഡുകൾ ഒക്കെ തന്നെയും മൺറോഡുകളാണ്. ഈ റോഡുകളൊക്കെ നല്ല രീതിയിൽ ഗതാഗതയോഗ്യമാക്കി തീർക്കേണ്ടതുണ്ട്. ഇവയിൽ പല റോഡുകളിൽ കൂടിയും വർഷകാലങ്ങളിൽ വാഹനഗതാഗതം നടത്തുവാൻ സാധ്യമല്ല. ഗ്രാമങ്ങളിൽ അടിസ്ഥാന സൗകര്യമായ റോഡുനിർമ്മാണത്തെപ്പററി സാമൂഹ്യമായ ഒരു അവഗണനയാണ് ഇന്ന് അധികാരസ്ഥാനങ്ങളിൽ നിന്നും മുഴങ്ങികൊണ്ടിരിക്കുന്നത്. കാർഷികഗ്രാമമായ ഈ പഞ്ചായത്തിൽ കർഷകരുടെ ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിന് ഇന്നത്തെ തലചുമട് സമ്പ്രദായം ഒഴിവാക്കി ഗതാഗതയോഗ്യമായ റോഡുകൾ ഇനിയും പുതിയതായി നിർമ്മിക്കേണ്ടത് അത്യാവശ്യഘടകമാണ്.

ഉദാഹരണത്തിന് അകമല - കാഞ്ഞിരശ്ശേരി റോഡ് മുള്ളൂർക്കര പഞ്ചായത്ത് രൂപീ കരിച്ച നാൾ മുതൽ കർഷകർ മുന്നോട്ടുവച്ചിട്ടുള്ള ഒരു നിർദ്ദേശമാണ്. ഈ റോഡിൻെറ നിർമ്മാണം. ഇപ്പോൾ കണ്ണംമ്പാറവരെ എത്തിനിൽക്കുന്നു. അകമല പി. ഡബ്ലിയു. ഡി റോഡിലേയ്ക്കെത്താൻ ഇനിയും 3 1/2 കി. മീ. ദൂരം റോഡു നിർമ്മിക്കണം. യാതൊരു ഗതാഗത സൗകര്യവും ഇല്ലാത്ത കാൽനടയ്ക്ക്പോലും ബുദ്ധിമുട്ട് അനുഭവപ്പെടുന്ന ഈ പ്രദേശത്ത് കാർഷിക വിളകളുടെ ഉൽപ്പന്നം വളരെ വലുതാണ്. നെല്ല്, നേന്ത്രകായ, ഇഞ്ചി, നാളികേരം, റബ്ബർ, അടയ്ക്ക, പച്ചക്കറികൾ തുടങ്ങി ഒട്ടേറെ കാർഷിക ഉൽപ്പന്നങ്ങൾ വിളയിക്കുന്ന ഈ പ്രദേശത്ത് ഇന്നും അവരുടെ ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കാൻ കിലോമീററുകൾ ദൂരം തലചുമട് മാത്രമാണ് ആശ്രയം. ഈ റോഡ് തുറന്നാൽ കണ്ണംപാറ ഇരുനിലംകോട്, കാഞ്ഞിരശ്ശേരി, കോണത്തുമുക്ക്, രാജൂസ്കോർണർ, പള്ളത്ത് കോളനി, പച്ചകോളനി, ചെമ്പൻ പടി, എന്നീ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഏററവും എളുപ്പത്തിൽ വടക്കാഞ്ചേരി, തൃശൂർ മേഖലകളിലേയ്ക്ക് ഗതാഗതം നടത്താൻ സാധിക്കും. കൂടാതെ വരവൂർ, ദേശമംഗലം ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങൾക്കും ഈ റോഡ് വളരെയേറെ പ്രയോജനകരമാണ്. മാത്രമല്ല. മേൽപറഞ്ഞ പ്രദേശങ്ങളിലെ ജനങ്ങൾക്ക് മുള്ളൂർക്കര റെയിൽവേ ഗേററിൽ സ്ഥിരമായി അനുഭവപ്പെടുന്ന ഗതാഗത

കുരുക്കിൽ നിന്നും മോചനവും ലഭിക്കും. ഈ പഞ്ചായത്തിലെ മറ്റൊരു പ്രധാന പ്പെട്ടവഴിയാണ് 8-ാം വാർഡും, 9ാം വാർഡും തമ്മിൽ ബന്ധിപ്പിക്കുന്ന അമ്പല നട മഠത്തിൽ പടി മുതൽ പൊട്ടച്ചീനിയ്ക്കൽ എത്തുന്ന ലിങ്ക്റോഡ്. ഈ പ്രദേശത്തെ ജനങ്ങൾ ദീർഘകാലമായി പഞ്ചായത്തിലും മററ് അധികാരസ്ഥാനങ്ങളിലുമൊക്കെ ഈ ലിങ്ക് റോഡ് നിർമ്മിക്കണം എന്ന് ആവശ്യപ്പെട്ട് നിവേദനങ്ങളും, സമ്മർദ്ദങ്ങളും നടത്തുന്നതാണ്. മുൻ പറഞ്ഞതുപോലെ ധാരാളം കാർഷിക ഉൽപ്പന്നങ്ങൾ വിളയിക്കുന്ന ഈ പ്രദേശത്ത് കൃഷികാർക്കും മററ് സാധാരണ ജനങ്ങൾക്കും അവരുടെ ജീവിത അടിസ്ഥാന ആവശ്യങ്ങളിൽ ഒരു പ്രധാനപ്പെട്ട പങ്കുവഹിക്കുന്നതാണ് ഈ റോഡ്. അതുപോലെ ധാരാളം കാർഷിക ഉൽപ്പന്നങ്ങൾ വിളയിപ്പിക്കുന്ന വേറൊരു പ്രദേശമാണ് 7-ാം വാർഡിലെ കാരേക്കാട് പ്രദേശം. ഈ പ്രദേശത്ത് നെല്ല്, നേന്ത്രകായ, പച്ചക്കറി തുടങ്ങി വിവിധതരം കാർഷിക ഉൽപ്പന്നങ്ങൾ ടൺകണക്കിന് ഉൽപ്പാദിപ്പിക്കുന്ന പ്രദേശമാണ്. ഇവിടത്തെ കർഷകർ അവരുടെ കാർഷിക ഉൽപ്പന്നങ്ങൾ ഇന്നും തലചുമടായി ചുമന്ന് വളവ് P.W.D. റോഡിൽ എത്തിക്കുന്നു. വളവ് - കാരക്കാട് റോഡിൻെറ ആദ്യഘട്ട നിർമ്മാണം മേലേകുളത്തിൻെറ അല്പം ദൂരെ വരെ എത്തിനിൽക്കു ന്നുണ്ട്. എങ്കിലും ഈ റോഡ് പൂർണ്ണമായും ഗതാഗതയോഗ്യമല്ല.

മറ്റൊരു പ്രധാനപ്പെട്ട കാർഷിക ഉൽപ്പന്നങ്ങൾ വിളയിക്കുന്ന പ്രദേശമാണ് ഇരുനിലംകോട്. ഇരുനിലംകോട് സെൻററിൽനിന്നും വടക്കോട്ട് ഗതാഗതയോഗ്യമായ ഒരു റോഡ് അടിയന്തിര ആവശ്യമാണ്. എല്ലാ കാർഷിക ഉൽപ്പന്നങ്ങളും അവിടത്തെ കൃഷിക്കാർ തലചുമടായി ചുമക്കുന്ന കാഴ്ചയാണ് ഇന്നും കാണുന്നത്. ഇതിനു പരിഹാരം ഉണ്ടാകണം. അതുപോലെ വേറൊരു പ്രധാനപ്പെട്ട റോഡാണ് 4-ാം വാർഡിലെ നസ്റത്ത് സെൻറർ മുതൽ കുളവള്ളി-പാലംകുന്നുവഴി 9-ാം വാർഡിലെ പാണം കോളനിയിൽ കൂടി പഴയ P.W.D റോഡിൽ എത്തുന്നവഴി. ഈ പ്രദേശത്തും നൂറുകണക്കിനു കാർഷികകുടുംബങ്ങളും, ഹരിജൻ കോളനികളും ഉണ്ട്. ഇവിടത്തെ കർഷകർക്കും അവരുടെ ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കാൻ മുൻപറഞ്ഞ തലചുമടിനെ ആശ്രയിക്കുന്നു. ഇവിടെയും റോഡ് നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. വേറൊരു പ്രധാനപ്പെട്ട ലിങ്ക് റോഡാണ് എസ്.എൻ നഗർ കണ്ണം പാറ റോഡ്. കണ്ണം പാറയിലെ ജനങ്ങൾക്കും, പ്രത്യേകിച്ച് വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് ആസ്ഥാനമായ മുള്ളൂർക്കരയിൽ എത്തുന്നതിനും, ഹൈസ്കൂളിലേക്ക് പോകുന്നതിന് റെയിൽവെ ലൈനിൻെറ മുകളിൽ കൂടി കാൽനടയാത്രയായിട്ടാണ്. ഡബിൾ ലൈനുള്ള ഈ പ്രദേശത്ത് ഈ കാൽനടയാത്ര വളരെയേറെ ആപകടം വരുത്തിവെയ്ക്കുന്നതാണ്. ഇവിടെയും ലിങ്ക്റോഡ് നിർമ്മിക്കേണ്ടതുണ്ട്. മറ്റൊന്ന് ഈ പഞ്ചായത്തിലെ മുള്ളൂർക്കര ടൗണിനോട് അടുത്തുകിടക്കുന്ന പട്ടൻമാർ കുണ്ട് കോളനി പ്രദേശമാണ്. അവരുടെ നിത്യേനയുള്ള യാത്രയ്ക്കും മററ് കാർഷിക ഉൽപ്പന്നങ്ങൾ കൊണ്ടുവരുന്നതിനൊക്കെതന്നെ നിലവിൽ പന്ത്രണ്ടിഞ്ച് വീതിയുള്ള നെൽപ്പാടത്തിൻെറ വരമ്പാണ് ആശ്രയം. ഇതുമാററി ഇവിടെയും പുതിയ റോഡ് നിർമ്മിക്കണം. അതുപോലെ വേറൊരു പ്രധാനപ്പെട്ട ലിങ്ക് റോഡാണ് മണ്ഡലം കുന്ന്. കല്ലഴിപടി മുതൽ 8-ാം വാർഡിലെ കപ്പാരത്ത് കുളങ്ങര എത്തതുന്നവഴി. ഇരുകരകളും തമ്മിൽ

ബന്ധിക്കുകയും അമ്പലനടയിലെയും, പടിഞ്ഞാറെ നടയി ലെയും ജനങ്ങൾക്ക് പഞ്ചായത്ത് ആസ്ഥാനത്തേക്ക് എത്താൻ വളരെ പ്രധാനമുള്ള ഈ ലിങ്ക് റോഡ് നിർമ്മിക്കണം. മറ്റൊരു ലിങ്ക് റോഡാണ് കോക്കുരിപടി മണ്ഡലം കുന്ന്. മണ്ഡലം കുന്നത്തെ ജനങ്ങൾക്ക് നിത്യേന ദൈനംദിന ആവശ്യങ്ങൾക്ക് ആറ്റൂർമന പടിയിലേക്ക് എത്താനുള്ള പ്രധാന റോഡാണ് ഇത്. ഇവിടെയും റോഡ് നിർമ്മിക്കണം. ഇനിയും ഈപഞ്ചായത്ത് പ്രദേശത്ത് പല സ്ഥലങ്ങളിലും ചെറിയ ചെറിയ പുതിയ റോഡ് നിർമ്മിക്കേണ്ട തുണ്ട്. അവയുടെയൊന്നും പേര് ഇവിടെയടുത്ത് പറയുന്നില്ല. ഇന്ന് നിലവിലുള്ള റോഡുകളൊക്കെ ഗതാഗ തയോഗ്യമാകുന്ന തരത്തിൽ അഭിവൃ ദ്ധിപണികൾ നടത്തുകയും പുതിയ റോഡ് നിർമ്മാണങ്ങൾ നടത്തിയും കർഷകരുടെയും, മറ്റ് പൊതുജനങ്ങ ളുടെയും യാത്രാസൗകര്യങ്ങൾ മെച്ചപ്പെടു ത്തുന്നതിനോടൊപ്പം കാർഷിക ഉൽപ്പ ന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിന് ഇന്ന് കർഷകർ അനുഭവിച്ചുകൊണ്ടി രിക്കുന്ന ബുദ്ധിമുട്ടുകളും അവർക്കു ണ്ടാകുന്ന സാമ്പത്തിക ചിലവുകൾ ഒഴിവാക്കുകയും വേണം. ഹരിജൻ കോള നികളിലെ ഗതാഗതസൗകര്യം നിലവി ലുള്ള റോഡുകൾ പുനരുദ്ധരിച്ചും പുതിയ റോഡുകൾ നിർമ്മിച്ചും പരിഹരിക്കേ ണ്ടതുണ്ട്.

## പ്രശ്നങ്ങൾ:-

1.റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലലഭ്യത.

2.ഗ്രാമ പഞ്ചായത്തിന് സാമ്പത്തിക ഭദ്രത ഇല്ലായ്മ.

3.റോഡ് നിർമ്മാണ തൊഴിലാളികളുടെ കുറവ്.

4.വിദഗ്ദ തൊഴിലാളികളുടെ ലഭ്യതകുറവ്.

5.P.W.D ഷെഡ്യൂൾഡ് റൈററും, നിർമ്മാണ ചിലവും തമ്മിലുള്ള വൻമ്പിച്ച അന്തരവ്.

## നിർദ്ദേശങ്ങൾ:-

1.ഗ്രാമ പഞ്ചായത്തിന് സാമ്പത്തിക ഭദ്രത ഉണ്ടാക്കുക.

2.ജനപങ്കാളിത്തം പ്രസംഗത്തിൽ ഒതുക്കാതെ പ്രവർത്തന പദത്തിൽ കൊണ്ടുവരിക.

3.റോഡ് നിർമ്മിക്കുന്ന പ്രദേശ ങ്ങളിലെ ഒരു നിശ്ചിതപരിധിയിൽ കൂടുതൽ ഉള്ള ഭൂവുടമകളിൽ നിന്നും നിർമ്മാണചില വിലേക്ക് ഒരു നിശ്ചിതസംഖ്യ സംഭരി ക്കാൻ പറ്റുമോ എന്ന് ആലോചിക്കുക.

# വൈദ്യുതി — ഊർജ്ജം

ഈ പഞ്ചായത്തിലേക്ക് വടക്കാഞ്ചേരി എങ്കക്കാട് പവർസ്റ്റേഷനിൽ നിന്നും, ഷൊർണൂർ കുളപ്പുള്ളി പവർ സ്റേറഷനിൽനിന്നുമാണ് കറൻറ് ലഭിക്കുന്നത്. ഈ പഞ്ചായത്തുപ്രദേശത്ത് പതിമൂന്ന് ട്രാൻസ്ഫോമർറുകൾ സ്ഥാപിച്ചിട്ടുണ്ട്. ട്രാൻഫോമറുകളുടെ കപ്പാസിററിയും ഉപഭോക്താക്കളുടെ എണ്ണവും വെച്ച് നോക്കുമ്പോൾ എല്ലാ ട്രാൻസ്ഫോമറുകളും അവയ്ക്ക് താങ്ങാനാവാത്ത ഭാരമാണ് വഹിച്ചു കൊണ്ടിരിക്കുന്നത്. വൈദ്യുതി വിതരണരംഗം ഈ പഞ്ചായത്ത് പ്രദേശത്ത് ഉപഭോക്താളോട് ഒരു വലിയ വെല്ലുവിളി ഉയർത്തിക്കൊണ്ടിരിക്കുകയാണ്. കാർഷിക ആവശ്യത്തിന് ഒരു കണക്ഷൻ ലഭിക്കുന്നതിന് ഒട്ടകം സൂചികുഴിയിലൂടെ കടക്കുന്നതിന് തുല്ല്യമാണ്. താമസിക്കുന്ന വീടുകൾക്ക് കക്ഷക്ഷ്ൻ ലഭിക്കുന്ന കാര്യം പറയേണ്ടതുമില്ലല്ലോ? ഇപ്പോൾ ഉള്ളതിൽ 95% വൈദ്യൂതി ഉപഭോക്താക്കൾക്ക് വോട്ടേജ് വലിയൊരു പ്രശ്നം സൃഷ്ടിച്ചിരിക്കുകയാണ്. വീടുകളിൽ സന്ധ്യാസമയങ്ങളിലാണല്ലോ വൈദ്യുതിയുടെ ആവശ്യം. എന്നാൽ എല്ലാ വീടുകളിലും എന്നുതന്നെ പറയാം രാത്രി പത്തുമണിവരെ മണ്ണെണ്ണയും മെഴുകുതിരിയും ആശ്രയിച്ചാണ് വെളിച്ചം കാണുന്നത്. കറൻറ് ചാർജ്ജ് മാസാമാസം അടയ്ക്കുന്നുണ്ട്. വർഷങ്ങൾക്ക് മുമ്പ് സ്ഥാപിച്ച വൈദ്യുതി പോസ്ററുകളും, ലൈനുകളും അററകുററപ്പണികൾ ഇല്ലാതെ അന്ത്യശാസം വലിച്ച് നിൽക്കുകയാണ്. ഇത്തരം ലൈനുകളിൽ പ്രസരണി നഷ്ടം വളരെയേറെ സംഭവിക്കുന്നുണ്ട്. വൈദ്യുതിക്കുവേണ്ടി ഉപഭോക്താക്കൾ ബോർഡിലടയ്ക്കുന്ന പണത്തിൻെറ ഒരു ശതമാനം പോലും സേവനം ഈ രംഗത്ത് വൈദ്യുതിബോർഡ് ജനങ്ങൾക്കുവേണ്ടി ചെയ്യുന്നില്ല. എന്നാൽ വൈദ്യുതി എത്തിനോക്കാത്ത പ്രദേശങ്ങളും ഈ പഞ്ചായത്തിലുണ്ട്. അതിലേററവും പ്രധാനപ്പെട്ടത് ചെമ്പൻപടി പ്രദേശമാണ്. മറെറാന്ന് ഒൻപതാം വാർഡും, 5-ാം വാർഡും ബന്ധപ്പെട്ട് കിടക്കുന്ന മണ്ഡലം കുന്നും, മണ്ഡലകുന്നത്തെ ഹരിജൻ കോളനിയുമാണ്. വൈദ്യുതിലൈൻ അടിയന്തിരമായി എത്തിക്കേണ്ട പല സ്ഥലങ്ങളും ഈ പഞ്ചായത്തിലുണ്ട്. ജനങ്ങളിൽ നിന്നും പിരിക്കുന്ന നികുതി പണം വഴിവിളക്ക് കത്തിക്കുന്നതിനുള്ള ചാർജ്ജിനത്തിൽ പ്രതിമാസം വൈദ്യുതി ബോർഡിന് ഗ്രാമപഞ്ചായത്ത് .............അടച്ചുകൊണ്ടിരിക്കുകയാണ്. വാസ്തവത്തിൽ ഈ സംഖ്യ ഗ്രാമപഞ്ചായത്തിന് ഒരു പൊതു നഷ്ടമാണെന്ന് പറഞ്ഞാൽ അത് അധികമാവില്ല. ഇവിടുത്തെ 49% വീടുകൾ വൈദ്യുതീകരിച്ചതാണ് 2% വീടുകളിൽ മാത്രമാണ് പാചകാവശ്യത്തിന് ഗ്യാസ് ഉപയോഗിക്കുന്നത്. വൈദ്യുതീകരിച്ച

വീടുകളിൽ 21% വീടുകളിലും ഭാഗികമായി മണ്ണെണ്ണ ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഈ പഞ്ചായത്തിലെ 98% വീടുകളിലും പാചകത്തിന് വിറകാണ് ഉപയോഗിക്കുന്നത്. ഉപയോഗത്തിൻെറ അളവനുസരിച്ച് വിറകിൻെറ ലഭ്യത ഇവിടെയില്ല. മഴയില്ലാത്തകാലങ്ങളിൽ 65% വീടുകളിലും വീടിനുപുറത്ത് അടുപ്പുണ്ടാക്കി ഭക്ഷണം പാകം ചെയ്യുക, നെല്ലുപുഴുങ്ങുക, വെള്ളം ചൂടാക്കുക എന്ന സമ്പ്രദായം ഇവിടെ നിലവിലുണ്ട്. ഉങ്ങനെയുള്ള അടുപ്പുകളിൽ ഉണങ്ങിയ ചപ്പുചവറുകളും ഇലകളും ഉപയോഗിക്കുന്നുണ്ട്. വിറകിൻെറ ഉപയോഗം താരതമ്യേന ഈ പഞ്ചായത്തിൽ കൂടുതലുള്ള പ്രദേശമായിട്ടാണ് കാണുന്നത്

## പ്രശ്നങ്ങൾ

1. അപ്രഖ്യാപിത കറൻറുകട്ട്.

2. വളരെ വലിയതോതിലുള്ള വോൾട്ടേജിൻെറ കുറവ്

3. വൈദ്യുതിലൈനുകളിലെ അററകുററപണികൾക്ക് നാഥനില്ലായ്മ.

4. കർഷകർക്ക് കാർഷിക ആവശ്യത്തിനുപോലും കണക്ഷൻ ലഭിക്കാനുള്ള തടസ്സങ്ങളും, നടപടി ക്രമങ്ങളുടെ വ്യാപ്തിയും.

5. വിറകിൻെറ വിലവർദ്ധനവ്

6. വിറകിൻെറ ലഭ്യതകുറവ്

7. ഫോറസ്ററ് ഡിപ്പാർട്ടുമെൻറിൻെറ അനാവശ്യമായ വിലക്കുകൾ

## നിർദ്ദേശങ്ങൾ

1.ഒരുപിടി ആൾക്കാർ സംഘടിച്ചാൽ അവർക്കിവിടെ എന്തും ചെയ്യാം എന്ന ധാരണ ഒഴിവാക്കുക.

2. വൈദ്യുതി വിതരണരംഗത്ത് ആവശ്യമായ ജോലിക്കാരേയും മതിയായ സാധനസാമഗ്രികളും ലഭ്യമാക്കുക.

3. പഞ്ചായത്തിലെ പൊതുവഴികളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് ഇന്നുള്ള നിബന്ധനകൾമാററി അതിൻെറ മുഴുവൻ ചുമതലയും പൂർണ്ണമായും പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുക

4. വൈദ്യുതി ലൈനുകളും ചെറിയ ചെറിയ അററകുററ പണികളും വൃക്ഷങ്ങളുടേയും മററും കൊമ്പുകൾ മുതലായവകൊണ്ടുള്ള തടസ്സങ്ങൾ നീക്കുന്നതിനും വാർഡടിസ്ഥാനതത്തിൽ ചെറുപ്പക്കാരുടെ സന്നദ്ധസേന രൂപീകരിക്കുക.

5. വിറകിന് ആവശ്യമായ മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിന് എല്ലാ വിഭാഗം ജനങ്ങളേയും ബോധവൽക്കരിക്കുക.

6. അനാവശ്യമായി വിറക് എരിച്ചുകളയുന്ന രീതിയിൽ നിന്നും സ്ത്രീകളെ മോചിപ്പിക്കുന്നതിന് അവരുടെ ഇടയിൽ പ്രത്യേകം ബോധവൽക്കരണം നടത്തുക.

7. വിറകിൻെറ അളവ് കുറഞ്ഞതോതിൽ മതിയാകുന്ന അടുപ്പുകൾ പ്രചരിപ്പിക്കുക.

* *

# വ്യവസായം

മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് കാർഷികമേഖലക്ക് കൂടുതൽ പ്രാധാന്യമുള്ളതിനാൽ വ്യവസായികപരമായി ഇപ്പോഴും പിന്നോക്കാവസ്ഥയിൽ ആണെന്നുള്ളത് വളരെ സത്യമാണ്.

എന്നാൽ നമ്മുടെ താലൂക്കിൽ സർക്കാറിൻെറ സഹായത്തോടെയുള്ള വ്യവസായ എസ്റേററുകളോ, വികസനപ്ലോട്ടുകളോ ഒന്നും തന്നെയില്ലാതെ സ്വകാര്യമേഖലയിൽ താലൂക്കിലെ മററു പഞ്ചായത്തുകളെ അപേക്ഷിച്ച് സാമാന്യം ഭേദപ്പെട്ട രീതിയിൽ മുതൽമുടക്കുള്ള വ്യവസായങ്ങൾ ഉണ്ട് എന്നത് അഭിമാനകരം തന്നയാണ്. ഇതിനോടൊപ്പം മേൽ സൂചിപ്പിച്ച രീതിയിലുള്ള വ്യവസായ എസ്റേററുകളോ, വികസനപ്ലോട്ടുകളോ ഉണ്ടായിരുന്നുവെങ്കിൽ തീർച്ചയായും ഈ പഞ്ചായത്ത് ആയിരുന്നേനെ ഈ താലൂക്കിലെ ഏററവും കൂടുത വ്യവസാ സ്ഥാപനമുള്ള പഞ്ചായത്ത്. നമ്മുടെ പഞ്ചായത്തിലെ വ്യവസായമേഖലയെ താഴെപറയുംവിധം ഉൽപ്പന്നങ്ങളുടെ ആടിസ്ഥാനത്തിൽ അപഗ്രഥിക്കാം:-

1. പി.വി.സി. പൈപ്പ് ഫിററിങ്ങുകൾ
2. പ്ലാസ്ററിക് കുപ്പികൾ ഡപ്പകൾ, വാട്ടർ ടാപ്പുകൾ എന്നിങ്ങനെയുള്ള സാധനങ്ങൾ
3. ഗ്രാനൈററ് മെററൽ ക്രഷിങ്ങ്
4. കോൺക്രീററ് കെട്ടിട നിർമ്മാണ സാമഗ്രികൾ
5. മരം കൊണ്ടുള്ള കെട്ടിടനിർമ്മാണ സാമഗ്രികൾ, ഗൃഹോപകരണങ്ങൾ
6. തീപ്പെട്ടി
7. സോഫാ കം ബഡുകളും കിടക്കകളും
8. പപ്പടം
9. ബേക്കറി സാധനങ്ങൾ
10. റെഡിമെയ്ഡ് സാധനങ്ങൾ
11. എഞ്ചിനീയറിംഗ് സാധനങ്ങൾ
12. ഓട്ടോമൊബൈൽ റിപ്പയറിംഗ്
13. നെല്ല്കുത്ത്, ധാന്യങ്ങൾ പൊടിക്കൽ എന്നിവ
14. അച്ചാർ നിർമ്മാണം
15. ഈററകൊണ്ടുള്ള കുട്ടനിർമ്മാണം
16. ഫാബ്രിക് വെററനർ
17. സ്ക്രീൻപ്രിൻറിംഗ്
18. പ്രിൻറിംഗ് പ്രസ്
19. ബാററി
20. ബീഡി
21. മൺപാത്രം
22. ലതർചെരിപ്പ്
23. കട്ട്ലറി സാധനങ്ങൾ

## II ഈ മേഖലയിൽ നിലവിലുള്ള സ്ഥാപനങ്ങളും അവയുടെ നില നിൽപ്പും:-

ചെറുകിട വ്യവാസായ മേഖലയിലാണ് മേൽക്കാണിച്ച എല്ലാ വ്യവസായ സ്ഥാപനങ്ങളും സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. അവയെല്ലാം കൂടി ഏതാണ്ട് അറുപതെണ്ണത്തോളം വരുമെന്നാണ് കാണാൻ കഴിയുന്നത്. 400, 500 ലക്ഷം രൂപയുടെ മുതൽമുടക്ക് ഈ മേഖലയിൽ ഈ പഞ്ചായത്തിലുണ്ട് എന്നാണ് ഏകദേശ കണക്ക്. ഈ സ്ഥാപനത്തിലെല്ലാം കൂടി ഏകദേശം 1500 ഓളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ആയതിൽ നല്ലൊരുഭാഗം തൊഴിലാളികളും ഈ പഞ്ചായത്തിൽ നിന്നുള്ളവർതന്നെയാണ് എന്നുള്ളത് ചാരിതാർത്ഥ്യജനകം തന്നെ. എന്നാൽ ഇതിൽ ചില സ്ഥാപനങ്ങളുടെ നിലനില്പ് വളരെ പരിതാപകരമായാണ് കാണുന്നത്. ആയതിൻെറ വിശദാംശങ്ങൾ പിന്നാലെ വിവരിക്കുന്നതാണ്.

## III ഈ പഞ്ചായത്തിലെ വ്യവസായങ്ങളുടെ ആവിർഭാവവും ഉയർച്ചയും തളർച്ചയും:-

ഈ പഞ്ചായത്തിൽ ആദ്യമായി തുടങ്ങിയത് തീപ്പെട്ടിവ്യവസായവും മര വ്യവസായവുമാണ്. എന്നാൽ തീപ്പെട്ടി നിർമ്മാണത്തിൽ സംസ്ഥാനാടിസ്ഥാനത്തിൽ ഉണ്ടായ ചില പ്രശ്നങ്ങൾ നിമിത്തം ചില സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും ചിലത് എങ്ങിനെയൊക്കെയൊ മുന്നോട്ട് നീങ്ങുകയുമാണുണ്ടായത്. മര സാമഗ്രികളുടെ നിർമ്മാണം തടി സൈസാക്കലും ഏതാണ്ട് തെററില്ലാത്ത നിലയിൽ ഇപ്പോഴും മുന്നോട്ടുപോകുന്നു. തുടർന്ന് കുറച്ചുകാലം വ്യവസായമേഖലയിൽ പഞ്ചായത്തിൽ വികസനമൊന്നും ഉണ്ടായില്ല. ആയതിന്ശേഷം 79 - 80 ൽ ആണ് പ്ലാസ്ററിക് വ്യവസായം മുള്ളൂർക്കരയിൽ ആരംഭിക്കുന്നത്. മററെല്ലാ വ്യവസായത്തിലുമെന്നതുപോലെ ഈ വ്യവസായത്തിനും ആദ്യമൊക്കെ നിലനിൽപുതന്നെ അപകടത്തിലായാണ് കാണാൻ കഴിഞ്ഞത്. എന്നാൽ രണ്ടുമൂന്ന് കൊല്ലങ്ങൾക്ക് ശേഷം ടി വ്യവസായം അഭൂതപൂർവ്വമായ രീതിയിൽ വളർച്ച പ്രാപിക്കുന്നതാണ് കണ്ടത്. ഈ മേഖലയിൽ നമ്മുടെ പഞ്ചായത്തിൽ നല്ലൊരു പങ്ക് നിക്ഷേപം നടത്തിയിട്ടുള്ളത് മററു പ്രദേശങ്ങളിൽ നിന്നുള്ളവരാണെന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഇവിടെ ആദ്യം ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ അഭിവൃദ്ധിയായതിൻേറയും, അതിൻെറ അനുബന്ധ വ്യവസായങ്ങളും പല ഘട്ടങ്ങളായി ഉയർന്നുവരികയയും അവയെല്ലാം വിജയിക്കുന്നതുമായാണ് കണ്ടുവരുന്നത്. കൂടാതെ പുതിയ പുതിയ വ്യവസായങ്ങൾ വീണ്ടും വീണ്ടും വരുന്നതായാണ് കണ്ടുവരുന്നത്. ഇതിനെ തുടർന്നാണ് ഗ്രനൈററ് മെററൽ നിർമ്മാണം പഞ്ചായത്തിൽ സ്ഥാപിതമായത്. ആയത് നല്ല നിലയിൽത്തന്നെ പ്രവർത്തിച്ചു തുടങ്ങുകയും അതിൻെറ അനുബന്ധവ്യവസായമായി കോൺക്രീററു കെട്ടിട നിർമ്മാണ സാമഗ്രികളുണ്ടാക്കുന്ന സ്ഥാപനം ഉർന്നുവരികയും അത് നല്ല നിലയിൽ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. സോഫാകം ബഡ്, റെഡിമെയ്ഡ് ഗാർമെൻറസ്, പപ്പടം, ഓട്ടോമൊബൈൽ റിപ്പയറിംഗ്, നെല്ല്കുത്ത്, അച്ചാർ നിർമ്മാണം എന്നീ വ്യവസായങ്ങളും ഭംഗിയായിത്തന്നെ നടന്നുവരുന്നുണ്ട്. എന്നാൽ അടുത്തകാലത്ത് തുടങ്ങിയതായ കപ്പാസിററർ നിർമ്മാണശാലയും, ടി.വി. ബോക്സ് നിർമ്മാണശാലയും പ്രവർത്തനം നിലച്ച മട്ടിലാണ് കണ്ടത്. ആയതിൻെറ ഉൽപ്പന്നങ്ങളിലെ ഉപഭോക്താക്കളുടെ പരി

മിതിയും നവീകരണത്തിനുണ്ടായ കാല താമസവുമാണ് പ്രസ്തുത വ്യവസായ ത്തിൻെറ തകർച്ചയുടെ കാരണമെന്നാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. അതുപോലെ തന്നെ പരമ്പരാഗത കളി മൺ വ്യവസായം കുറയുന്നതായും കണ്ടു വരുന്നു. ആയതിൻെറ ഉപയോഗം കുറ യുന്നതും തൊഴിൽ മേഖലയിലെ അസംഘടിത സ്വഭാവവും അതിന് കാര ണമായതിനാൽ ഏതു വിധമാണ് ഈ വ്യവസായത്തെ പുനരുദ്ധരിക്കുവാൻ സാധിക്കുകയെന്നത് വിശകലനം ചെയ്യേണ്ട ഒരു വസ്തുതയാണ്.

## IV പുതിയ വ്യവസായ സാദ്ധ്യതകൾ:-

ഈ പഞ്ചായത്തിൽ ഇനിയും പുതിയ വ്യവസായങ്ങൾക്ക് ധാരാളം സാദ്ധ്യത കാണുന്നുണ്ട്. അതിൽ താഴെ പറയുന്ന ഇനങ്ങാക്ക് കൂടുതൽ പ്രാധാന്യം കൊടുക്കാവുന്നതാണ്.

1. കൈത്തറി
2. ഇലാസ്ററിക് ത്രഡ്, ഇലാസ്ററിക്
3. കുട്ടനെയ്ത്ത്
4. ഓട്ടോ മൊബൈൽ സ്പെയർപാർട്ട്സ്
5. എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾ
6. ആധുനിക രീതിയുലുള്ള പപ്പട നിർമ്മാണം
7. ചിപ്പ്സ് നിർമ്മാണം
8. അച്ചാർ, കൊണ്ടാട്ടം മുതലായവയുടെ നിർമ്മാണം
9. പ്ലാസ്ററിക് ഗ്രാന്യൂൾസ് നിർമ്മാണം
10. അഗ്രികൾച്ചർ എക്യൂപ്മെൻറ്സ്
11. ടയർ റീ ത്രഡിംഗ്

## *V പ്രശ്നങ്ങൾ:-*

ധാരാളം കറൻറ് ആവശ്യമുള്ള വ്യവസായങ്ങളാണ് ഈ പഞ്ചായത്തിൽ ഉള്ളതെങ്കിലും കറൻറിൻെറ അഭാവം ഈ മേഖലയെ വല്ലാതെ പിടിച്ചുലക്കുന്നുണ്ട്. മുള്ളൂർക്കരമേഖലയിലുള്ള പവർ സപ്ലൈ കുളപ്പുള്ളി സബ് സ്റ്റേഷനിൽനിന്നാണ് നിർവ്വഹിച്ചു വരുന്നത്. സബ് സ്റ്റേഷ നിൽനിന്ന് വളരെ അകന്ന പ്രദേശമായ തിനാലും പവർഫയിലിയർ, വോൾട്ടേജ് ക്ഷാമം എന്നിവ ഈ പ്രദേശത്തെ ഒരു നിത്യസംഭവമാണ്.

2.പുതിയ വ്യവസായം തുടങ്ങാൻ സാമ്പത്തിക സഹായം നൽകുന്നതിന് കാത്തലിക് സിറിയൻ ബാങ്കിൻെറ ഒരു ശാഖ മാത്രമാണ് മുള്ളൂർക്കര പഞ്ചായ ത്തിലുള്ളത്. പ്രസ്തുത ബാങ്കിൻെറ വായ്പ കൊടുക്കുന്നതിലുള്ള വിമുഖത വ്യവസായ വികസനത്തെ സാരമായി ബാധിക്കുന്നുണ്ട്. കോടിക്കണക്കിന് രൂപ മുതൽ മുടക്കും ടേൺ ഓവറും ഉള്ള സ്ഥാപനങ്ങൾ നിലനിൽക്കുന്ന ഒരു പഞ്ചായത്ത് എന്ന നിലക്ക് ഇവിടെ ഒരു ദേശസാൽകൃതബാങ്കിൻെറ ശാഖ അത്യാ വശ്യമാണ്.

3.പുറത്തുനിന്നും അസംസ്കൃത പദാർത്ഥങ്ങൾ വരുന്നതായ സ്ഥാപന ങ്ങളാണ് ഇവിടെ കൂടുതലും പ്രവൃത്തി ക്കുന്നത്, എന്നതിനാൽ ഒരു ലാറി ബുക്കിംഗ് ഓഫീസോ, പാർസൽ ഓഫീ സോ ഈ പഞ്ചായത്തിൽ അത്യാവശ്യ മാണ്. സാധനങ്ങൾ വടക്കാഞ്ചേരിക്കോ കുളപ്പുള്ളിക്കോ എത്തിച്ച് അവിടെ നിന്ന് കൊണ്ടുവരുന്നതിന് ധാരാളം അധിക ച്ചിലവ് നേരിടുന്നതിനാൽ ഒരു പാർസൽ ഓഫീസ് തുടങ്ങുന്നതിനുള്ള നടപടി എടു ക്കേണ്ടതാകുന്നു.

## *സർക്കാർ സഹായങ്ങൾ:-*

പുതിയ വ്യവസായത്തിന് സർക്കാ റിൽ നിന്ന് താഴെപ്പറയുന്ന സഹായങ്ങ ളാണ് ലഭിക്കേണ്ടത്.

**1. 15% സംസ്ഥാന ഇൻവെസ്ററ്മെൻറ് സബ്സിഡി.**

**2.മൂലധനമുടക്കിൻെറ അടിസ്ഥാനമായി പരമാവധി 7 കൊല്ലത്തേക്ക് സെയിൽടാക്സ് കിഴിവ്**

**3. കറൻറ് ചാർജ്ജിൽ കിഴിവ്, ഡ്യൂട്ടി കിഴിവ്**

**4. സെൻട്രൽ എക്സൈസ് ഡ്യൂട്ടിയിൽ കുറവ്.**

**5. കെട്ടിട റവന്യൂനികുതിയിൽ കിഴിവ്.**

**6. സ്ത്രീകളുടെ ഉടമസ്ഥതയിൽ 80%-ൽഅധികം സ്ത്രീകൾ ജോലിക്കാരായ സ്ഥാപനങ്ങൾക്ക് കെട്ടിടം, മെഷിനറി എന്നിവക്ക് മുതൽ മുടക്കിൻെറ 50% എന്ന നിരക്കിൽ പരമാവധി 25% സബ്സിഡി.** കൂടാതെവാടകയിന ഗ്രാൻറും മാനേജീരിയൽ ഗ്രാൻറും ചില നിബന്ധനകൾക്ക് വിധേയമായി നൽകിവരുന്നുണ്ട്. കറൻറ് കണക്ഷൻ കിട്ടുന്നതിനും, പഞ്ചായത്ത് ലൈസൻസ് കിട്ടുന്നതിനും, ബാങ്ക് വായ്പ ലഭിക്കുന്നതിനും സ്വകാര്യമേഖലയിലും ചില പ്രത്യേക പരിഗണന കിട്ടുന്നുണ്ട്.

*നിർദ്ദേശങ്ങൾ:-*

സർക്കാരിൽനിന്നും ലഭിക്കേണ്ട സഹായങ്ങൾ യഥാവിധം വാങ്ങുന്നതിനോ ആയത് വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനോ പുതിയ വ്യവസായ സംരംഭകന് സാധാരണഗതിയിൽ കഴിയാറില്ല. ആയതിന് പ്രയോജനപ്പെടുമാറ് ഒരു വ്യവസായസെൽ പഞ്ചായത്തിൽ പ്രവൃത്തിക്കുന്നത് നന്നായിരിക്കും. പഞ്ചായത്തിൽ നിന്നും ഉപദേശങ്ങൾ കൊടുക്കുന്നതിന് പുറമെ അവർക്ക് കഴിവതും മാർഗ്ഗനിർദേശങ്ങൾ കൊടുക്കുന്നതിന് തയ്യാറാവുകയും ഏതെങ്കിലും ഓഫീസുകളിൽനിന്ന് എന്തെങ്കിലും കാര്യത്തിന് കാലതാമസം നേരിട്ടിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനും ടിസെല്ലിന് സാധിക്കേണ്ടതാണ്. ഇത് കൂടാതെ പഞ്ചായത്തിൽ നടക്കുന്ന വ്യവസായ സ്ഥാപനത്തിന് സർക്കാറിൽ നിന്നും ബാങ്കിൽനിന്നും മററുസ്ഥാപനത്തിൽനിന്നും സഹായം ലഭിക്കുന്നതിന് പഞ്ചായത്ത് അധികാരികളുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിക്കുന്നതിനുള്ള ഒരു സംവിധാനം രൂപപ്പെടുത്തേണ്ടതുണ്ട്.

പി.എം.ആർ.വൈ., ഐ.ആർ.ഡി.പി., ആർ.ഡി.പി. എന്നീ സ്കീമുകളിൽ ധനസഹായം കിട്ടുന്നവർ ആയതിനുവേണ്ടി മാത്രമാണ് പണം ഉപയോഗിക്കുന്നത് എന്ന് ഉറപ്പ് വരുത്താനും ആയതിന് ഗുണഭോക്താവിനെ പ്രേരിപ്പിക്കുന്നതിനും വ്യവസായികൾക്ക് ട്രെയിനിംഗ് കൊടുക്കുന്നതിനും പഞ്ചായത്ത് സമിതിക്ക് അധികാരം ഉണ്ടായിരിക്കേണ്ടതാണ്. ഇതിനൊക്കെ പുറമെ ചെറുകിട വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ് മാർക്കറ്റിങ്ങ്, ആയതിന് ഒരു സംവിധാനം ഉണ്ടാക്കാൻ സാധിച്ചാൽ നന്നായിരിക്കും. ഇവിടുത്തെ വ്യവസായികൾക്ക് ആവശ്യമുള്ള സാധനങ്ങൾ എവിടെനിന്നാണ് സുലഭമായി ലഭിക്കുകയെന്നും ഇവിടുത്തെ സാധനങ്ങൾ എവിടെയാണ് ആവശ്യമെന്നും ആർക്കൊക്കെയാണ് ആവശ്യമെന്നും അറിയുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയാണെങ്കിൽ മാർക്കറ്റിംഗ് വളരെ ആയാസകരമായി ചെയ്യാവുന്നതാണ്.

മൊത്തത്തിൽവ്യവസായത്തിന് ആവശ്യമായ അസംസ്കൃത സാധനങ്ങളും പണവും ലഭ്യമാക്കുന്നതോടൊപ്പം തന്നെ ഗുണമേന്മ ഏറിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുകയും അവയുടെ മാർക്കറ്റിംഗ് കണ്ടെത്തുന്നതോടുകൂടി വ്യവസായികളും തൊഴിലാളികളും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ മാത്രമെ ആ വ്യവസായസ്ഥാപനം പുരോഗതി കൈവരിക്കൂ എന്നത് നിസ്തർക്കമാണ്. ●

# വിദ്യാഭ്യാസം

ഈ പഞ്ചായത്തിൽ അഞ്ചു സ്കൂളുകളാണ് ഉള്ളത്. മുള്ളൂർക്കരയിലെ എൻ.എസ്.എസ് ഹൈസ്കൂളും, അവിടെതന്നെയുള്ള ലോവർപ്രൈമറി സ്കൂളും, അമ്പലം കുന്നത്തെ അയ്യാശാസ്ത്രി മെമ്മോറിയൽ എൻ.എസ്.എസ് അപ്പർ പ്രൈമറി സ്കൂളും, കാഞ്ഞിരശ്ശേരിയിലെ ഗാന്ധിമെമ്മോറിയൽ ലോവർപ്രൈമറി സ്കൂളും, ആററൂരിലെ ലോവർ അപ്പർ പ്രൈമറി ഗവർമെൻറ് സ്കൂളുമാണ്. 1951-52 വർഷത്തിൽ ആററൂർ വാരിയത്തെ ശ്രീ.എ.ജി. വാരിയരുടെയും, ശ്രീ.ആററൂർ രവിവർമ്മയുടെയും നേതൃത്വത്തിൽ ആററൂർ കിഴക്കെ വാരിയത്ത് ആരംഭിച്ചതാണ് ഇന്നത്തെ ലോവർ അപ്പർപ്രൈമറി സ്കൂൾ ശ്രീ.എ.ജി വാരിയർതന്നെയാണ് അന്ന് സ്കൂളിനാവശ്യമായ 50 സെൻറ് സ്ഥലം സൗജന്യമായി സർക്കാറിലേക്ക് കൊടുത്തത്. തുടർന്ന് അവരുടെ നേതൃത്വത്തിൽ തന്നെ ഒരു കെട്ടിടവും ഉണ്ടാക്കി. തുടർന്ന് 1980-ൽ ഈ സ്കൂൾ അപ് ഗ്രേഡ് ചെയ്ത് ഇന്നത്തെ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ.N.S വർഗ്ഗീസിൻെറ നേതൃത്വത്തിലുള്ള ജനകീയകമ്മിററി ഒരേക്കർ സ്ഥലവും അപ് ഗ്രേഡ് ചെയ്യാൻ ആവശ്യമായ കെട്ടിടവും സർക്കാറിലേക്ക് ഉണ്ടാക്കി കൊടുത്തു. മുള്ളൂർക്കരയിലെ ജനങ്ങൾ ഹൈസ്കൂളിനു വേണ്ടി കപ്പാരത്ത്കാരിൽ നിന്നും സ്ഥലം വാങ്ങിച്ച് വർഷങ്ങൾക്കു മുമ്പ് ഹൈസ്കൂൾ സ്ഥാപിക്കുന്നതിന് N.S.S ന് സൗജന്യമായി കൊടുത്തിട്ടുള്ള സ്ഥലത്തിലാണ്ഇന്ന് ഹൈസ്കൂൾ സ്ഥിതിചെയ്യുന്നത്. 1980-ൽ പഞ്ചായത്തിൻെറ അശ്രാന്തപരിശ്രമത്തിൻെറ ഫലമായി പഞ്ചായത്തിന് അനുവദിച്ചുകിട്ടിയ ഹൈസ്കൂൾ N.S.S മാനേജ്മെൻറിന് നൽകുകയാണ് ഉണ്ടായത്. തുടർന്ന് മാനേജ്മെൻറിൻെറ കീഴിൽ ഹൈസ്കൂളിൻെറ പ്രവർത്തനം ആരംഭിച്ചു. മലയാളവർഷം 1123 എടവം 16-ാം തിയ്യതി പണ്ഡിത വരേണ്യൻ ശാബ്ദിക തിലകൻ അയ്യാ ശാസ്ത്രി അവർകളുടെ സ്മരണക്കായി മകൻ വിശ്വനാഥ അയ്യർ ആരംഭിച്ചതും പിന്നീട് N.S.S മാനേജുമെൻറിന് കൈമാറിയതുമാണ് അമ്പലം കുന്നത്തെ N.S.S അപ്പർ പ്രൈമറി സ്കൂൾ.

90 വർഷങ്ങൾക്കു മുൻമ്പ് പാലിയത്ത് വല്യയച്ഛൻ സ്ഥാപിച്ചതാണ് മുള്ളൂർക്കരയിലെ ലോവർ പ്രൈമറി സ്കൂൾ. മുപ്പതു കൊല്ലത്തോളം സ്വന്തം വീട്ടിൽ നടത്തിയ ലോവർ പ്രൈമറി സ്കൂൾ അതിനുശേഷം ഇപ്പോൾ സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലത്തേക്ക് പാലിയത്തച്ഛൻമാർ മാററി സ്ഥാപിച്ചു. സ്കൂളും സ്ഥലവും കൂടി പാലിയത്തച്ഛൻമാർ സർക്കാറിന് ഏൽപ്പിച്ചു കൊടുത്തതിട്ടുള്ളതാണ് മുള്ളൂർക്കര ഗവർമെൻറ് ലോവർ പ്രൈമറി സ്കൂൾ. തിയ്യനൂർ

ഗോവിന്ദൻകുട്ടി മേനോൻ 55 വർഷങ്ങൾക്കുമുൻമ്പ് സ്ഥാപിച്ചതാണ് കാഞ്ഞിരശ്ശേരിയിലെ ഗാന്ധി മെമ്മോറിയൽ ലോവർ പ്രൈമറി സ്കൂൾ. അദ്ദേഹത്തിൻെറ മകൻ ശ്രീ.ജനാർദ്ദനൻ ഇപ്പോഴും സ്കൂളിൻെറ മാനേജരായി തുടരുന്നു. ഈ പഞ്ചായത്തിലെ വിദ്യാഭ്യാസത്തിൻെറ നിലവാരത്തെ പറ്റിപറയുമ്പോൾ വിദ്യാഭ്യാസ രംഗത്ത് പ്രഗൽഭരായ പല പണ്ഡിതൻമാർക്കും ജന്മമേകിയ പ്രദേശമാണ് ഈ പഞ്ചായത്തിലെ ആററൂരും മുള്ളൂർക്കരയുമൊക്കെ. ഇതിൽ എടുത്തു പറയേണ്ട ചില വ്യക്തികളുടെ പേരുകൾ സൂചിപ്പിക്കാം. മദ്രാസ് തിരുവിതാംകൂർ സർവ്വകലാശാലകളിലെ പരീക്ഷിവിഭാഗം തലവനും, അവസാനത്തെ തിരുവിതാംകൂർ മഹാരാജാവായ ശ്രീ ചിത്തിരതിരുന്നാൾ ബാലരാമവർമ്മയുടെ മലയാള സംസ്കൃത അദ്ധ്യാപകൻ കൂടിയായ പണ്ഡിതരാജ കവിരത്നം ആററൂർ കൃഷ്ണ പിഷാരടി ജനിച്ച ആററൂർ ഗ്രാമം. കൊച്ചി മഹാരാജാവിൻെറയും, തിരുവിതാംകൂർ മഹാരാജാവിൻെറയും, സാമൂതിരി തിരുന്നാളിൻെറയും വേദഗുരു ചാങ്ങിലിയോട്ട് വാദ്ധ്യാർമനയ്ക്കൽ വാസുദേവൻ നമ്പൂതിരിപ്പാട് ജനിച്ച ആററൂര്. സ്വന്തം വീട്ടിൽ വിദ്യാലയം ആരംഭിച്ച് ഗ്രാമീണർക്ക് വിദ്യാഭ്യാസം പകർന്നുകൊടുത്ത പാലിയത്തച്ഛൻമാരുടെ ഗ്രാമം, അതുപോലെ ആററൂർ രവിവർമ്മ തുടങ്ങി ഒട്ടേറെ പ്രഗൽഭർ ജനിച്ച പ്രദേശമാണ് ഈ ഗ്രാമപഞ്ചായത്ത്. നല്ല വിദ്യാഭ്യാസനിലവാരമുള്ള ഒരു സമൂഹത്തെ ഇവിടെ കാണാൻ സാധിക്കും. എന്നിരുന്നാലും വിദ്യാഭ്യാസത്തിൻെറ പോരായ്മകൾ ഈ പഞ്ചായത്ത് പ്രദേശത്ത് ഉണ്ട്. പ്രത്യേകിച്ച് മുസ്ളീം സഹോദരിമാർ, പട്ടികജാതി / വർഗ്ഗ സഹോദരിമാർ എന്നിവരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തികൊണ്ടു വരേണ്ടതുണ്ട്. മുൻപറഞ്ഞ സരസ്വതീ ക്ഷേത്രങ്ങൾക്കു പുറമെ പതതിമൂന്ന് അംഗനവാടികളും, മൂന്ന് പാരലൽ കോളേജുകളും, രണ്ട് ഇംഗ്ലീഷ് മീഡിയം സ്കൂളുകളും ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തത്തിക്കുന്നുണ്ട്.

## *പ്രശ്നങ്ങൾ.*

1. മുള്ളൂർക്കര എൻ.എസ്.എസ്. ഹൈസ്കൂളിൽ എസ്.എസ്.എൽ.എസി വിജയശതമാനം കുറവാണ്.

2.വിദ്യാർത്ഥി യൂണിയനുകളുടെ ഇടപെടൽ.

3.സ്കൂൾ കോമ്പൗണ്ടിൻെറ സംരക്ഷണകുറവ്.

4.ഒരു ഹൈസ്കൂൾ എന്ന നിലയിലുള്ള പഠനോപകരണങ്ങളുടെയും ലബോററ്ററി ഉപകരണങ്ങളുടെ ഇല്ലായ്മ.

5.ആററൂർ, യു.പി.സ്കൂളിൽ കകെട്ടിടത്തിൻെറയും ഫർണിച്ചറുകളുടെയും കളിസ്ഥലത്തിൻെറയും കോമ്പൗണ്ട് ഹാളിൻെറയും കുറവുകൾ.

6.മുള്ളൂർക്കര എൽ.പി. സ്കൂളിൻെറ കുടിവെള്ളം, കോമ്പൗണ്ട് ഹാൾ തുടങ്ങിയവയുടെ പോരായ്മകൾ.

7.അമ്പലംകുന്ന് സ്കൂളിലെ കളിസ്ഥലത്തിൻെറയും കുടിവെള്ളത്തിൻെറയും പോരായ്മ.

8.കാഞ്ഞിരശ്ശേരി സ്കൂളിലെ കെട്ടിടം, ഫർണിച്ചർ, കുടിവെള്ളം, ചുററുമതിൽ തുടങ്ങിയവയുടെ പോരായ്മ.

9. മിക്ക സ്കൂളുകളിലെയും വിദ്യാഭ്യാസനിലവാരം തൃപ്തികരമല്ല.

10.അദ്ധ്യാപകരുടെ സേവനം വേണ്ടത്ര ലഭിക്കുന്നുണ്ടോ.

11.12അംഗൻവാടികൾക്കും സ്വന്ത മായി കെട്ടിടമില്ല.

12.അംഗൻവാടി കുട്ടികൾക്ക് കളി കോപ്പുകളും ഇരിപ്പിടസൗകര്യങ്ങളും ഇല്ല.

നിർദ്ദേശങ്ങൾ

1.സ്കൂളുകളിൽ പി.ടി.എ കമ്മി റ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക.

2.പഞ്ചായത്ത് തലത്തിൽ സ്കൂൾകോപ്ലക്സ് തുടങ്ങുക.

3.സ്കൂളുകൾക്ക് വേണ്ടത്രപ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തി കൊടുക്കു ന്നതിന് പി.ടി.എ കമ്മിറ്റികളുടെ നേതൃ ത്വത്തിൽ സന്നദ്ധ പ്രവർത്തനങ്ങൾ സംഭ രിക്കുക.

4.രാഷ്ട്രീയ പാർട്ടികളുടെ വിദ്യാ ർത്ഥി സംഘടനകൾ എന്ന പേരിൽ കുട്ടി കളെ സംഘടിപ്പിക്കുകയോ സ്വയം സംഘ ടിക്കാൻ അനുവദിക്കാതിരിക്കുകയും ചെയ്യുക.

5.അദ്ധ്യാപകരുടെ യഥാർത്ഥ സേവനം വിദ്യാലയങ്ങളിൽ ലഭിക്കു ന്നുണ്ടോ എന്ന് കൃത്യമായി പരിശോധി ക്കകുകയും ലഭിക്കുന്നില്ലെങ്കിൽ ആയത് പരിശോധിക്കുകയും ചെയ്യുക.

6.കുട്ടികൾക്ക് അദ്ധ്യാപകരോടുള്ള ആദരവും സ്നേഹവും യതാർത്ഥത്തിൽ നിലനിൽക്കുന്നുണ്ടോ എന്നത് പരിശോ ധിക്കുകയും ഇല്ലെങ്കിൽ ആയത് പരിഹ രിക്കാൻ എന്ത് ചെയ്യണം എന്ന് ആലോ ചിക്കുക.

7.ഓരോ അദ്ധ്യാപകനും തങ്ങളുടെ ക്ലാസുകളിലെ വിദ്യാർത്ഥികളോടും അതു പോലെ സ്കൂളിലെ മുഴുവൻ വിദ്യാർത്ഥി കളോടും അദ്ധ്യാപകൻെറതായ മാതൃക യിൽ എന്തെങ്കിലും കുറവുവരുത്തു ന്നുണ്ടോ എന്ന് മൂന്നു മാസത്തിൽ ഒരി ക്കൽ അദ്ധ്യാപക രക്ഷകർത്താക്കളും മറ്റു ത്തരവാദിത്തപ്പെട്ടവരുമായി കൂട്ടായ ചർച്ച നടത്തുക.

* * *

# വിദ്യാലയങ്ങളുടെ ഇനവിവരം

ആകെ കുട്ടികൾ    SC/ST കുട്ടികളുടെ എണ്ണം    തോററുപഠിക്കുന്നവർ  മററുള്ളവർ  പഠനം നിർത്തിയവർ    അദ്ധ്യാപകരുടെ എണ്ണം

| ക്രമനമ്പർ | വിദ്യാലയത്തിന്റെ പേര് | ഉടമസ്ഥ | ക്ലാസ്സ് | ആൺ | പെൺ | ആൺ | പെൺ | ആൺ | ആകെ | ആൺ | പെൺ | ആകെ | പെൺ | ആൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | ആൺ | ആകെ | പഠനം നിർത്തിയവരുടെമൊത്തം എണ്ണം | പെൺ | പെൺ | ആകെ | വിദ്യാഭ്യാസ ഹായം ലിഭി ക്കുന്നവരുടെ എണ്ണം | വിജയശതമാനം | മററു വിവരങ്ങൾ | ആകെ പോസ്ററ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | N.S.S. ഹൈസ്ക്കൂൾ | N.S.S. ഐയ്ഡ്സ് | 8 | 190 | 152 | 342 | 22 | 13 | 35 | 9 | 5 | 14 | 13 | 8 | 21 | 3 | 2 | 5 | 9 | 1 | 10 | 15 | 3 | 31 | 34 | | 93-94<br>25-22 | 4 ഏക്കർ 79സെന്റ് സ്ഥലമുണ്ട് | |
| | | | 9 | 170 | 145 | 315 | 18 | 19 | 37 | 5 | 2 | 7 | 13 | 17 | 30 | 2 | 1 | 3 | 7 | 3 | 10 | 13 | 3 | 31 | 34 | | | | |
| | | | 10 | 116 | 140 | 256 | 6 | 7 | 13 | - | - | - | 6 | 7 | 13 | 3 | 2 | 5 | 2 | 3 | 13 | 10 | 3 | 31 | 34 | 108 | | | 41 |
| | | ആകെ | 3 | 476 | 437 | 913 | 39 | 85 | 14 | 7 | 5 | 14 | 13 | 8 | 21 | 3 | 2 | 5 | 9 | 1 | 10 | 38 | 3 | 31 | 34 | 108 | | | 41 |
| 2. | G.U.P.S. ആററൂർ | സർക്കാർ | 1 | 36 | 33 | 69 | 9 | 7 | 16 | - | - | - | - | - | - | - | 1<br>8 | 1 | - | - | - | 1 | 1 | 14 | 15 | 174 | | | 18 |
| | | | 2 | 46 | 33 | 79 | 12 | 5 | 17 | - | - | - | - | - | - | - | - | - | 2 | - | 2 | 2 | - | - | - | | 1 ഏക്കർ 56 സെന്റ് സ്ഥലമുണ്ട് കളിസ്ഥലം ഇല്ല. ചുററുമതിലില്ല പണിപ്പൂർത്തിവേണം. | | |
| | | | 3 | 38 | 30 | 68 | 9 | 3 | 12 | 2 | 2 | 4 | 13 | 8 | 21 | 3 | 2 | 5 | 9 | 1 | 10 | 15 | | | | | | | |
| | | | 4 | 43 | 48 | 91 | 1 | 5 | 6 | - | - | - | - | - | - | - | - | - | 2 | - | 2 | 2 | - | - | - | | | | |
| | | | 5 | 39 | 46 | 85 | 2 | 6 | 8 | - | - | - | 13 | 8 | 21 | 3 | 2 | 5 | 9 | 1 | 10 | 15 | | | | | | | |
| | | | 6 | 51 | 44 | 95 | 9 | 5 | 14 | - | - | - | - | - | - | - | - | - | 2 | - | 2 | 2 | - | - | - | | | | |
| | | | 7 | 49 | 53 | 102 | 5 | 11 | 16 | - | 2 | 2 | 13 | 8 | 21 | 3 | 2 | 5 | 9 | 1 | 10 | 15 | | | | | | | |
| | | ആകെ | 7 | 302 | 287 | 589 | 47 | 42 | 89 | 2 | 4 | 6 | | | | | | | | | | | | | | | | | |
| 3. | അയ്യശാസ്തി മെമ്മോറിയൽ | N.S.S. ഐയ്ഡ്സ് | 5 | 138 | 142 | 280 | 9 | 13 | 22 | 3 | - | 3 | 13 | 3 | - | - | 1<br>8 | 1 | - | - | - | 1 | | | | | | | |
| | | | 6 | 147 | 123 | 270 | 14 | 17 | 31 | 5 | 1 | 6 | 18 | 6 | - | - | - | - | 2 | - | 2 | 2 | | | | | | | |
| | | | 7 | 160 | 117 | 277 | 15 | 10 | 25 | 1 | 1 | 2 | 25 | 9 | 21 | 3 | 2 | 5 | 9 | 1 | 10 | 15 | | | | | | | |
| | | ആകെ | 3 | 445 | 382 | 827 | 38 | 40 | 78 | 9 | 2 | 11 | 56 | 18 | - | - | - | - | 2 | - | 2 | 2 | | | | | | | |
| 4. | G.L.P സ്ക്കൂൾ മുള്ളൂർക്കര | സർക്കാർ | 1 | 66 | 81 | 147 | 5 | 3 | 8 | - | - | - | 13<br>- | 8<br>- | 21<br>- | 3<br>- | 2<br>- | 5<br>- | 9<br>2 | 1<br>- | 10<br>2 | 15<br>2 | | | | | | | |
| | | | 2 | 86 | 76 | 162 | 8 | 11 | 19 | 3 | 1 | 4 | 9 | 8 | 21 | 3 | 2 | 5 | 9 | 1 | 10 | 15 | | | | | | | |
| | | | 3 | 88 | 86 | 174 | 7 | 7 | 14 | 2 | 1 | 3 | | | | | | | | | | | | | | | | | |
| | | | 4 | 92 | 65 | 157 | 4 | 8 | 12 | - | 1 | 1 | 4 | | | | | | | | | | | | | | | | |
| | | ആകെ | 4 | 332 | 308 | 640 | 24 | 29 | 53 | 5 | 3 | 8 | | | | | | | | | | | | | | | | | |
| 5. | ഗാന്ധിമെമ്മോറിയൽ L.P.S കാഞ്ഞിരശ്ശേരി | സർക്കാർ | 1 | 32 | 34 | 66 | 7 | 3 | 10 | - | - | - | 13<br>- | 8<br>- | 21<br>- | 3<br>- | 2<br>- | 5<br>- | 9<br>2 | 1<br>- | 10<br>2 | 15<br>2 | | | | | | | |
| | | | 2 | 40 | 36 | 76 | 6 | 8 | 14 | - | - | 4 | 9 | 8 | 21 | 3 | 2 | 5 | 9 | 1 | 10 | 15 | | | | | | | |
| | | | 3 | 34 | 47 | 81 | 6 | 14 | 20 | 2 | 1 | 3 | | | | | | | | | | | | | | | | | |
| | | | 4 | 40 | 37 | 77 | 7 | 5 | 12 | - | - | 1 | 4 | | | | | | | | | | | | | | | | |
| | | ആകെ | 4 | 146 | 154 | 300 | 26 | 30 | 56 | 3 | 1 | 4 | | | | | | | | | | | | | | | | | |
| 6 | ഹോളി പാലസ് | സ്വകാര്യം | - | - | 40 | 40 | - | - | - | - | - | - | - | | - | - | - | | | | | | | | | | നല്ലനിലവാരം പുലർത്തുന്ന സ്ഥാപനം | | |

# വിദ്യാലയങ്ങളുടെ ഇനവിവരം തുടർച്ച

ആകെ കുട്ടികൾ SC/ST കുട്ടികളുടെ എണ്ണം തോററുപഠിക്കുന്നവർ മററുള്ളവർ പഠനം നിർത്തിയവർ അദ്ധ്യാപകരുടെ എണ്ണം

| ക്രമനമ്പർ | വിദ്യാലയത്തിന്റെ പേര് | ഉടമസ്ഥ | ക്ലാസ്സ് | ആൺ | പെൺ | ആൺ | പെൺ | ആൺ | ആകെ | ആൺ | പെൺ | ആകെ | പെൺ | ആൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | ആൺ | ആകെ | പഠനം നിർത്തിയവരുടെമൊത്തം എണ്ണം | പെൺ | പെൺ | ആകെ | വിദ്യാഭ്യാസ ഹായം ലിഭി ക്കുന്നവരുടെ എണ്ണം | വിജയശതമാനം | മററുവിവരങ്ങൾ | ആകെ പോസ്ററ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 7. | പ്രഭാ ട്യൂട്ടോറിയൽ കോളേജ് | സ്വകാര്യം | | 90 | 88 | 178 | | | | | | | | | | | | | | | | | | | 8 | | നല്ല അഭിപ്രാമുള്ള സ്ഥാപനം | | |
| 8. | Grace ഇംഗ്ലീഷ് മീഡിയം | സ്വകാര്യം | | 46 | 37 | 83 | | | | | | | | | | | | | | | | | | | 6 | | നല്ല അഭിപ്രാമുള്ള സ്ഥാപനം | | |
| 9. | യൂനിക് ട്യൂട്ടോറിയൽ കോളേജ് | സ്വകാര്യം | | 20 | 15 | 35 | | | | | | | | | | | | | | | | | | | 8 | | | | |
| 10. | ഹോളി എഞ്ചൽസ് ഇംഗ്ലീഷ് മീഡിയം | സ്വകാര്യം | | 27 | 18 | 45 | | | | | | | | | | | | | | | | | | | 5 | | | | |

# പൊതുജനാരോഗ്യം

മുള്ളൂർക്കര പഞ്ചായത്തിനെ സംബന്ധിച്ച് മേൽപ്പറഞ്ഞ സംഗതികളെ പ്രതി ഒരു റിപ്പോർട്ട് തയ്യാറാക്കുമ്പോൾ പഞ്ചായത്തിൻെറ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളെയും പൊതുജനങ്ങളുടെ ഉപജീവനമാർഗ്ഗങ്ങളെയും കുറിച്ചാലോചിക്കാതെ വയ്യ. വേണ്ടത്ര വാഹനസൗകര്യങ്ങളോ റോഡുകളോ ഇല്ലാത്തത് മൂലം അത്യാസന്ന നിലയിലുള്ള പല രോഗികളും മാർഗ്ഗമധ്യേ യമലോകം പൂകുകയാണ് പതിവ്. പാടശേഖരങ്ങളും മലനിരകളുമൊക്കെയുള്ള നമ്മുടെ പഞ്ചായത്തിൽ സാധാരണക്കാരിൽ സാധാരണക്കാരായുള്ള നമ്മുടെ ജനങ്ങൾ ആതുര ശുശ്രൂഷക്കായി രോഗികളെയും കൊണ്ട് ജില്ലാ,താലൂക്ക് ആസ്ഥാനങ്ങളിലുള്ള ആശുപത്രികളിലേക്കുള്ള പ്രയാണം വളരെ ദുഷ്കരമാണ്. വരുമാനത്തിൻെറ കാര്യത്തിൽ താഴെക്കിടയിലുള്ള നമ്മുടെ ജനതയ്ക്കാകട്ടെ പോഷകാഹാരകുറവിൻെറ പ്രശ്നങ്ങളും ശുദ്ധജലത്തിൻെറ ക്ഷാമവും പരിഹരിച്ച് കൊടുക്കാൻ നമ്മുടെ ഒരു പദ്ധതികൾക്കുമായിട്ടില്ല എന്ന നഗ്നസത്യവും മറക്കത്തക്കതല്ല എന്നിരിക്കിലും നമ്മുക്ക് ചെയ്യാവുന്ന കാര്യങ്ങളിലേക്ക് ഒരെത്തിനോട്ടം നടത്താൻ നമ്മൾ സന്നദ്ധരാവുകയാണിവിടെ.

പഞ്ചായത്തിലെ മുഖ്യ ആതുരാലയം ഒരു മിനി പ്രൈമറി ഹെൽത്ത് സെൻററാണ്. കെട്ടിടം സ്വന്തമായി ഉണ്ടെങ്കിലും ചുററുമതിൽ ഇല്ലാത്തതിനാൽ പകലും രാത്രികാലങ്ങളിലും ഒരു പോലെ കന്നുകാലികളും, സാമൂഹ്യവിരുദ്ധരുടെയും ശല്യവും ഉള്ളതുകൊണ്ട് ആശുപത്രിക്ക് കോമ്പൗണ്ട് വാൾ കെട്ടി ആശുപത്രിയും പരിസരവും സംരക്ഷിക്കേണ്ടതാണ്. രാത്രി സമയത്ത് ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്തതിനാൽ ആശുപത്രി ഉള്ളതും ഇല്ലാത്തതും ഒരു പോലെയാകുന്നു. ഇപ്പോൾ നിലവിലുള്ള P.H.C യെ ഉയർത്തി 10പേരെയെങ്കിലും കിടത്തി ചികിൽസിക്കാനുള്ള സംവിധാനമുണ്ടാക്കി രാത്രകാലങ്ങളിലും വൈദ്യസേവനം ലഭ്യമാക്കാൻ വേണ്ട ഏർപ്പാടുകൾ ഉടനെ ചെയ്യണം. രണ്ട് ഷിഫ്ടിൽ ജോലി ചെയ്യുന്നതിന് രണ്ട് ഡോക്ടർമാർ നിർബന്ധമായും ഉണ്ടാകണം. ആശുപത്രയെ അപ്ഗ്രേഡ് ചെയ്യുമ്പോൾ സ്ററാഫുകളുടെ കുറവുകൾ നികത്തണം. ആഴ്ചയിൽ ഒരിക്കലെങ്കിലും കണ്ണ്, എല്ല്, ഗൈനക്കോളജി തുടങ്ങിയവയിൽ സ്പെഷലൈസ് ചെയ്ത ഡോക്ടർമാരുടെ സേവനം ഉറപ്പ് വരുത്തുന്നതിനാവശ്യമായ തീരുമാനങ്ങൾ സ്വീകരിക്കണം.

ഇപ്പോൾ സ്വന്തം കെട്ടിടത്തിലേക്ക് മാററുവാൻ പോകുന്ന ആയുർവ്വേദ ഡിസ്പെൻസറി അപ്ഗ്രേഡ് ചെയ്ത് രോഗികളെ കിടത്തി ചികിൽസിപ്പിക്കാനുള്ള സൗകര്യം ഒരുക്കുകയും ആവശ്യത്തിന്

ഡോക്ടർമാരെയും സ്ററാഫുകളെയും നൽകുകയും ചെയ്യണം. വിഷചികിൽസ, വാതചികിൽസ എന്നിവക്കുള്ള പ്രത്യേക സങ്കേതങ്ങളുമൊരുക്കി ആശുപത്രി സാധാരണ ജനങ്ങൾക്ക് പ്രയോജനകരമാക്കി മാററണം. കൂടാതെ ആരോഗ്യമുള്ളൊരു ജനതയാണ് സമ്പത്ത് എന്ന് മനസ്സിലാക്കി പഞ്ചായത്തിനുള്ളിൽ ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിനും കൂടുതൽപേർക്ക് വൈദ്യസഹായം ലഭ്യമാക്കുന്നതിനും വേണ്ട സൗകര്യമൊരുക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ ആശുപത്രി സബ്സെൻററുകൾ സ്ഥാപിക്കുകകയും വേണം. ഒരു S.E.T സെൻററും P.H.C യിൽ ഒരു I.L.R അത്യാവശ്യമാണ്.

മേൽപ്പറഞ്ഞ സംഗതികൾക്കായി ഒരു തീവ്രയത്നപരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് മുന്നോടിയായി നിലവിലുള്ള ആശുപത്രകളിൽ അത്യാവശ്യമരുന്നുകൾ നിർബന്ധമായും എത്തിക്കുന്നതിന് ബന്ധപ്പെട്ട മേഖലകളിൽ സമ്മർദ്ധം ചെലുത്തി ജനങ്ങളോടുള്ള കടമ നിർവ്വഹിക്കണം. പകർച്ചവ്യാധികൾ, ആരോഗ്യകുറവ്, പോഷണക്കുറവ് മുതലായവയുള്ള ജനങ്ങളെ കണ്ടെത്തി അവർക്ക് പ്രത്യേക ചികിൽസകൾ നൽകേണ്ടത് അത്യാവശ്യമാണ്.

## *ആരോഗ്യസ്ഥിതി വിവരക്കണക്ക്.*

**1.ആകെവീടുകൾ.**




**2. കക്കൂസുള്ള വീടുകളുടെ എണ്ണം-1315**

| | | |
|---|---|---|
| a.സെപ്ററിക് ടാങ്ക് | : | 175 |
| b.ഇ.എസ്.പി | : | 19 |
| c.മററുള്ളവ | : | 1121 |

**3.കുടിവെള്ള സ്രോതസ്സ്.**

| | | |
|---|---|---|
| a.സാനിററിവെൽ | : | 16 |
| b.സാധാരണകിണർ | : | 1856 |
| c.കുളം | : | ---- |
| d.നദി | : | ---- |
| e.പൈപ്പ് | : | ---- |
| f.പൊതുവിതരണം | : | ---- |

**6.വൈദ്യുതി**

| | | |
|---|---|---|
| a.ഉള്ളത് | : | 2978 |
| b.അല്ലാത്തവ | : | 995 |

**7. ജനസംഖ്യ**




**8.പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ :(സ്ത്രീയുടെ പ്രായക്രമം)**

| | |
|---|---|
| a.15-19 | 188 |
| b.20-24 | 517 |
| c.25-29 | 560 |
| d.30-34 | 467 |
| e.35-39 | 424 |
| f.40-44 | 212 |

9.അമ്മമാരുടെ എണ്ണം. (ജീവിച്ചിരിപ്പുള്ള കുട്ടികളുടെ അടിസ്ഥാനം)

a. 1കുട്ടി 457

b. 2കുട്ടികൾ 703

c.2ൽകൂടുതൽ 970

10.കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാർ.

a. 1കുട്ടി 212

b.2കുട്ടികൾ 590

c.2ൽ അധികം 847

11.അംഗവൈകല്യമുള്ളവർ

a. അന്ധർ 19

b. ബധിരർ 25

c.മൂകർ —

d. ബധിര-മൂകർ+അന്ധർ 47

e.ചലന വൈകല്യങ്ങൾ 103

ആകെ 194

12. മന്ദബുദ്ധികൾ (എണ്ണം)

a. 0 -5 : 00

b. 6-10 : 00

c. 11-15 : 2

d 16ന് മേൽ : 9

13. സ്ഥായിയായ രോഗബാധിതർ.

a. രക്തസമ്മർദ്ധം 108

b. പ്രമേഹം 120

c. കാൻസർ —

d. കുഷ്ഠം 14

e. ക്ഷയം 4

f. ഹൃദ്രോഗം 89

ആകെ

14. a. ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം : 234

b. പ്രതിരോധ കുത്തിവെയ്പ് നടത്തിയവർ : 223

## കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

| പ്രായം | നോർമ്മൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1ൽ താഴെ | 105 | 115 | — | — | 7 | 12 | — | — |
| 1-3 വയസ്സ് | 160 | 178 | — | — | — | — | — | — |
| 3-6 വയസ്സ് | 421 | 512 | — | — | — | — | — | — |

1-ാം ഗ്രേഡ്: ലഘുവായ പോഷണക്കുറവുള്ളവർ

2-ാം ഗ്രേഡ്: മിതമായ പോഷണക്കുറവുള്ളവർ

3-ാം ഗ്രേഡ്: ഗുരുതരമായ പോഷണക്കുറവുള്ളവർ

## കുട്ടികളുടേയും ഗർഭണികളുടേയും പ്രതിരോധകുത്തിവെയ്പ്

| കുട്ടികൾ | ബി.സി.ജി | ഡി.പി.ടി | | | | പോളിയോ | | | | ഡി.ടി | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | 4D | 1D | 2D | 3D | 4D | |
| 1ൽ താഴെ | 221 | 181 | 190 | 196 | — | 181 | 190 | 196 | — | — | — | — | — | 215 |
| 1-3 വയസ്സ് | — | — | — | — | 166 | — | — | — | 166 | — | — | — | — | — |
| 3-6 വയസ്സ് | — | — | — | — | — | — | — | — | — | — | — | — | 128 | — |

### ടെററനസ്സ് ടോക്സോയിഡ്

| ഗർഭിണികൾ | 1D | 2D | BD |
|---|---|---|---|
| | 114 | 120 | 14 |

ഇരുമ്പ്/ഫോളിക് ആസിഡ് ഗുളികകൾ ലഭിച്ച ഗർഭണികളുടെ എണ്ണം 150

ഇരുമ്പ്/ഫോളിക് ആസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം 390

വിററാമിൻ A തുള്ളിമരുന്ന് ലഭിച്ച കുട്ടികൾ 520

ആശുപത്രിയിൽ നടന്ന പ്രസവങ്ങൾ 173

വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം NIL

## ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ

| ഏത് വിഭാഗം ചികിത്സാ സംവിധാനം | ആശുപത്രി | | ഡിസ്പെൻസറി | | മാതൃശിശു സംരക്ഷണ കേന്ദ്രം | | മൊത്തം ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|
| | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | | | |
| MODERN MEDICINE | P.H.C | — | — | — | 4 | — | മൊത്തം 18 ജീവനക്കാർ ഇപ്പോൾ 16 ജീവനക്കാർ 2 പേരുടെ ഒഴിവുകൾ |

| വർഷം | ഇൻ പേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം പ്രതിവർഷം (എണ്ണം) | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാത രോഗം എല്ലാ വിഭാഗവും | പകർച്ച വ്യാധി കൾ | വിഷ ചികിത്സ (പാമ്പ് കടി etc.) | മററുള്ളവ | ആകെ |
| 1992 - 93 | NILL | 11539 | 2304 | 760 | 718 | NILL | 7757 | 11539 |
| 1993 - 94 | NILL | 11039 | 1918 | 803 | 708 | NILL | 7610 | 11039 |
| 1994 - 95 | NILL | 12276 | 2295 | 867 | 678 | NILL | 8436 | 12276 |
| 1995 - 96 | NILL | 13137 | 2946 | 911 | 578 | NILL | 8702 | 13137 |
| ആകെ | NILL | 47991 | 9463 | 3341 | 2682 | NILL | 32505 | 47991 |

## ജനന മരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപിള്ളജനനം |
|---|---|---|---|
| 1993 - 94 | 312 | 59 | NILL |
| 1994 - 95 | 305 | 46 | NILL |
| 1995 - 96 | 315 | 48 | NILL |

## പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മററുള്ളവ |
|---|---|---|---|---|
| 1993 - 94 | 670 | 30 | 1 | 7 |
| 1994 - 95 | 635 | 37 | 2 | 4 |
| 1995 - 96 | 543 | 26 | 4 | 5 |

## സ്ഥാപനവിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | ഇനം | കെട്ടിടം സ്വന്തം/ വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | P.H. Centre | P.H. .C | സ്വന്തം | 18 | Starteed as G.R.D. on 10.4.81 G.R.D. changed into 2 ..12.85 | വേനലിൽ വെള്ളമില്ല. വെള്ളം Supply ചെയ്യാൻ മോട്ടോറോ പൈപ്പ് കണക്ഷനോ ഇല്ല. Compound wall ഇല്ലാത്തതിനാൽ നാൽക്കാലിശല്യം ഉണ്ട്. ഒരേഒരു കക്കൂസ് മാത്രമായതിനാൽ രോഗികളും ജീവനക്കാരും അത് തന്നെ ഉപയോഗിക്കേണ്ടി വരുന്നു. waste dispose ചെയ്യാൻ സംവിധാനമില്ല |

## മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് കുഷ്ഠരോഗം സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ

## എരുമപ്പെട്ടി ലെപ്രസി കൺട്രോൾ യൂണിററ്

| വർഷം | ഇൻപേഷ്യൻറ് എണ്ണം | ഔട്ട്പേഷ്യൻറ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം പ്രതിവർഷം (എണ്ണം) | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാത രോഗം എല്ലാ വിഭാഗവും | പകർച്ച വ്യാധികൾ | വിഷ ചികിത്സ (പാമ്പ് കടി etc.) | മററുള്ള രോഗങ്ങൾ | ആകെ |
| 1992 - 93 | — | 16 | — | — | — | — | — | 16 |
| 1993 - 94 | — | 3 | — | — | — | — | — | 3 |
| 1994 - 95 | — | 6 | — | — | — | — | — | 6 |
| 1995 - 96 | — | 1 | — | — | — | — | — | 1 |
| ആകെ | — | 26 | — | — | — | — | — | 26 |

## ഗവ: ആയുർവ്വേദ ഡിസ്പെൻസറി ഇരുന്നിലംകോട്
## സ്ഥിതിവിവരക്കണക്കുകൾ

| ക്രമനമ്പർ | സ്ഥാപനത്തിൻെറ പേര് | എണ്ണം | കെട്ടിടം സ്വന്തം/ വാടക | ഉദ്യോഗസ്ഥർ | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | ഗവ: ആയുർ: ഡിസ്പെൻസറി ഇരുന്നിലംകോട് | 1 | വാടക കെട്ടിടം | 4 | പഴയ റജിസ്ററർ പരിശോദിച്ചെങ്കിലും സ്ഥാപിച്ചവർഷം കൃത്യമായിട്ടറിയാൻ സാധിച്ചിട്ടില്ല | — |

| വർഷം | ഇൻപേഷ്യൻറ് എണ്ണം | ഔട്ട്പേഷ്യൻറ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം പ്രതിവർഷം (എണ്ണം) | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാതരോഗം എല്ലാ വിഭാഗവും | പകർച്ച വ്യാധികൾ | വിഷചികിത്സ (പാമ്പ് കടി etc.) | മററുള്ള രോഗങ്ങൾ | ആകെ |
| 1992 - 93 | — | 4522 | 874 | 2976 | 138 | — | 534 | 4522 |
| 1993 - 94 | — | 5547 | 1236 | 3077 | 471 | — | 763 | 5547 |
| 1994 - 95 | — | 18302 | 4419 | 9565 | 2093 | — | 2225 | 18302 |
| 1995 - 96 | — | 16338 | 3917 | 9647 | 861 | — | 1913 | 16338 |
| ആകെ | — | 44709 | 10446 | 25265 | 3563 | — | 5435 | 44709 |

**ചികിത്സാസംവിധാനം : ഇന്ത്യൻ സിസ്ററംസ് ഓഫ് മെഡിസിൻ (സർക്കാർ)**

# പരിസര മലിനീകരണം

പരിസര മലിനീകരണത്തെക്കുറിച്ച് പറയുമ്പോൾ തുടക്കം ശുചിത്വത്തിൽ നിന്നാകാതെ വയ്യ. നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ ഏറിയകൂറും കാർഷികവൃത്തിയാൽ ജീവിതം കഴിച്ചുകൂട്ടുന്നവരാണ്. ജീവിക്കുന്ന ചുററുപാടും ജീവിതചര്യകൾക്കും സമൂഹത്തിന്റെ പൊതു ആരോഗ്യത്തിൽ അതിപ്രധാനമായ പങ്ക് വഹിയ്ക്കാനാകും. പൂർണ്ണ ആരോഗ്യവാനായി ജീവിക്കുവാൻ ഒരു വ്യക്തിക്ക് ഭിഷഗ്വരന്മാരുടെ സേവനത്തേക്കാൾ ഏറെ ആവശ്യം ആരോഗ്യവിഷയത്തെപ്പററിയുള്ള ബോധവും ശുചിത്വബോധവും തന്നെയാണ്. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അശ്രദ്ധയിൽനിന്നും ഉടലെടുക്കുന്ന മലിനീകരണമാണ് ഏറെയും.

അവരവർക്ക് വേണ്ടാത്തതും ആവശ്യം കവിഞ്ഞതുമായ പാഴ്‌വസ്തുക്കൾ വഴിയിലുപേക്ഷിക്കുകയാണ് പതിവ്. എന്നാൽ ഒരു മഴയുടെ വരവോടെ നശിപ്പിയ്ക്കപ്പെടാതെ കിടക്കുന്ന ഇത്തരം അവശിഷ്ടങ്ങൾ കാനകളിലൂടെ ഒഴുകിപ്പരന്നും കെട്ടിക്കിടന്നും പരിസരത്തെ ദുർഗന്ധപൂരിതവും മലീനവുമാക്കുന്നു. റോഡുകൾക്ക് കാനകൾ ഉള്ള സ്ഥലങ്ങളിൽ ഇതാണ് സ്ഥിതിയെങ്കിൽ കാനകൾ ഇല്ലാത്തവയോ വൃത്തിയാക്കപ്പെടാതെ കിടക്കുന്നതോ ആയ പരിസരങ്ങളുടെ കാര്യം കൂടുതൽ ശോചനീയമെന്നേ പറയാനാവൂ. കാലാകാലങ്ങളിൽ ഓടകൾ ശുചീകരിയ്ക്കുന്നതിനും, നമ്മുടെ പഞ്ചായത്തിലെ ജനസാന്ദ്രതയുള്ള സ്ഥലങ്ങളിലെങ്കിലും പാഴ്‌വസ്തുക്കൾ നിക്ഷേപിക്കുന്നതിന് വേസ്ററ്ബിന്നുകൾ സ്ഥാപിയ്ക്കുന്നതിനും അവ യഥാസമയം നീക്കം ചെയ്യുന്നതിനും ഉള്ള സംവിധാനം എത്രയും പെട്ടെന്ന് തന്നെയുണ്ടാക്കേണ്ടത് അത്യാവശ്യമാണ്. കിണറുകൾ, കുളങ്ങൾ എന്നിങ്ങനെയുള്ള ശുദ്ധജല സ്രോതസ്സുകൾ പ്രകൃതിയുടെ വരദാനമായിത്തന്നെ കണക്കിലെടുത്ത് കാലാകാലങ്ങളിൽ ശുചിയാക്കിയും ആവശ്യമുള്ളവർക്ക് ചുററുമതിൽ കെട്ടിയും സംരക്ഷിയ്ക്കേണ്ടതും, നാൽക്കാലികൾ ഇറങ്ങുന്നത് ഒഴിവാക്കപ്പെടേണ്ടതുമാണ്. പഞ്ചായത്തിന്റെ സിരാകേന്ദ്രമായ മുള്ളൂർക്കര സെൻററിൽ ഒരു കംഫർട്ട് സ്റേറഷൻ അനിവാര്യമാണ്. ദിനംപ്രതി വളരെയേറെപ്പേർ എത്തിച്ചേരുന്ന സ്ഥലമായതിനാൽ മലമൂത്രവിസർജ്ജനത്തിനുള്ള അസൗകര്യം മുതലെടുത്ത് പൊതുവഴികളും സ്ക്കൂൾ പരിസരങ്ങളും വൃത്തികേടാക്കുകയാണ്. ഇതിനൊരു പരിഹാരം കാണാൻ ഒരു കംഫർട്ട് സ്റേറഷൻ നിർമ്മിക്കുന്നതിൽ കുറവായൊന്നും കാണുവാൻ സാധിക്കില്ല. ഇതിൽ നിന്നും ഒരു ചെറിയ വരുമാനം പഞ്ചായത്തിന് ഉണ്ടാക്കാവുന്നതും ഒന്നിലധികം പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും സർവ്വോപരി ഒരു ക്ലീൻ മുള്ളൂർക്ക

രയ്ക്ക് വിപ്ലവകരമായ തുടക്കം കുറിയ്ക്കാവുന്നതുമാണ്. ക്ലീൻ സിററി എന്ന കാര്യം ഉന്നയിക്കുമ്പോൾ നിലവിലുള്ള മത്സ്യ മാംസ സംസ്കരണ സമ്പ്രദായത്തിൻെറ പോരായ്മയെപ്പററിയും അവകൾ പരിഹരിക്കുന്നതിന് വേണ്ടി ആധുനികരീതിയിലുള്ള അറവ്ശാലകൾ (slotter Houses) നിർമ്മിച്ച് നൽകേണ്ട കാര്യവും ഗൗരവമായി ചിന്തിക്കേണ്ടതും നടപ്പിലാക്കേണ്ടുമായ സംഗതിയാണ്.

ശുദ്ധജല വിതരണത്തിനായ ഭാഗികമായി നൽകപ്പെട്ടിട്ടുള്ള വാട്ടർടാപ്പുകൾക്കടുത്ത് വാഹനങ്ങളേയും വളർത്തുമൃഗങ്ങളേയും കഴുകുന്നതായും ആവശ്യം കഴിഞ്ഞുള്ള മനിനജലം അതത് പ്രദേശങ്ങളിൽ കെട്ടിക്കിടക്കുന്നതായും കാണുന്നു. ഇത്തരം വെള്ളക്കെട്ടുകളാണ് മാരക രോഗവാഹകരായ കൊതുകുകളെ വളർത്തുന്നതെന്ന കാര്യത്തിൽ സംശയമില്ല. പൊതു ടാപ്പുകൾ ദുരുപയോഗം ചെയ്യുന്നത് നിയമം മൂലം തടയേണ്ടതും കൊതുക് ഈച്ച തുടങ്ങിയ പരാദങ്ങളെ ഫലപ്രദമായി നിയന്ത്രിയ്ക്കാൻ നടപടികൾ സ്വീകരിക്കാൻ ഉടനെ വേണ്ടത് ചെയ്യണം.

സാധാരണക്കാരിൽ സാധാരണക്കാർ അധിവസിക്കുന്ന ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽ മലമൂത്രവിസർജ്ജനത്തിന് തുറസ്സായ സ്ഥലങ്ങളോ അഭികാമ്യമല്ലാത്ത കക്കൂസുകളോ ആണ് ഇന്നും ഉപയോഗിച്ച് വരുന്നത്. സാനിട്ടേഷൻ സൗകര്യങ്ങൾ തീരെ കുറവുള്ള പ്രദേശങ്ങൾ തിരഞ്ഞ് പിടിച്ചും സാമ്പത്തിക ശേഷി കുറവുള്ളവരെ കണ്ടെത്തിയും പഞ്ചായത്ത് മുൻകയ്യെടുത്ത് കക്കൂസുകൾ നിർമ്മിച്ച് നൽകുക തന്നെവേണം. യുദ്ധകാലാടിസ്ഥാനത്തിൽത്തന്നെ ഇതിന് വേണ്ടുന്ന നടപടികൾ സ്വീകരിച്ചാൽ രണ്ടായിരാമാണ്ടോടെ സമ്പൂർണ്ണലക്ഷ്യം കൈവരിയ്ക്കാൻ നമുക്ക് സാധിയ്ക്കും.

ഇന്ധനങ്ങൾ കത്തിയെരിയുമ്പോൾ വിസർജ്ജിക്കപ്പെടുന്ന വിഷലിപ്തമായ വായുവും നമുക്ക് വൻ ഭീഷണിയുയർത്തുന്നു. ഏറെ പുക വമിക്കുന്നതും, മലിനജലം പുറത്തേയ്ക്കൊഴുക്കിവിടുന്നതുമായ വ്യവസായശാലകൾ ഒന്നും നമ്മുടെ പഞ്ചായത്തിലില്ലെന്ന് നമുക്ക് ആശ്വസിയ്ക്കാം. ശബ്ദമലിനീകരണവും നിയന്ത്രിക്കപ്പെടേണ്ടതാണ്. നാം ശ്വസിക്കുന്ന വായു എത്രയോ വിലപ്പെട്ടതാണെന്ന് ആരും ഗൗനിക്കുന്നില്ല. പുകവലിയിലൂടെ രോഗം വിലക്കെടുക്കുന്നവർ ആനുദിനം പെരുകിവരുകയാണ്. ധൂമരൂപത്തിൽ നിരവധി വിഷവാതകങ്ങളും, ലഹരിയ്ക്കായും അല്ലാതെയും വലിച്ച്കയററുന്നവർ നിരവധിയാണ്. ഒരു സുശക്തമായ ബോധവൽക്കരണത്തിലൂടെ പോതുജനത്തെ രക്ഷിക്കുവാനുള്ള ബാധ്യതയും നാം ഏറെറടുക്കണം. പുകവലിക്കാർ പുകച്ച് പുറത്തേക്ക് വിടുന്ന വിഷവാതകങ്ങളും പുകയും ഏററ് വാങ്ങുന്നവരിൽ നിരപരാധികളും നിരവധിയാണ്. അതിനാൽ തന്നെ പൊതുസ്ഥലങ്ങൾ, ഓഫീസുകൾ തുടങ്ങിയവ പുകവലി നിരോധിതമേഖലയായി പ്രഖ്യാപിക്കുവാനും നടപ്പിൽവരുത്താനും നാം യത്നിക്കണം.

പ്രതൃതി നമുക്ക് വായുവും വെള്ളവും, ഭക്ഷണവും ഒരുക്കിത്തന്നിട്ടുള്ളത് ദോഷകരമല്ലാത്തരീതിയിൽ ചൂഷണം ചെയ്യുകയാണ് നമ്മൾ ചെയ്യേണ്ടത്. അതിനായി നമുക്ക് നമ്മുടെ പ്രകൃതിയേയും ചുററുപാടുകളേയും മലിനീകരണത്തിൽനിന്ന് സംരക്ഷിക്കേണ്ട ചുമതല നിർവ്വഹിക്കുവാൻ മുന്നിട്ടിറങ്ങാം, പടയണിചേരാം.

# കുടിവെള്ളം

മാനവരാശിയുടെ ചരിത്രത്തോളം തന്നെ പഴക്കം ചെന്ന ഒരു പ്രശ്നമാണ് കുടിവെള്ള പ്രശ്നം. നമ്മുടെ പഞ്ചായത്തിലേയും നീറുന്ന പ്രശ്നങ്ങളിലൊന്നാണ് ശുദ്ധജലക്ഷാമം

ഭൂരിഭാഗം ജനങ്ങളും ഇപ്പോഴും ശുദ്ധജലത്തിന് ആശ്രയിക്കുന്നത് കിണറുകളെയാണ്. എന്നാൽ പ്രകൃതിയുടെ വ്യതിചലനത്തിൽ വേണ്ടത്ര ശുദ്ധജലം ലഭ്യമാക്കാൻ നിലവിലുള്ള സ്രോതസ്സുകൾക്ക് കഴിയുന്നില്ലാത്തതിനാൽ പൈപ്പ് ലൈൻ വലിച്ച് കണക്ഷൻ നൽകുക എന്നതാണ് ബുദ്ധിപരമായ തീരുമാനം നമ്മുടെ പഞ്ചായത്തിൽ ഭാഗീകമായ പൈപ്പ് ലൈൻ സ്ഥാപിച്ച് ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി പരിശ്രമിച്ചിട്ടുണ്ടെങ്കിലും എല്ലാവർക്കും ശുദ്ധജലം എന്ന സ്വപ്നം സാക്ഷാത്കരിക്കാനായിട്ടില്ല

ഈ പഞ്ചായത്ത് പ്രദേശത്ത് കുടിനീർ പ്രശ്നം പരിഹരിയ്ക്കുന്നതിനായി സാധാരണകിണറുകൾ, കുഴൽ കിണറുകൾ, L.I.C. സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട് (IInd Stage) ഏകദേശം 5 കിലോ മീററോളം പഞ്ചായത്തിൻെറ ഉൾപ്രദേശങ്ങളിലേക്ക് ഭാഗികമായി കുടിവെള്ളമെത്തിയ്ക്കാൻ സാധിച്ചിട്ടുണ്ട്.

രാജീവ്ഗാന്ധി ഡ്രിങ്കിങ് വാട്ടർ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതാനും ഹരിജൻ കോളനികളിലേയ്ക്ക് ശുദ്ധജലം എത്തിയ്ക്കുന്നതിനായി ഏകദേശം 3 കിലോമീററോളം പൈപ്പ് ലൈൻ സ്ഥാപിയ്ക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയായികൊണ്ടിരിക്കുന്നത് ഉടൻ നടപ്പിൽ വരുമെന്ന് പ്രത്യാശിയ്ക്കുന്നു. പഞ്ചായത്തിൽ ഏററവുമധികം ശുദ്ധജനക്ഷാമം അനുഭവപ്പെടുന്ന ഇരുനിലംകോട്, കാഞ്ഞിരശ്ശേരി, ചെമ്പൻപടി പ്രദേശങ്ങളിലേയ്ക്ക് ശുദ്ധജലവിതരണം നടത്തുന്നതിന് വേണ്ടി മേൽപ്പറഞ്ഞ പദ്ധതിയിൽ ഉൾപ്പെടുത്തി കാഞ്ഞിരശ്ശേരിയിൽ ഒരു കുഴൽ കിണർ കുഴിച്ചിട്ടുള്ളതും വെള്ളം സുലഭമായി കിട്ടുന്നതുമാണ്. ടി പദ്ധതിയുടെ രണ്ടാം ഘട്ടം എന്ന നിലയിൽ അവിടെ ഒരു പമ്പ് ഹൗസ് സ്ഥാപിച്ച് വാട്ടർ ടാങ്ക് കെട്ടി മേൽപ്പറഞ്ഞ സ്ഥലങ്ങളിലേയ്ക്ക് പൈപ്പ്ലൈൻവഴി വെള്ളമെത്തിയ്ക്കാനുള്ള പദ്ധതിയ്ക്ക് പഞ്ചായത്ത് യുദ്ധകാല വീക്ഷണത്തിൽ മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്.

സാമ്പത്തിക ഭദ്രതയുടെ കാര്യത്തിൽ ഏററവും പിന്നിൽ നിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ പ്രത്യേകിച്ചും അവശതയനുഭവിക്കുന്ന പിന്നോക്കവിഭാഗക്കാരും പട്ടികജാതിക്കാരും തിങ്ങിപ്പാർക്കുന്ന

മുള്ളൂർക്കരയുടെ വിവിധ പ്രദേശങ്ങളി ലേയ്ക്ക് ശുദ്ധജലം എത്തിക്കുന്നതിനാ യുള്ള നടപടികൾക്കായുള്ള സാമ്പത്തിക സഹായം വരുന്ന വരൾച്ചാ കാലഘട്ട ത്തിലേയ്ക്കെങ്കിലും ഉപയോഗപ്പെടുത്താ വുന്ന രീതിയിൽ സർക്കാർതലത്തിൽനി ന്നും ലഭ്യമാക്കുന്നതിന് വേണ്ട നടപടി ക്രമങ്ങൾ അടിയന്തിരമായി ഉണ്ടാവേണ്ടത് അത്യാന്താപേക്ഷിതമാണ്.

പഞ്ചായത്തിന്റെ നിലവിലുള്ള വാട്ടർ ടാങ്ക് ഏററവും താഴ്ന്ന പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ളതുകൊണ്ടാണ് ഇരുന്നി ലംകോട്, കാഞ്ഞിരശ്ശേരി പ്രദേശത്തു ക്കാർക്ക് വെള്ളം എത്തിക്കുന്നതിന് മ റെറാരു ബദൽ പദ്ധതി ആവിഷ്കരി ക്കേണ്ടി വന്നത്. അന്നത്തെ വാട്ടർ അതോറിട്ടിയുടെ പിടിപ്പ്കേടും, ദീർഘവീ ക്ഷണമില്ലായ്മയും നിമിത്തം ഒരു വൻ സാമ്പത്തിക നഷ്ടം പഞ്ചായത്ത് അനു ഭവിച്ച് കൊണ്ടിരിക്കുന്നതും അതിനാൽ മാത്രമാണ്, മേൽപറഞ്ഞ പ്രദേശത്തു കാർക്കും ഇപ്പോൾ പൈപ്പ് ലൈൻ വന്ന് നിൽക്കുന്ന സ്ഥലങ്ങളിലുള്ളവർക്കും ശുദ്ധ ജലം എത്തിയ്ക്കുവാൻ സാധിയ്ക്കാതി രുന്നത് എന്ന ദു:ഖസത്യം ഈ റിപ്പോർ ട്ടിൽ ഉൾക്കൊള്ളിക്കുവാൻ ഈ സന്ദർഭം ഞങ്ങൾ വിനിയോഗിക്കുകയാണ്.

നിലവിൽ പൈപ്പ്ലൈൻ ഉള്ള സ്ഥല ങ്ങളിൽ ടാപ്പുകളുടെ അപര്യാപ്തതയാൽ ജനങ്ങൾ ടാപ്പുകളിൽ നിന്ന് ടാപ്പുകളി ലേയ്ക്ക് ദീർഘദൂരം സഞ്ചരിക്കുകയാ ണിപ്പോൾ. ഇക്കാര്യം പരിഹരിക്കുന്നതി നായി വേണ്ടത്ര ടാപ്പുകൾ അനുവദിച്ച് ദുരിതനിവൃത്തിക്കായി യത്നിക്കണം. പഞ്ചാ യത്തിലെ പൊതുകിണറുകൾ അററകുറ റപണികൾ നടത്തി സംരക്ഷിക്കപ്പെടേണ്ട വയാണ്.

മുള്ളൂർക്കര ഗ്രാമ പഞ്ചായത്തിനെ സർക്കാർ ദത്തെടുത്ത്, കുടിവെള്ള പ്രശ്ന ത്തിന് ശാശ്വത പരിഹാരം കാണുമെന്ന് ഈ റിപ്പോർട്ടിലൂടെ പൊതുവേ പ്രത്യാ ശിക്കുന്നു.

| TAP | BOREWELL | OPENWALL |
|---|---|---|
| 80 | 6 | 26 |

*Total pipe length : 11 K.M.S*

O*O

# സാമൂഹ്യക്ഷേമം

മുളളൂർക്കര പഞ്ചായത്തിലെ 9 വാർഡുകളിലായി 3.846 കുടുംബങ്ങൾ വസിക്കുന്നുണ്ട്. മുള്ളൂർക്കര ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 15.987 പേർ ആണ്. ഇതിൽ 7,628 പുരുഷന്മാരും, 8,359 സ്ത്രികളും ഉണ്ട്. നമ്മുടെ പഞ്ചായത്തിൽ 2 പട്ടികവർഗ്ഗം കുടുംബങ്ങൾ താമസിക്കുന്നു. 204 വികലാംഗർ നമ്മുടെ പഞ്ചായത്തിൽ 95 ലെ സർവ്വേ പ്രകാരം കണ്ടെത്തിയിട്ടുണ്ട്.

ജനങ്ങളുടെ ക്ഷേമത്തിനായി കേരളത്തിൽ പ്രവർത്തിക്കുന്ന പ്രധാന രണ്ടു വകുപ്പുകളാണ് ഗ്രാമവികസന വകുപ്പും, സാമൂഹ്യവികസന വകുപ്പും ഇതിൽ ഗ്രാമവികസന വകുപ്പിൻെറ പ്രവർത്തനത്തെപ്പററി ആദ്യം പരിശോധിക്കാം. 1992, 95 ലെ IRDP സർവ്വേപ്രകാരം 1747 കുടുംബങ്ങൾ ദാരിദ്രരേഖക്കു താഴെ വസിക്കുന്നവരായിട്ടുണ്ട്. ഇതിൽ 180 പേർ പട്ടികജാതി-വർഗ്ഗത്തിൽ പെട്ടവരാണ്. 1992 ന് മുമ്പ് IRDP ധനസഹായം ലഭിച്ചിട്ടും വീടുകളുടെ നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുള്ളൂ. 1992, 1995, IRDP സർവ്വേ പ്രകാരം ദാരിദ്രരേഖക്കുതാഴെ വീടില്ലാത്ത 352 കുടുംബങ്ങൾ ഉണ്ട്. 1992 ന് മുമ്പ് IRDP ധനസഹായം ലഭിച്ചിട്ടും, ദാരിദ്രരേഖക്കുമുകളിൽ വരാത്ത കുടുംബങ്ങൾ വേറേയും ഉണ്ട്. ഇത്രയും കുടുംബങ്ങൾക്ക് വീടുകൾ ആവശ്യമുണ്ടായിട്ടും 92 കുടുംബങ്ങൾക്ക് മാത്രമേ വീടുകൾ നൽകുവാൻ കഴിഞ്ഞിട്ടുള്ളൂ. വീടുനിർമ്മാണത്തിന് മററു ഏജൻസികളും വായ്പയും, ഗ്രാൻറും നൽകുന്നുണ്ട് എങ്കിലും, ഓരോ വർഷവും വീടുകൾ ആവശ്യമുള്ളവരുടെ എണ്ണം കൂടികൂടി വരികയാണ്. ഇങ്ങനെ നോക്കുമ്പോൾ പാർപ്പിടപ്രശ്നം പരിഹരിക്കുവാൻ ഔദ്യോഗിക സംവിധാനത്തിനു മാത്രം സാധിക്കുകയില്ല. ഇതിനായി കൂടുതൽ ജനകീയ പങ്കാളിത്തം വളരെ അത്യന്താപേക്ഷിതമാണ്. പാർപ്പിട നിർമ്മാണത്തിന് പല പ്രശ്നങ്ങളും വിഷമതകളും ഇന്ന് നേരിടുന്നുണ്ട്.

## പ്രശ്നങ്ങൾ

1. കെട്ടിടനിർമ്മാണ സാമഗ്രികൾ ആവശ്യത്തിനു ലഭിക്കാനുള്ള ബുദ്ധിമുട്ട്

2. കെട്ടിടനിർമ്മാണ സാമഗ്രികളുടെ അമിതമായ വിലകയററം.

3. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സൗകര്യമായ സ്ഥലത്തിൻെറ കുറവ്.

4. വായ്പാ സൗകര്യമോ ഗ്രാൻേറാ ലഭിക്കാനുള്ള ബുദ്ധിമുട്ട്.

5. സ്ഥിരമായി വരുമാനമില്ലാത്തവർക്ക് വായ്പ ലഭിക്കാനുള്ള ബുദ്ധിമുട്ട്.

6. കോളനികളിൽ ഭവനനിർമ്മാണത്തിന് അടിസ്ഥാനസൗകര്യമില്ലായ്മ.

## നിർദ്ദേശങ്ങൾ

1. ഭവനനിർമ്മാണ വായ്പകൾ ലഭ്യമാക്കുന്നതിന് പഞ്ചായത്തുതല Housing Socity കൾ സ്ഥാപിക്കുക.

2. ഭവനനിർമ്മാണസാമഗ്രികളുടെ അമിതമായ വിലക്കയററം നിയന്ത്രിക്കുക.

3. ചിലവുകുറഞ്ഞ പാർപ്പിടനിർമ്മാണം പ്രചരിപ്പിക്കുക.

4. പഞ്ചായത്തുതലത്തിൽ നിർമ്മിത കേന്ദ്രം സ്ഥാപിച്ച്, വീടുകൾ നിർമ്മിച്ച് നൽകുകയും നിർമ്മാണ സാമഗ്രികൾ എത്തിച്ചുനൽകുകയും ചെയ്യുക.

5. ഭവനനിർമ്മാണനിയമങ്ങൾ ലഘൂകരിക്കുക. വീടുകളുടെ വിസ്തീർണ്ണത്തിന് പരിധി നിശ്ചയിക്കുക.

വളരെ ആസൂത്രിതമായി ഗവ: സന്നദ്ധ സംഘടനകളും, ജനങ്ങളും ഒത്തൊരുമിച്ചു പ്രവർത്തിച്ചാൽ പാർപ്പിട പ്രശ്നം തീർക്കുവാൻ സാധിക്കുന്നതാണ്.





# പാർപ്പിടം ക്ഷേമപ്രവർത്തനങ്ങൾ

മുള്ളൂർക്കര ഗ്രാമ പഞ്ചായത്തിൽ ആകെ 3846 വീടുകൾ ഉണ്ട്. ഇതിൽ 402 കോൺക്രീററ് വീടും, 2586 ഓടിട്ട വീടും, 29 ആസ്ബറേറാസ് ഷീററ് ഇട്ട വീടും, 889 എണ്ണം കുടിലുകളോ, ഓല പ്പുരയോ ആണ്. മുള്ളൂർക്കര ഗ്രാമപ ഞ്ചായത്തിലെ വീടുകളുടെ നില പൊ തുവെ തൃപ്തികരമാണ്. എങ്കിൽ തന്നെ യും, വീടുകളുടെ തറച്ചുമർ, മേൽക്കൂര, വിസ്തീർണ്ണം എന്നിവ നോക്കുമ്പോൾ വീടുകളുടെ സൗകര്യം പൊതുവെ പരി താപകരവും, വീടുകളുടെ പുതുക്കിപണി യൽ അടിയന്തിര ആവശ്യവുമാണ്. ഇങ്ങനെ നോക്കുമ്പോൾ പുതിയ വീടു കളുടെ നിർമ്മാണം വളരെ അത്യാവശ്യ മാണ്. എന്നാൽ വീടുനിർമ്മാണത്തിന് പല ഏജൻസികളും വായ്പകൾ നൽകു ന്നുണ്ടെങ്കിലും ഒരു ചെറിയ വിഭാഗത്തി നുമാത്രമേ ലഭിക്കുന്നുള്ളൂ. ഭവനനിർമ്മാ ണബോർഡ്, ഗ്രാമ വികസന വകുപ്പ്, പട്ടികജാതി വികസന വകുപ്പ്, ജില്ലാ സഹകരണ ബാങ്ക് തുടങ്ങിയ ഏജൻസി കൾ വീട് നിർമ്മാണത്തിന് വായ്പ യോ, ധനസഹായമോ നൽകുന്നുണ്ട്. ദാരിദ്ര്യരേഖക്കുമുകളിൽ വരാത്ത കുടുംബ ങ്ങൾ ഇതിൽ ഉൾപ്പെടുന്നില്ല. 92 മുതൽ 95 വരെ 181 പേർക്ക് IRDP ധനസഹായം നൽകിയിട്ടുണ്ട്.

ഇങ്ങനെ നോക്കുമ്പോൾ പദ്ധതി കളുടെ പ്രയോജനങ്ങൾ, ജനങ്ങളിലെ ത്തുവാൻ വളരെ കൊല്ലങ്ങൾ കാത്തി രിക്കണം.

എന്തെല്ലാമാണ് പദ്ധതികൾ എന്നു നോക്കാം. IRDP, Trysem, dwcra, lay, jry, M.W.S, CRSP. Social forestory, RAP, EAS എന്നീ പദ്ധതികളാണ് ബ്ലോക്കുവഴി പഞ്ചായത്തിൽ നടപ്പിലാക്കികൊണ്ടിരിക്കു ന്നത്. എട്ടാം പദ്ധതികാലത്ത്, 1747 കുടുംബങ്ങൾ ദാരിദ്ര്യരേഖക്കു താഴെ ഉണ്ടായിരുന്നിട്ടും ഏകദേശം 10% പേർ ക്കുമാത്രമെ IRDP ധനസഹായം എത്തി ക്കുവാൻ സാധിച്ചിട്ടുള്ളൂ. ഇവരിൽ തന്നെ 25% മാത്രമെ ദാരിദ്ര്യരേഖക്കുമുകളിൽ വന്നിട്ടുള്ളൂ. അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക്, വിദഗ്ദതൊഴിലിൽ പരി ശീലനം നൽകുവാൻ, നമ്മുടെ പഞ്ചായ ത്തിൽ പരിശീലനം നൽകുന്ന സ്ഥാപന

| വാർഡ് | ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST | വായ്പ ലഭിച്ചവർ | ഇതിൽ SC/ST | ഇതിൽദാരി ദ്ര്യരേഖക്ക് മുകളിൽ വന്നവർ | ഇനിയും സഹായി ക്കാൻ ഉള്ളവർ |
|---|---|---|---|---|---|---|
| 9 | 1747 | 180 | 181 | 85 | 46 | 46 |

ങ്ങൾ ഇല്ലാത്തതുകൊണ്ട് ബുദ്ധിമുട്ട് അനുഭവിക്കു ന്നു.

വനിതകൾക്കായുള്ള DWCRA പദ്ധതി ഈ പഞ്ചായത്തിൽ 3 യൂണിററുകൾ പ്രവർത്തിക്കുന്നുണ്ട് സാമാന്യം തൃപ്തികരമായി പ്രവർത്തിക്കുന്ന ഈ യൂണിററുകൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഭവനനിർമ്മാണത്തിന് ദാരിദ്ര്യരേഖക്കു താഴെയുള്ളവർക്ക് സാമ്പത്തികസഹായം നൽകുന്ന 2 പദ്ധതികളാണ് IAY യും JRY യും 1992 ഘങ്കഅഥ സർവ്വേപ്രകാരം 352 പേർക്ക് ഭവനനിർമ്മാണത്തിന് സഹായം ലഭിക്കുവാൻ അർഹതയുണ്ടായിട്ടും 71 പേർക്കു മാത്രമേ വീട് നിർമ്മാണത്തിന് സഹായം നൽകുവാൻ സാധിച്ചിട്ടുള്ളൂ. അനുവദിക്കുന്ന സഹായം ചുരുങ്ങിയതായതുകൊണ്ട് വീട്പണി പൂർത്തിയാക്കുവാൻ വളരെ ബുദ്ധിമുട്ടുന്നു.

അല്ലാത്തവർക്ക് നൽകുന്ന വീടുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതാണ്.

1995, 95 IRDP സർവ്വേപ്രകാരം 1174 പേർ പ്രാഥമിക കാര്യങ്ങൾക്ക് അത്യാവശ്യമുള്ള കക്കൂസ് ഇല്ലാത്തവരായുണ്ട്. കക്കൂസ് നിർമ്മാണത്തിന് 2000 രൂപ ബ്ലോക്ക്വഴി ധനസഹായം നൽകുന്നുണ്ട് എങ്കിലും വളരെ പരിമിത എണ്ണം കക്കൂസുകൾ മാത്രമെ അനുവദിക്കുന്നുള്ളൂ. മുള്ളൂർക്കര ഗ്രാമപഞ്ചായത്തിലെ ഏകദേശം 45% കുടുംബങ്ങളും santation സൗകര്യം ഇല്ലാത്തവരാണ്.

സോഷ്യൽ ഫോറസ്ററി പദ്ധതി പ്രകാരം തൈകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നുണ്ട് എങ്കിലും പദ്ധതി ശരിയായി പ്രയോജനപ്പെടുത്തുന്നില്ല.

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പദ്ധതി ഈ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നു. IRDP സർവ്വേ പ്രകാരം [illegible] കുടുംബങ്ങൾക്ക് അർഹതയുണ്ടായിട്ടും

| വാർഡ് | ആകെ കുടുബങ്ങളുടെ എണ്ണം | ഇതിൽ SC/ST | വായ്പ ലഭിച്ചവർ | ഇതിൽ SC/ST | ഇതിൽദാരിദ്ര്യരേഖക്ക് മുകളിൽ വന്നവർ | ഇനിയും സഹായിക്കാൻ ഉള്ളവർ |
|---|---|---|---|---|---|---|
| 9 | 1747 | 180 | 181 | 85 | 46 | 46 |

ഈ പട്ടിക പരിശോധിക്കുമ്പോൾ ഓരോ വർഷവും ഉണ്ടാകുന്ന ഭവനരഹിതരുടെ എണ്ണവും കൂടി കൂട്ടുമ്പോൾ മുഴുവൻ കുടുംബങ്ങൾക്കും വീട് നൽകുവാൻ ഒരു നീണ്ട കാലം കാത്തിരിക്കേണ്ട അവസ്ഥയാണ് ഇന്നുള്ളത്. ഘഏഭ പദ്ധതിയിൽ പട്ടിക ജാതിക്കാർക്ക് 23 പേർക്കുമാത്രമേ സഹായം എത്തിക്കുവാൻ സാധിച്ചിട്ടുള്ളൂ. ദശലക്ഷം കിണർ പദ്ധതി പ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങൾക്ക് കൃഷി ആവശ്യത്തിനായി കിണർ കുഴിക്കുന്നതിന് സൗജന്യ സഹായം നൽകുന്നുണ്ട്. ഈ പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ 9

പേർക്ക് സഹായം നൽകിയിട്ടുണ്ട്. അർഹരായ പലരും ഉണ്ടായിട്ടും ഈ പദ്ധതി ശരിക്കും പ്രയോജനപ്പെടുത്തുന്നില്ല.

E.A.എന്ന പദ്ധതി ഇപ്പോൾ നമ്മുടെ ജില്ലയിൽ നടപ്പിലാക്കുന്നില്ല. ഗ്രാമ വികസന വകുപ്പുവഴി പല പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. എന്നാൽ പല പദ്ധതികളും പല കാരണങ്ങൾ കൊണ്ട് ലക്ഷ്യ പ്രാപ്തിയിലെത്തുന്നില്ല.

*പ്രശ്നങ്ങൾ*

1. IRDP സർവ്വേ ലിസ്ററിൽ അർഹതയുള്ള എല്ലാവരും ഉൾപ്പെടുത്തില്ല.

2. അനർഹർ ലിസ്ററിൽ കടന്നുകൂടിയിട്ടുണ്ട്.

3. ആവശ്യമുള്ള എല്ലാവർക്കും സഹായം എത്തിക്കുവാൻ സാധിക്കുന്നില്ല.

4. പദ്ധതികളെ പററി ശരിയായി മനസ്സിലാക്കുന്നില്ല.

5. വായ്പകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.

6. ധനകാര്യ സ്ഥാപനങ്ങളുടെ കുറവ്.

7. വായ്പകൾ കൃത്യമായി അടക്കുന്നില്ല.

8. വായ്പകൾ വകമാററി ഉപയോഗിക്കുന്നതും ആസ്തികൾ ദുരുപയോഗം ചെയ്യുന്നതും.

9. വിദഗ്ദ്ധതൊഴിലുകളിൽ ആധുനികപരിശീലനം നൽകുവാനുള്ള ബുദ്ധിമുട്ട്.

10. ഇതരപദ്ധതികളെപററി അറിവില്ലായ്മ.

*നിർദ്ദേശങ്ങൾ.*

1. വിവിധപദ്ധതികളെ പററി ബോധവൽക്കരണം നടത്തുക.

2. IRDP യിൽ ചെറുകിടവ്യവസായങ്ങൾക്ക് ഊന്നൽ ന്ലകുക.

3. DWCRN യൂണിററുകളിലെ അംഗസംഖ്യ 5 മുതൽ 10 വരെയാക്കുക.

4. DWCRA യൂണിററുകൾക്ക് സ്ഥലവും കെട്ടിടവും ഏർപ്പെടുത്തിക്കൊടുക്കുക.

6. വിദഗ്ദ്ധപരിശീലനം നൽകുന്നതിന് ട്രെയിനിംഗ് സൗകര്യം ഏർപ്പെടുത്തുക.

7. വീടില്ലാത്ത എല്ലാവർക്കും വീട് നൽകുക.

8. കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

9. Sanitation സൗകര്യമില്ലാത്തവർക്ക് Latrine നിർമ്മാണത്തിന് ഉള്ള സഹായം വർദ്ധിപ്പിക്കു.

10. എല്ലാ വാർഡുകളിലും ഓരോ DRCRA യൂണിററുകൾ തുടങ്ങുക.

11. പുരുഷന്മാർക്കായുള്ള IRDP ഗ്രൂപ്പ് യൂണിററുകൾ ആരംഭിക്കുക.

12. വായ്പകൾ കൃത്യമായി തിരിച്ചടക്കുവാൻ പ്രേരിപ്പിക്കുക.

13. വായ്പകളുടെ ദുരുപയോഗം തടയുവാൻ വാർഡ് തലത്തിൽ മോണററിംഗ് കമ്മററികൾ രൂപപ്പെടുത്തുക.

അടുത്തതായി സാമൂഹ്യക്ഷേമവകുപ്പുവഴി ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നു എന്ന് പരിശോധിക്കാം. അംഗൻവാടികൾ, വിവിധക്ഷേമപദ്ധതികൾ, വികലാംഗക്ഷേമപദ്ധതികൾ, വനിതാസഹായ പദ്ധതികൾ എന്നിവ ജനങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കിവരുന്നു. ഈ പദ്ധതിപ്രകാരം മുള്ളൂർക്കര ഗ്രാമപഞ്ചായത്തിൽ 95-96 സാമ്പത്തികവർഷം 13 അംഗൻവാടികൾ ആരംഭിക്കുകയുണ്ടായി. എന്നാൽ ശൈശവ ദിശയിലെ എല്ലാപ

രാധീനകളും, ഈ അംഗൻവാടികളെ ഗ്രസിച്ചിരിക്കുന്നു. ഈ അംഗൻവാടിക ളിൽ ഒരെണ്ണത്തിനുമാത്രം സ്ഥലവും കെട്ടി ടവും ഉള്ളൂ. കുട്ടികൾക്ക് ആവശ്യമായ കളിപ്പാട്ടങ്ങളോ പ്രാഥമികാര്യങ്ങൾക്ക് ആവശ്യമുള്ള Sanitation സൗകര്യങ്ങളോ ഇല്ല. കുട്ടികൾ വളരെ ദൂരം നടന്നുവേ ണം അംഗൻവാടികളിൽ എത്തിച്ചേരുവാൻ സാധിക്കുന്നുള്ളൂ.

*പ്രശ്നങ്ങൾ:-*

1. അംഗൻ വാടികൾക്ക് സ്വന്തമായി കെട്ടിടം സ്ഥലം എന്നിവ ഇല്ലായ്മ.

2. പ്രാഥമിക സൗകര്യങ്ങൾ ഇല്ലായ്മ.

3. കളിക്കോപ്പുകളോ, ഇരിക്കാനുള്ള സൗകര്യങ്ങളോ ഇല്ലായ്മ.

4. അംഗൻവാടികളിൽ വളരെദൂരം നട ന്നുപോകണം.

*നിർദ്ദേശങ്ങൾ:-*

1. അംഗൻവാടികൾക്ക് സ്വന്തമായി സ്ഥല വും കെട്ടിടവും പ്രാഥമിക സൗകര്യങ്ങ ളും ഏർപ്പെടുത്തുക.

2. പഞ്ചായത്തിന്റെ കീഴിലുള്ള സ്ഥല ങ്ങൾ അംഗൻവാടികൾക്കായി നീക്കിവെ ക്കുക.

3. ഇരുന്നിലംകോട് കേന്ദ്രസാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥലവും കെട്ടിടം ഏറ്റെടുത്ത് അംഗൻവാടികൾക്ക് നൽകുക.

4. കളിക്കോപ്പുകളും പഠനോപകരണങ്ങ ളും നൽകുക.

5. അംഗൻവാടികളുടെ എണ്ണം വർദ്ധി പ്പിക്കുക.

6.എല്ലാ അംഗൻവാടികളോടനുബന്ധിച്ച് മഹിളാസമാജങ്ങൾ രൂപീകരിക്കുക.

വിധവപെൻഷൻ, വികലാംഗപെൻ ഷൻ, വാർദ്ധക്യകാല പെൻഷൻ, ക്ഷയ രോഗപെൻഷൻ, കുഷ്ഠരോഗപെൻഷൻ, കാൻസർരോഗപെൻഷൻ, കർഷകതൊ ഴിലാളിപെൻഷൻ, തൊഴിലില്ലായ്മ വേദനം തുടങ്ങിയ ക്ഷേമപദ്ധതികൾ ഈ പഞ്ചാ യത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. അർഹ തയുള്ളവരിൽ ഒരു ചെറിയ ശതമാന ത്തിനുമാത്രമെ ഈ പദ്ധതികൾ പ്രയോ ജനപ്പെടുന്നുള്ളൂ. ഈ ക്ഷേമപദ്ധതിക ളുടെ പ്രയോജനം ലഭിക്കുവാൻ ഇന്ന് വളരെയധികം വിഷമതകൾ നേരിടുന്നു ണ്ട്. വികലാംക്ഷേമരംഗത്ത് ഇന്ന് ചെയ്യുന്ന കാര്യങ്ങൾ പലർക്കും അറിയി ല്ല. നമ്മുടെ പഞ്ചായത്തിന്റെ 204 വികലാംഗരെ കണ്ടെത്തിയിട്ടും 80 പേർക്കുമാത്രമെ പെൻഷൻ ലഭിക്കുന്നു ള്ളൂ.

*പ്രശ്നങ്ങൾ*

1. അർഹതയുള്ളെല്ലാവർക്കും പെൻഷൻ നൽകുന്നില്ല.

2. പെൻഷൻ ലഭിക്കുന്നതിനുള്ള നീണ്ട കാത്തിരിപ്പ്.

3. വിവിധപെൻഷൻപദ്ധതികൾക്ക് വിവിധ തുകകൾ നൽകുന്നു.

4. പെൻഷൻ ലഭിക്കുന്നതിന് അപേക്ഷ കൾ നൽകുന്നതിനുള്ള പ്രയാസങ്ങൾ.

5. വികലാംഗക്ഷേമത്തിനുള്ള വിവിധപദ്ധ തികളെപററി അറിവില്ലായ്മ.

*നിർദ്ദേശങ്ങൾ.*

1. പെൻഷൻ പദ്ധതികളെപററി പ്രചാരണം നടത്തുക.

2.എല്ലാവിധ പെൻഷനുകൾക്കും ഒരേ തുകയാക്കുക.

3.എല്ലാ പെൻഷനുമുള്ള അപേക്ഷകൾ

പഞ്ചായത്ത് സ്വീകരിക്കുകയും പെൻഷൻ പഞ്ചായത്തുവഴി നൽകുകയും പെൻഷനെസംബന്ധിച്ച വിവരങ്ങൾ ഗ്രാമസഭകളെ അറിയിക്കുകയും ചെയ്യുക.

4.എല്ലാ മാസവും കൃത്യമായി പെൻഷൻ നൽകുക.

5. പെൻഷൻ തുക വർദ്ധിപ്പിക്കുക.

6. വികലാംഗർക്കുള്ള വിവിധക്ഷേമപദ്ധതികളെപററി അവരെ ബോധവാൻമാരാക്കുക.

7. പെൻഷൻ ലഭിക്കാനുള്ള വരുമാനപരിധി ഉയർത്തുക.

8. വികലാംഗർക്ക് ക്ഷേമപദ്ധതികളിൽ മുൻഗണനനൽകുക.

9. തൊഴിലില്ലായ്മവേതനം കൈപററുന്നത് അർഹതയുള്ളവർക്ക് മാത്രമാണെന്ന് ഉറപ്പുവരുത്തുക.

പാവപ്പെട്ടവരുടെ ക്ഷേമഐശ്വര്യത്തിനായി ധാരാളം പദ്ധതികൾ ഗവ. നടപ്പിലാക്കുന്നുണ്ട്. എങ്കിലും അർഹതയുള്ള എല്ലാവരിലും അത് എത്തിച്ചേരുന്നില്ല. ഈ ദുരവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും ഗ്രാമസഭകൾക്കും ജനകീയ ആസൂത്രണപരിപാടികൾക്കും കഴിയും എന്ന് വിശ്വസിക്കുന്നു. ഒരു രാജ്യത്തിൻെറ പുരോഗതി ആ രാജ്യത്തിലെ അശരണരേയും ആലംബഹീനരുടേയും ജീവിതപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി അവരെ സമൂഹത്തിൻെറ മുന്നിലേക്ക് കൊണ്ടുവരികയും അവർ സമൂഹത്തിൻെറ ഭാഗമാണെന്ന് ഉറപ്പുവരുത്തുകയും അതിന് അവരെ പ്രാപ്തരാക്കുകയും ചെയ്യണം.

# പട്ടിക ജാതി
# പട്ടികവർഗ്ഗവികസനം

ഈ പഞ്ചായത്തിൽ ഇരുപത് പട്ടിക ജാതി-പട്ടികവർഗ്ഗ കോളനികൾ ഉണ്ട്. കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. പട്ടിക ജാതി പട്ടികവർഗ്ഗങ്ങളുടെ ഭവനനിർമ്മാണ കാര്യത്തിൽ വമ്പിച്ച പുരോഗതി ഈ ഗ്രാമ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. രണ്ട് കോളനികൾ മാത്രമേ ഐ എച്ച് ടി പി സ്കീമിൽ ഉൾപ്പെട്ടിട്ടുള്ളൂ. അവിടെയും അടിസ്ഥാന സൗകര്യങ്ങൾ ഇനിയും നടത്തേണ്ടതുണ്ട്. കോളനികളിലും അല്ലാതെയുമായി 327 പട്ടികജാതി-പട്ടിക വർഗ്ഗ കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. രണ്ട് പട്ടികവർഗ്ഗ കുടുംബങ്ങളും ഉണ്ട് ബ്രാഹ്മണ ജന്മിത്തവും അവരുടെ കുടിയാന്മാരും കുടിയാന്മാരുടെ അടിയാളന്മാരും എന്ന വ്യവസ്ഥിതി നിലനിന്നിരുന്ന ഇവിടെ അടിയാളന്മാരൊക്കെ പട്ടികജാതി-വർഗ്ഗത്തിൽപെട്ടവരായിരുന്നു. എന്നാൽ രാജ്യത്തുണ്ടായ സാമൂഹ്യമാററത്തോടൊപ്പം പട്ടികജാതി-വർഗ്ഗക്കാരെ ഒപ്പം ഉയർത്തികൊണ്ടു വരുവാൻ മററുള്ളവർ ശ്രമിക്കുകയും, ഉയർന്നുവരികയും ചെയ്തിട്ടുള്ള ഒരു പ്ഞ്ചായത്താണിത്. പട്ടിക ജാതി-വർഗ്ഗക്കാരുടെ പഴയ കാല നാടൻ കലകളുടെ സങ്കേതങ്ങൾ ഇവിടെയുണ്ട്. പൂതൻ, തറ, പാവക്കൂത്ത്, കാളകളി, തുടങ്ങിയ കലകൾ ഇവരുടെ സംസ്ക്കാരത്തെ വിളിച്ചോതുന്നതാണ്.

മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളായ വെള്ളം, വെളിച്ചം, സാനിട്ടേഷൻ എന്നീ കാര്യങ്ങൾ ഭൂരിപക്ഷം കോളനികളിലും നടപ്പാക്കേണ്ടതുണ്ട്. ശുചീകരണ കാര്യത്തിൽ പട്ടികജാതി വർഗ്ഗക്കാരെ ബോധവൽക്കരിക്കേണ്ടതുണ്ട്. ദാരിദ്രരേഖയ്ക്ക് താഴേയുളള കുടുംബങ്ങൾ 95% പട്ടികജാതി പട്ടികവർഗ്ഗകുടുംബങ്ങളും അതുകൊണ്ട് തന്നെ സ്വന്തമായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനുള്ള സാധ്യതയുമില്ല. വിദ്യാഭ്യാസത്തിൽ വളരെ പുറകിലായിരുന്നു ഇവർ. എന്നാൽ ഇന്ന് സ്ഥിതി മാറിയിട്ടുണ്ട്. വിദ്യാഭ്യാ സത്തിന്റെ കാര്യത്തിൽ ഇവരെ ഇനിയും ബോധവൽക്കരിക്കുകയും പഠനസൗകര്യങ്ങൾ ഏർപ്പെടുത്തി കൊടുക്കുകയും ചെയ്യണം. സാമ്പത്തികമായി ലഭിക്കുന്ന വരുമാനം മുഴുവനും ചിലവ് ചെയ്യുന്ന ഒരു പ്രവണത ഇവരിൽ കൂടുതലാണ്. ദാരിദ്രരേഖയ്ക്ക് താഴെയുള്ള പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളെ സാമ്പത്തികമായി ഉയർത്തി കൊണ്ടുവരുവാൻ നടപടികൾ ആവശ്യമുണ്ട്. സാമൂഹ്യമായി പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളും മററ് ഇതര സമുദായ കുടുംബങ്ങളും പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും സഹകരിച്ചും, മരണം, വിവാഹം, തുടങ്ങിയ ചടങ്ങുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളിൽ എല്ലാ വിഭാഗത്തിൽപ്പെട്ടവരും ഒത്തു ചേരുകയും കൂട്ടായ പ്രവർത്തിക്കുകയും ചെയ്യുന്ന സമ്പ്രദായം ഇവിടെയുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ പേരുവിവരങ്ങൾ

1. പച്ചകോളനി
2. പള്ളത്തുകോളനി.
3. പാട്ടാം കുളമ്പു കോളനി.
4. കൊടക്കാടത്തുപടി കോളനി.
5. അയ്യപ്പൻ കോളനി.
6. കണക്കന്മാർ കോളനി.
7. പാലിയം പറമ്പ് കോളനി.
8. പട്ടന്മാർ കുണ്ട് കോളനി.
9. ഇടലം കുന്ന് കോളനി.
10. വാകപ്പാറ കോളനി.
11. ഇടപ്പാറ കോളനി.
12. നായാടി കോളനി.
13. പാറപ്പുറം കോളനി.
14. ഭഗവതി കുന്ന് കോളനി.
15. ചേരുംപറമ്പ് കോളനി.
16. മണ്ഡലം കുന്ന് കോളനി.
17. മണ്ഡലം കുന്ന് പുള്ളുവൻ കോളനി.
18. നിറവം കുന്ന് കോളനി
19. പാണന്മാർ കോളനി.
20. പാലം കുന്ന് കോളനി.

## പ്രശ്നങ്ങൾ

1. കോളനികളിൽ കുടിവെള്ളത്തിൻെറ ലഭ്യത കുറവ്
2. സാനിട്രേഷൻ കുറവ്.
3. വൈദ്യുതി ഇല്ലായ്മ
4. സാമ്പത്തിക പിന്നോക്കാവസ്ഥ
5. വിദ്യാഭ്യാസത്തിൻെറ കുറവ്
6. പാർപ്പിട നിർമ്മാണം.
7. ഗതാഗത സൗകര്യത്തിൻെറ കുറവ്.

## നിർദ്ദേശങ്ങൾ

1. പൈപ്പ്ലൈൻ നീട്ടി കുടിവെള്ളം എത്തിക്കുക.

2. എല്ലാ കോളനികളിലും വൈദ്യുതി എത്തിക്കുക.

3. പട്ടികജാതി-പട്ടിക വർഗ്ഗക്കാരുടെ കലകൾ വികസിപ്പിച്ചെടുക്കുക.

4. പഞ്ചായത്തടിസ്ഥാനത്തിൽ വിദ്യാഭ്യാസസൗകര്യങ്ങൾ വർദ്ധിപ്പിച്ചു കൊടുക്കുക.

# സഹകരണമേഖല

ലോകത്തിലാകമാനം സഹകരണമേഖല വ്യാപിച്ചുകിടക്കുന്നുണ്ട്. ഇന്ത്യയിൽ തന്നെ സഹകരണ പ്രസ്ഥാനം വളരെയധികം വളർന്നു പന്തലിച്ചിട്ടുണ്ട്. "അമുൽ" പോലെയുള്ള വളരെയധികം പ്രശസ്തി നേടിയിട്ടുള്ള സ്ഥാപനങ്ങൾ സഹകരണ മേഖലയിലാണ് പ്രവർത്തിക്കുന്നത്. ഒരു സംസ്ഥാനത്തെ പാവപ്പെട്ട ക്ഷീരകർഷകരുടെ ഭാഗധേയം വളരെ പ്രകാശപൂർണ്ണമാക്കുന്നതിന് സഹകരണ സംഘങ്ങൾ വഹിച്ച പങ്ക് ലോകപ്രശസ്തമാണ്.

മുള്ളൂർക്കര പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സഹകരണപ്രസ്ഥാനം വളരെ വ്യാപകമായി പടർന്നുപന്തലിച്ചിട്ടില്ല. 1952 ലാണ് 848-ാം നമ്പർ മുള്ളൂർക്കര സഹകരണസംഘം പ്രവർത്തനമാരംഭിച്ചത്. ഇതേ കാലയളവിൽ ഇരുനിലംകോട് പ്രദേശത്ത് 469-ാം നമ്പർ വിവിധോദ്ദേശ സഹകരണ സംഘവും പ്രവർത്തിച്ചുവന്നിരുന്നു. ഈ രണ്ടു സംഘങ്ങളേയും കൂടി നിർബന്ധ സംയോജനത്തിലൂടെ 1978 ൽ മുള്ളൂർക്കര വില്ലേജ് സർവ്വീസ് സഹകരണ സംഘമായി മാററുകയാണുണ്ടായത്. മുള്ളൂർക്കര പഞ്ചായത്തിൽ ഉൾപ്പെട്ട ആററൂർ വില്ലേജ് കിള്ളിമംഗലം സർവ്വീസ് സഹകരണ ബാങ്കിൻെറ പരിധിയിലാണ് വരുന്നത്. ഏകദേശം 80 വർഷത്തോളം പഴക്കം വരുന്ന ഈ ബാങ്കിൻെറ ശാഖ പഞ്ചായത്തിൽ 1984 ഏപ്രിൽ മാസത്തിൽ മാത്രമാണ് പ്രവർത്തനം ആരംഭിച്ചത്.

ക്ഷീരോത്പാതക സംഘങ്ങൾ 1990 കളുടെ ആദ്യത്തിലാണ് പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചത്. പഴയ 8 വാർഡുകളിലെ, 6 വാർഡുകളിലായാണ്. 2 സംഘങ്ങളുടെ പ്രവർത്തനപരിധി വ്യാപിച്ച് കിടക്കുന്നത്. പഞ്ചായത്തിലെ ക്ഷീര കർഷകരെ ചൂഷണത്തിൽനിന്ന് രക്ഷിക്കുന്നതിന് പ്രസ്തുത സംഘങ്ങൾ വഹിച്ച പങ്ക് പ്രശംസനീയമാണ്. പക്ഷേ മുള്ളൂർക്കര ക്ഷീരോത്പാതകസംഘം നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇരുന്നിലംകോട് ക്ഷീരോത്പാദന സംഘത്തിൻെറ പ്രവർത്തനം നിലച്ചുകിടക്കുകയാണ്. അടിയന്തിര ശ്രദ്ധ പതിപ്പിച്ചില്ലെങ്കിൽ സംഘം ലിക്വിഡേററ് ചെയ്യുവാനുള്ള സാധ്യതയും ഉണ്ട്.

മണലാടി റബ്ബർ ഉത്പാതക സഹകരണസംഘത്തിൻെറ പ്രവർത്തന പരിധിയിൽ പഞ്ചായത്തിലെ കുറച്ച് പ്രദേശങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. സംഘം അതിൻെറ ബാലദിശയിലാണെന്നു തോന്നുന്നു. കൂടാതെ ഇരുന്നിലംകോട് ആസ്ഥാനമാക്കി ഒരു റബ്ബർ സംഘം ചാരിററബിൾ സൊസൈററീസ് ആക്ട് പ്രകാരം രജിസ്ററർ ചെയ്ത് പ്രവർത്തനം നടത്തുന്നുണ്ട്. ഈ സ്ഥാപനവും അതിൻെറ ബാല്യദിശിയിൽ പ്രവർത്തിക്കുകയാണ്.

ക്രെഡിററ് സംഘങ്ങളിൽ പഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകൾ ഉൾപ്പെടുന്ന മുള്ളൂർക്കര സർവ്വീസ് സഹകരണ ബാങ്കിൻെറ പ്രവർത്തനം ഇനിയും മെച്ചപ്പെടേണ്ടതായിട്ടുണ്ട്. കാർഷികവായ്പ, ഓർഡിനറി വായ്പ, ദീർഘകാല വായ്പ, പണ്ടം പണയം വായ്പ, IRDP വായ്പ തുടങ്ങിയ വായ്പകൾ സർവ്വീസ് ബാങ്ക് നൽകുന്നുണ്ട്. സംഘത്തിന്

ഇരുന്നിലംകോട് 27 സെൻറ് സ്ഥലവും, മുള്ളൂർക്കരയിൽ 35 സെൻറ് സ്ഥലവും സ്വന്തമായ കെട്ടിടവും ഉണ്ട്. കാർഷിക മേഖലയായ പഞ്ചായത്ത് പ്രദേശത്ത് കൃഷിക്ക് ശരിയായ സഹായസഹകരണങ്ങൾ ലഭ്യമാക്കുന്നതിന് ജനങ്ങളുടെ പ്രസ്ഥാനത്തിന് മാത്രമേ കഴിയൂ. പഞ്ചായത്തിലെ മററൊരു ബാങ്കായ കാത്തലിക് സിറിയൻ ബാങ്ക് വായ്പാ സൗകര്യങ്ങൾ പൊതുവെ നൽകുന്നില്ല എന്നതിൻെറ അടിസ്ഥാനത്തിൽ ഇത് പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്. ഓർഡിനറി വായ്പയാണ്, കാർഷികവായ്പയേക്കാൾ സർവ്വീസ് ബാങ്കിൽനിന്നും നൽകപ്പെടുന്നത് എന്നത് നിരുത്സാഹപ്പെടുത്തേണ്ട വസ്തുതയാണ്. അതുപോലെ കാലാവധി കഴിഞ്ഞ വായ്പകൾ തിരിച്ചടയ്ക്കുന്നതിലുള്ള കാലതാമസമാണ് മുള്ളൂർക്കര സർവ്വീസ് ബാങ്കിൻെറ പുരോഗതിക്ക് വിഘാതമായി നിൽക്കുന്നതെന്ന് കരുതേണ്ടിയിരിക്കുന്നു.

കിള്ളിമംഗലം സർവ്വീസ് ബാങ്കിൻെറ പ്രവർത്തനപരിധി താരതമേന്യ വളരെ വലുതാണ്. കിള്ളിമംഗലം, ആററൂർ, പാഞ്ഞാൾ എന്നീ മൂന്നു വില്ലേജുകളാണ് ഇതിൽ ഉൾപ്പെട്ടിരിക്കുന്നത്. ബാങ്കിൽ നിന്നും ആററൂർ പ്രദേശത്തേയ്ക്ക് കൂടുതൽ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുകയും വിവിധതരം വായ്പകൾ നടപ്പിലാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

വായ്പേതര സംഘങ്ങളിൽ പാൽ, റബ്ബർ, എന്നിവയ്ക്കുപുറമേ, പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നത് ഒരു R. 685-ാം നമ്പർ കുട്ടനെയ്ത്ത് തൊഴിലാളി ഹരിജൻ സഹകരണ സംഘമാണ്. പ്രസ്തുതസംഘം പ്രവർത്തനം നിലച്ചതിൻെറ പ്രധാനകാരണം മാനേജ്മെൻറിൻെറ കാര്യക്ഷമതയില്ലായ്മയാണ് എന്ന് കരുതേണ്ടിയിരിക്കുന്നു. അടിസ്ഥാനവർഗ്ഗമായ ഹരിജനങ്ങളുടെ ഒരു പ്രധാന അത്താണിയാവേണ്ട സംഘം ഇല്ലാതായത് ദു:ഖകരമാണ്. ചൂഷണത്തിൽ നിന്നും അവരെ മോചിപ്പിക്കുന്നതിനും, മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും, അവരുടെ മുൻകയ്യാൽ തന്നെ ഇത്തരമൊരു കൂട്ടായ്മ വീണ്ടും വളർത്തേണ്ടിയിരിക്കുന്നു. ലിക്വിഡേഷൻ നടത്തപ്പെട്ടിട്ടില്ലാത്ത ഈ സ്ഥാപനം പുനരുജ്ജീവിപ്പിക്കാൻ ജനങ്ങളും, ജനപ്രതിനിധികളും ഒത്തൊരുമിക്കേണ്ടതാണ്.

**Note**: കിള്ളിമംഗലം ബാങ്കിൻെറ 3 വില്ലേജുകളാണ് പ്പവർത്തനപരിധി. പഞ്ചാ

## പഞ്ചായത്തിലെ സഹകരണസംഘങ്ങളുടെ വിവരങ്ങൾ

| സ്ഥാപിച്ച വർഷം | പേര് | അംഗ സംഖ്യ | ജീവനക്കാർ | ഓഹരി നിലവാരം | ലാഭം നഷ്ടം |
|---|---|---|---|---|---|
| 1978 | മുള്ളൂർക്കര വില്ലേജ് സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം R.677 | 3203 | 3 | 2.6 ലക്ഷം | നഷ്ടം |
| 1901 (ME) | കിള്ളിമംഗലം കർഷക സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം R.25 | 6294 | — | 5.6 ലക്ഷം | നഷ്ടം |
| 1991 | മുള്ളൂർക്കര ക്ഷീരോത്പാതക സർവ്വീസ് സഹകരണസംഘം ക്ലിപ്തം R.677 | 222 | 2 | 2200/- | ലാഭം |
| | മണലാടി റബ്ബർത്പാതക സർവ്വീസ് സഹകരണസംഘം | 142 | 1 | 7800/- | — |

യത്തിലെ ഒരു വില്ലേജ് മാത്രമേ ഉൾപ്പെടുകയുള്ളൂ. മണലാടി റബ്ബർ ഉത്പാദക സംഘവും പഞ്ചായത്തിൻെറ പുറത്തുകൂടി പ്രവർത്തന പരിധി ഉള്ളതാണ്.

മുകളിലെ പട്ടികയിൽനിന്നും പഞ്ചായത്തിലെ സഹകരണസംഘങ്ങളിൽ ലാഭകരമായി പ്രവർത്തിക്കുന്നത് വായ്പേതര സംഘമാണ് എന്ന് മനസ്സിലാക്കാം. നിലവിലുള്ള വായ്പാ സംഘങ്ങളും, പ്രവർത്തനം നിലച്ച വായ്പേതര സംഘങ്ങളും പ്രവർത്തനങ്ങൾ വുപുലപ്പെടുത്തുകയും, ഊർജ്ജിതപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. സർക്കാർ വകുപ്പുകളുടെ പരിപാടിയാവാതെ ജനങ്ങളെ ഉദ്ബുദ്ധരാക്കി നിരവധി മേഖലകളിൽ സംഘങ്ങൾ ആരംഭിക്കുന്നതിനു സാധിയ്ക്കുന്നതാണ്. ഒരു സർക്കാരിനും ജനങ്ങളുടെ ഭാഗത്തുനിന്നുള്ള പങ്കാളിത്തമില്ലാതെ വിജയം കൈവരിയ്കാനുവുകയില്ല.

പഞ്ചായത്തിൻെറ വടക്കുപടിഞ്ഞാറൻ മേഖലയിൽ പഴം, പച്ചക്കറി വിപണനം തുടങ്ങിയവ സഹകരണസംഘം തുടങ്ങുവാനുള്ള അനുകൂലാവസ്ഥയാണ്. അതേപോലെ തുകൽ തൊഴിലാളി മേഖലകളിൽ സഹകരണസംഘം രൂപീകരിക്കാനാവും.പഞ്ചായത്തിൽ വളരെയേറെ കെട്ടിട നിർമ്മാണതൊഴിലാളികൾ ഉണ്ട്. അതേസമയം കാർഷികവൃത്തിയ്ക്ക് യഥാസമയം തൊഴിലാളികളെ ലഭിക്കുന്നില്ല എന്ന യാഥാർത്ഥ്യവും ഉണ്ട്. ലേബർ കോൺട്രാക്ററ്സ് സംഘങ്ങളും ഈ അവസരത്തിൽ ഓർമ്മിക്കാവുന്നതാണ്. പഞ്ചായത്തിലെ ജനങ്ങൾക്ക് വീടുവെയ്ക്കുന്നതിന്, വായ്പ ലഭിക്കുന്നതിന് വളരെയേറെ വിഷമങ്ങൾ അനുഭവപ്പെടുന്നുണ്ട്. ഹൗസിങ്ങ് സംഘങ്ങൾ വിഷയങ്ങൾ ലഘൂകരിക്കുന്നതിന് ഏറെ സഹായിക്കും.

*പ്രശ്നങ്ങൾ*

1. മാനേജ്മെൻറിൻെറ കാര്യക്ഷമതയില്ലായ്മയും രാഷ്ട്രിയാതിപ്രസരവും.

2. ഉത്പാതനപരമായ അടിസ്ഥാന ആവശ്യങ്ങൾക്ക് വായ്പകൾ ലഭ്യമാകുന്നതിൻെറ കുറവ്.

3. അനുയോജ്യമായ സ്കീമുകൾ രൂപപ്പെടുത്തുന്നതിൻെറ അഭാവം.

4. പഴം, പച്ചക്കറി, ക്ഷീരമേഖല എന്നിവടങ്ങളിൽ സംഘങ്ങൾ രൂപീകരിക്കുന്നതിന് മുൻകയ്യില്ല.

5. തുകൽ പണിക്കാർ, കുട്ടനെയ്ത്തുകാർ എന്നിവരുടെ സഹകരണ സംഘത്തിൻെറ സാധ്യത പ്രയോജനപ്പെടുത്തുന്നില്ല.

6. വനിതാ സഹകരണ സംഘങ്ങൾക്ക് റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, ഭക്ഷ്യസംസ്കരണം എന്നീ മേഖലകളിൽ സാധ്യതകളുണ്ട്.

7. ഹൗസിങ്ങ് സംഘങ്ങൾ ഒരു ആവശ്യമായി തീർന്നിരിക്കുന്നു.

8. ലേബർ കോൺട്രാക്ററ് സംഘങ്ങൾ ഉണ്ട്.

*നിർദ്ദേശങ്ങൾ:*

1. മാനേജുമെൻറുകൾക്ക് നിരന്തര പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

2. രാഷ്ട്രീയപ്രസരം ഒഴിവാക്കുന്നതിന് ഉത്തരവാദിത്വമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഉത്തരവാദിത്വബോധമുള്ള നേതാക്കൾ മുൻകൈ എടുക്കുക.

3. വായ്പകൾ തിരിച്ചടയ്ക്കുന്നതിന് നിരന്തര പ്രേരണ നൽകുകയും കൂടാതെ പ്രയോജനപ്രദമായപുതിയസ്കീമുകൾ കാലാകാലങ്ങളിൽ തയ്യാറാക്കി സഹായങ്ങൾ നൽകുകയും ചെയ്യുക.

4. മുള്ളൂർക്കര പഞ്ചായത്ത് പ്രദേശത്ത് സംഘത്തിൻെറ കീഴിൽ ഉൾപ്പെടാതെ കിടക്കുന്ന പ്രദേശങ്ങൾ നിയമാവലി ഭേദഗതിയുടെ പ്രവർത്തനപരിധിയിൽ ഉൾപ്പെടുത്തുക. ഇരുന്നിലംകോട് ബ്രാഞ്ച് തുറന്നു പ്രവർത്തിക്കാനാവുമോ എന്ന് പരിശോധിക്കുക.

5. പഞ്ചായത്ത് മുഴുവനും പരിധിയിലുള്ള റൂറൽ ബാങ്കിൻെറ സാധ്യതകൾ ആരായുക.

# മൃഗസംരക്ഷണം

കാർഷിക പ്രദേശമായ ഈ പഞ്ചായത്ത്പ്രദേശത്ത് കൃഷിയുടെ അവിഭാജ്യഘടകമായിരുന്നു കന്നുകാലിവളർത്തൽ. ധാരാളം ഉഴവുമാടുകളേയും, പശുക്കളേയും ഈ പ്രദേശത്ത് വളർത്തിയിരുന്നതാണ്.

കാർഷിക കുടുംബങ്ങൾ കന്നുകാലികളെ കൂട്ടമായി വളർത്തുകയും അവയെ സംരക്ഷിക്കുന്നതിന്ന് മതിയായ അടച്ചുറപ്പുള്ള കന്നുകാലി തൊഴുത്തുകളും ഇവിടെയുണ്ടായിരുന്നു. സാമാന്യമായ ഒരു കുടുംബത്തെപ്പററി പറയുമ്പോൾ എത്ര കള്ളിത്തൊഴുത്തുകളുണ്ടെന്ന അന്വേഷണം സ്വഭാവികമായിരുന്നു. ഒററയക്കങ്ങളിൽ അവസാനിക്കുന്ന തരത്തിലായിരുന്നു തൊഴുത്തുകളുടെ കള്ളി തിരിക്കൽ. ഉദാഹരണത്തിന് 7, 9, 11, 13, 15, 17 എന്നിങ്ങനെ പോകുന്നു. തൊഴുത്തു കള്ളികളുടെ എണ്ണം ആ കുടുംബത്തിൻെറ ഗംഭീരതയെ അളക്കുന്ന ഒരു പ്രവണതയാണ് ഇവിടെ ഉണ്ടായിരുന്നത്. കന്നുകാലി വളർത്തലും അവയെ മേയ്ക്കാൻ കൊണ്ട് പോകലും ഒരു പ്രധാന തൊഴിലായിരുന്നു ഇവിടെ. കൃഷിയിറക്കാത്ത കുന്നിൻ പ്രദേശങ്ങളും, റിസർവ്വ് വനവും, പള്ളിഞാൽ പ്രദേശവുമൊക്കെ കന്നുകാലികളുടെ പ്രധാന മേച്ചിൽസ്ഥലങ്ങളായിരുന്നു. എന്നാൽ ഈ രംഗത്ത് കഴിഞ്ഞകാല സംഭവങ്ങൾ പാടെ തകിടം മറിഞ്ഞിരിക്കുകയാണ്. അതിന് പ്രധാന കാരണം കന്നുകാലികൾക്ക് മേച്ചിൽ സ്ഥലങ്ങളില്ല എന്നതുതന്നെയാണ്. കൃഷിഭൂമികൾ തുണ്ടുവൽക്കരിക്കപ്പെടുകയും കന്നുപൂട്ടുകൾ യന്ത്രവൽക്കരിക്കുകയും ചെയ്തതോടെ ഉഴവുമാടുകളെ വളർത്തുന്ന സമ്പ്രദായം ഈ പ്രദേശത്ത്നിന്ന് അന്യമായികൊണ്ടിരിക്കുകയാണ്. എന്നാൽ നാമമാത്രമായ ഉഴവുമാടുകളെ കർഷകർ ഇപ്പോഴും ഇവിടെ വളർത്തുന്നുണ്ട്.

പശുക്കളെ വളർത്തുന്നതിന് ഇന്നനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പലതാണ്. തീററ കൊടുക്കുന്നതിനുള്ള പുല്ല്, വൈക്കോൽ ലഭിക്കാനില്ലായ്മയും, വിലവർദ്ധനവും ഇതിന് പ്രധാനമായൊരു കാരണമാണ്. എന്നിരുന്നാലും കറവമാടുകളെ വളർത്തുന്ന സമ്പ്രദായം ഇവിടെ ധാരളമുണ്ട്. ആട്, കോഴി മുതലായ വളർത്തുമൃഗങ്ങളേയും ഈ പ്രദേശത്തുള്ളവർ വളർത്തുന്നുണ്ട്. നാമമാത്രമായ കാളവണ്ടികളും ഇവിടെ നിലവിലുണ്ട്. പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിൻെറ കീഴിലുള്ള ഒരു കൃത്രിമ ബീജസങ്കലന ഉപകേന്ദ്രം ഇവിടെ പ്രവർത്തിക്കുന്നുണ്ട്. മൃഗാശുപത്രി അനുവദിച്ചു കിട്ടിയെങ്കിലും ഡോക്ടറോ, ആവശ്യത്തിന് സ്ററാഫോ ലഭിച്ചിട്ടില്ല. വളർത്തുമൃഗങ്ങളുടെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കേണ്ടതുണ്ട്. കന്നുകാലി വളർത്തലിൽനിന്നും കർഷകർ പുറ

കോട്ട് പോയതുകൊണ്ട് നെൽപ്പാടങ്ങളിലും, മററു കാർഷിക വിളകൾക്കും, ചാണകത്തിൻെറ പ്രയോഗം വളരെയേറെ കുറഞ്ഞുപോയിട്ടുണ്ട്. ഇത്കൊണ്ട്തന്നെ മണ്ണിൻെറ ഫലപുഷ്ടി നഷ്ടപെട്ടുകൊണ്ടിരിക്കുന്നു. ഇതിനു പരിഹാരമുണ്ടാകണം. ഇവിടെ മാംസവിൽപ്പനയ്ക്ക് ആധുനിക സൗകര്യങ്ങൾ ഇല്ല. തുറസ്സായ സ്ഥലങ്ങളിൽ മൃഗങ്ങളെ കശാപ്പുചെയ്യുന്നതുകൊണ്ട് പരിസരണമലിനീകരണം ഉണ്ടാകുന്നുണ്ട്. പഞ്ചായത്ത് തലത്തിൽ ആധുനികരീതിയിലുള്ള അറവുശാലകൾ നിർമ്മിക്കാൻ സാമ്പത്തികബുദ്ധിമുട്ടുള്ളതുകൊണ്ട് രണ്ട് പഞ്ചായത്തുകൾ കൂടിയോ അല്ലെങ്കിൽ ബ്ലോക്കടിസ്ഥാനത്തിലോ അറവുശാലകൾ നിർമ്മിക്കേണ്ടതാണ്. ആട്, കോഴി, മുയൽ, പന്നി എന്നിവയെ യൂണിററടിസ്ഥാനത്തിൽ വളർത്തുന്നതിന് കർഷകരേയും, യുവാക്കളേയും മുന്നോട്ട് കൊണ്ടുവരുവാൻ പ്രോത്സാഹനകരമായ പദ്ധതിക്ക് രൂപം കൊടുത്ത് കാർഷികമേഖലയുടെ വളർച്ചക്ക് ഒഴിച്ചുകൂടാനാവാത്ത വളർത്തുമൃഗങ്ങളുടെ സംരക്ഷണം വികസിപ്പിച്ചെടുക്കേണ്ടത് കാർഷിക പ്രദേശമായ ഈ ഗ്രാമപഞ്ചായത്തിന് ഒഴിച്ചുകൂടാൻ പററാത്തതാണ്.

*പ്രശ്നങ്ങൾ:*

1. മൃഗഡോക്ടറുടെ സേവനം ലഭ്യമല്ല
2. മേച്ചിൽപുറങ്ങളുടെ കുറവ്
3. വളർത്തുമൃഗങ്ങളോടുള്ള യുവതീയുവാക്കളുടെ വിരക്തി.
4. പുല്ലിൻെറ ലഭ്യതക്കുറവ്
5. റിസർവ്വ് വനത്തിലെ വിലക്ക്.

*നിർദ്ദേശങ്ങൾ:-*

1. ഈ പഞ്ചായത്ത് പ്രദേശത്ത് കൂടുതൽ കന്നുകാലികളെ വളർത്തുന്ന പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സബ്ബ് സെൻററുകൾ തുടങ്ങുക.

2. പഞ്ചായത്തുതലത്തിലുള്ള മൃഗാശുപത്രിയിൽ സ്ഥിരമായി ഡോക്ടറുടെ സേവനം ലഭ്യമാക്കുക.

3. വനം പ്രദേശങ്ങളിൽ സ്വതന്ത്രമായി കന്നുകാലികളെ മേയ്ക്കാനുള്ള അവസരം ഉണ്ടാക്കുക.

4. തീററപ്പുൽ കൃഷിക്ക് കഴിയാവുന്നത്ര പ്രചരണം കൊടുക്കുക.

5. കന്നുകാലികളെ വളർത്താനുള്ള താൽപര്യം യുവാക്കൾക്ക് പകർന്നുകൊടുക്കുവാൻ പ്രയോജനകരമായ ചർച്ചാക്ലാസ്സുകൾ നടത്തുക.

6. ആട്, കോഴി മുതലായ വളർത്തുമൃഗങ്ങളിൽ നിന്നും ലഭിക്കുന്ന ആദായത്തിൻെറ തോത് ചെറുപ്പക്കാരെ ബോധ്യപ്പെടുത്തുക.

*വളർത്തുമൃഗങ്ങളുടെ വിവരങ്ങൾ:- 1995-96*

1. കാള നാടൻ 496 എണ്ണം
2. കാള സങ്കരം 264 "
3. പശു നാടൻ

കറവയുളളത് 1814 "

കറവയില്ലാത്തത് 1500 "

4. പശു സങ്കരം കറവ ഉള്ളത് 723 "

കറവ ഇല്ലാത്തത് 107 "

5. എരുമ കറവ് ഉള്ളത് 107 "
6. പോത്ത് 330 "
7. ആട് 1853"
8. പട്ടി 451 "
9. പൂവൻ കോഴി 350 "
10. പിടക്കോഴി മുട്ടയിടുന്നത് 8150 "

മുട്ടയിടാത്തത് 1336 "

11. ആൺതാറാവ് 36"
12. പെൺ താറാവ് 47"

# വനം

ഈ പഞ്ചായത്തിൻെറ മൊത്തം വിസ്തീർണ്ണത്തിൻെറ 67.65% വനമാണ്. ഇതു മുഴുവനും സർക്കാരുവനങ്ങളുമാണ്. അൻപതുവർഷങ്ങൾക്കിപ്പുറത്ത് വനഭൂമി കയ്യേററം ഇവിടെ ഉണ്ടായിട്ടില്ല. കേരളത്തിലെ വനങ്ങളിൽ പ്രധാനപ്പെട്ടമലയായ ഭരണിപച്ചമല ഇവിടെയാണ് സ്ഥിതിചെയ്യുന്നത്. മുമ്പ്കാലത്ത് ഈ മലകളിലൊക്കെ കന്നുകാലികളുടെ മേച്ചിൽപുറങ്ങളായിരുന്നു. എന്നാൽ ഇന്ന് അത് ഇല്ല. അതിന് പ്രധാനകാരണം ബന്ധപ്പെട്ട ഉദ്ധോഗസ്ഥന്മാരുടെ വിലക്കുതന്നെയാണ്. അതുപോലെ സ്ത്രികൾ വനത്തിൽ പോയി ധാരാളം വിറകുകൊണ്ടുവന്നിരുന്ന സമ്പ്രധായവും ഇവിടെ ഉണ്ടായിരുന്നു. വിറക് വിററ് ഉപജീവനം നടത്തുന്ന ഒട്ടേറെ കുടുംബങ്ങൾ ഈപ്രദേശത്ത് ഉണ്ടായിരുന്നു. ഇന്ന് അത് വിരളമായിരിക്കുന്നു. ഈ പ്രവണതയും ഇല്ലാതായിട്ടുണ്ട്. ആററൂർ വില്ലേജിൽ ഉൾപ്പെട്ടുകിടക്കുന്ന മെതിപ്പാറ, ചേലമുക്ക്, വെള്ളപ്പാറ, പലകതടം, ആനപ്പാറ, പൂകുണ്ട്, അസുരംകുങ്ങ്, ഷാരടി തരിശ്, മൂച്ചി കുണ്ട്, കാളമുക്കാരം, തൂക്കൺപാറ, കാപ്പി, ഒടുകുംകുന്ന്, ചെമ്പലിച്ചി പാറ, കാഞ്ഞിരംചോല, തണ്ടാൻവെള്ളം, കൂമ്പൻകല്ല്, തോട്ടം, വെററിലപാറ, ഭരണിപച്ച എന്നീ നാമധേയങ്ങളുള്ള നീണ്ടു നിവർന്നു കിടക്കുന്ന മനോഹരമായ വനം ഈ .പ്രദേശത്തിൻെറ ഒരനുഗ്രഹമാണ്. ഈ വനത്തിൽ പല സ്ഥലങ്ങളിലായി നല്ല നീരുറവകൾ ഉണ്ട്. ജലസേചനറിപ്പോർട്ടിൽ ചിലതൊക്കെ ചൂണ്ടികാണിച്ചിട്ടുണ്ട്. ഈ വനപ്രദേശങ്ങളുടെ താഴ്വരകളിലുള്ള കൃഷികാർക്ക് ഇന്നും കാട്ടുമൃഗങ്ങളുടെ ശല്ല്യം വളരെ വലുതാണ്. ആന, നരി, മാൻ, പന്നി മുയൽ, കുറുക്കൻ, ചെന്നായ, കടമാൻ, മയിൽ തുടങ്ങിയ വന്യജീവികൾ ഈ വനത്തിലുണ്ട്. അതുപോലെ മുള്ളൂർക്കര വില്ലേജിൽ ഉൾപ്പെട്ടുകിടക്കുന്ന തേക്കിൻകാട്, കാരഞ്ചേരി, വെളുത്തേടത്ത് കുണ്ട്, മെക്രോൺ കുന്ന് തുടങ്ങിയ വനങ്ങളും ഇവിടെയുണ്ട്. ഇതിൽ തേക്കിൻകാട്, കാരാഞ്ചേരി പ്രദേശങ്ങളിൽ കശുമാവ് കൃഷിചെയ്തിട്ടുണ്ട്. വെളുത്തേടത്ത് കുണ്ട്, മൈക്രോവ്കുന്ന് എന്നിവിടങ്ങളിൽ യൂക്കാലിയാണ് ഉള്ളത്. ഫോറസ്ററ് ഡിപ്പാർട്ടുമെൻറ് ഈ രണ്ടു വില്ലേജുകളിലെയും വനം പ്രദേശങ്ങളിൽ വൃക്ഷതൈ നടുന്നതിനെ സംബന്ധിച്ചുള്ള പ്രയോജനം പരിശോധിക്കേണ്ടതുണ്ട്. ഇവിടെയും നല്ല നീരുറവുകൾ ഉള്ള സ്ഥലങ്ങൾ ഉണ്ട്.

*പ്രശ്നങ്ങൾ:-*

1. വനപാലകരും പൊതുജനങ്ങളും തമ്മിലുള്ള പരസ്പര സമീപനത്തിൻെറ പാകപ്പിഴവുകൾ.

2. ചെറിയ തോതിലാണെങ്കിലും വിറകിനുവേണ്ടിയുള്ള മരംമുറിക്കൽ.

3. മൃഗങ്ങളാലുള്ള കൃഷിനാശം.

4. വനം പ്രദേശങ്ങളിലെ വനവൽക്കരണ പരിപാടികൾ.

5. വേനൽക്കാലങ്ങളിലെ തീ വീഴൽ.

6. വനങ്ങളിൽനിന്നും സസ്യ സമ്പത്തുകളും മററ് വിഭവങ്ങളും ശേഖരിക്കാനുള്ള തടസ്സം.

*നിർദ്ദേശങ്ങൾ:-*

1.വനങ്ങളുടെ സംരക്ഷണത്തിന് പ്രാദേശിക സന്നദ്ധസേനകൾ രൂപീകരിക്കുക.

2. വനപാലകരും ജനങ്ങളും തമ്മിലുള്ള ബന്ധം നല്ലനിലയിലാക്കുക.

3. പ്രാദേശിക തലത്തിൽ രൂപീകരിക്കുന്ന സന്നദ്ധസേനാ പ്രവർത്തകരും വനപാലകരും, പഞ്ചായത്തധികൃതരും ഒന്നിച്ച് വനസംരക്ഷണത്തെകുറിച്ച് ചർച്ച നടത്തുക.

4. ഇത്തരം ചർച്ചകളിൽ ഉരുതിരിഞ്ഞ് വരുന്ന നിർദ്ദേശങ്ങൾ വനപാലകരും, സർക്കാരും ഒന്നിച്ച് നടപ്പിലാക്കാൻ തയ്യാറാവുക

5. വനങ്ങളിൽ തീയിടുന്നതുമൂലമുള്ള നശീകരണത്തെ സംബന്ധിച്ച് പ്രത്യക്ഷമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

6. വനങ്ങളിലെ ജലസമ്പത്തുകൾ ഗ്രാമീണ ജനതയ്ക്ക് ഉപയോഗിക്കുമാറ് സംരക്ഷിച്ച് നിർത്തുക.



# വനിത

മുള്ളൂർക്കര പഞ്ചായത്തിൽ 95 ലെ കാനേഷ്കുമാരി കണക്കനുസരിച്ചുള്ള ജനസംഖ്യ 15,987 ആണ്. ഇതിൽ 52% സ്ത്രികളാണ്. വിദ്യാഭ്യാസരംഗത്ത് താരതമ്യേന വനിതകൾ നല്ല നിലവാരം പുലർത്തുന്നുണ്ടെങ്കിലും മുൻകാലങ്ങളിലെ സാമുദായിക - സാമൂഹിക ആചാരങ്ങൾ കാരണമായിരിക്കാം, മുസ്ലീം - പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളിൽപ്പെട്ട വനിതകൾ വിദ്യാഭ്യാസരംഗത്ത് പുറകിലാണ്. ഉന്നത വിദ്യാഭ്യാസരംഗത്ത് എത്തുന്നവർ വിരളവുമാണ്. ഈ പ്രദേശത്തെ ഭൂരിപക്ഷം വനിതകളും കുടുംബിനികളും ആണ്. മുഴുവൻ കാർഷികമേഖലയായ ഈ പ്രദേശത്തെ ഭൂരിഭാഗം സ്ത്രീകളും കാർഷിക തൊഴിലുകളിൽ ഏർപ്പെട്ടിരുന്നു. കുടുംബ വരുമാനത്തിന്റെ ഒരു പ്രധാനപങ്ക് ഇതുവഴി വനിതകൾക്ക് ലഭ്യമായിരുന്നു. എന്നാൽ പുതിയതലമുറയിലെ യുവതികൾക്ക് കാർഷികജോലികളോടുള്ള ആഭിമുഖ്യം വളരെ കുറവാണ് എന്നു പറയാതെ നിവൃത്തിയില്ല. ഈ താത്പര്യകുറവ് മൊത്തത്തിൽ ഇവിടുത്തെ കാർഷികമേഖലയുടെ പ്രവർത്തനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. ചെറിയ ചെറിയ പ്ലാസ്ററിക് വ്യവസായ യൂണിററുകളിലും, തീപ്പെട്ടി കമ്പനികളിലുമൊക്കെ ഭൂരിഭാഗവും സ്ത്രീകളാണ് ജോലിചെയ്യുന്നത്. ഇവിടെയൊക്കെ കുറഞ്ഞവേതനമാണ് സ്ത്രികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ അവസ്ഥ മാററേണ്ടതാണ്. കെട്ടിട നിർമ്മാണരംഗത്ത് നല്ലൊരുഭാഗ് സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ട്. ഇവർക്കിന്ന് ന്യായമായ വേതനം ലഭിക്കുന്നുണ്ട്. അധ്യാപകർ, സർക്കാരുദ്യോഗസ്ഥർ എന്നീ മേഖലകൾ പരിശോധിക്കുമ്പോൾ സ്ത്രീ ജനസംഖ്യയുടെ അനുപാതം കണക്കിലെടുത്താൽ വളരെ ചെറിയ ശതമാനം മാത്രമേ വനിതകളുള്ളൂ.

എല്ലാ മേഖലകളിലും സ്ത്രീകൾക്കു തുല്യ പങ്കാളിത്തം എന്ന ആശയം പ്രചരിപ്പിക്കുന്നുണ്ടെങ്കിലും ഈ അവസ്ഥയ്ക്ക് ഇവിടെയും പോരായ്മകൾ ഉണ്ട്. വിദ്യാഭ്യാസരംഗത്തുള്ള അപര്യാപ്തത ഇതിനൊരു പ്രധാനകാരണമാണ്. കന്നുകാലി വളർത്തലും, ക്ഷീരവ്യവസായവും, ബീഡി നിർമ്മാണം, തുന്നൽ എന്നീ രംഗങ്ങളിലും സ്ത്രീകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. 100% സാക്ഷരത നേടി എന്നവകാശപ്പെടുന്നുണ്ടെങ്കിലും പ്രാഥമിക വിദ്യാഭ്യാസം, ഹൈസ്ക്കൂൾ വിദ്യാഭ്യാസം എന്നീ രംഗത്ത് വനിതകൾ മുന്നിലാണ്. എന്നിരുന്നാലും ജീവിക്കാനുള്ള ഒരു തൊഴിൽ ഇന്നും അഭ്യസ്തവിദ്യരായ ഭൂരിഭാഗം വനിതകൾക്കും അപ്രാപ്യമാണ് എന്നു പറയാതെ നിവൃത്തിയില്ല.സാമൂഹ്യക്ഷേമകരമായ പൊതു പ്രവർത്തന രംഗത്ത് വളരെകുറച്ച് വനിതകൾ മാത്രമാണ് ഇവിടെയുള്ളത്. വനിതകളുടേത് മാത്രമായ മൂന്നുകുടിൽ വ്യവസായ യൂണിററുകൾ ഇവിടെ ഉണ്ടെങ്കിലും അവ ലാഭകരമായി പ്രവർത്തിക്കുന്നതിന് ഉൽപ്പാദന - വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തി

യാൽ മാത്രമേ സാധിക്കുകയുള്ളൂ. പൊതു പ്രവർത്തന രംഗത്തും വ്യാവസായിക യൂണിററുകളുടെ കാര്യത്തിലും സ്ത്രീകൾ മുന്നിട്ടിറങ്ങേണ്ടതാണ്. അതിനാവശ്യമായ ബോധവൽക്കരണം നടത്തണം ഒരു കാലഘട്ടത്തിൽ മഹിളാ സമാജങ്ങളുടെ നിസ്വാർത്ഥമായ സേവനം ശ്രമകരമായ അദ്ധ്വാനം ഇവിടെ നല്ലനിലയിൽ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് മഹാളാസമാജങ്ങളുടെ പ്രവർത്തനവും സമാജങ്ങളുടെ എണ്ണവും പരിശോധിക്കേണ്ടതുണ്ട്. വനിതകളുടെ തൊഴിലില്ലായ്മ ഒരു പ്രശ്മാണെങ്കിലും തൊഴിൽ രംഗത്ത് തൊഴിൽ ചെയ്യാൻ തയ്യാറായാൽ യാതൊരു വിവേചനവും ഇവിടെ ഇല്ലെന്ന് പറയാം. ബാലികാ വിവാഹം, സ്ത്രീ പീഡനം, സ്ത്രീകൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലുള്ള അനാചാരങ്ങൾ ഇവയൊന്നും ഈ പ്രദേശങ്ങളിലില്ല.

## പ്രശ്നങ്ങൾ:

1. മുസ്ലീം, പട്ടികജാതി-പട്ടിക വർഗ്ഗ വനിതകളുടെ വിദ്യാഭ്യാസകുറവ്.

2. പൊതു പ്രവർത്തന രംഗത്ത് വനിതകളുടെ കുറവ്.

3. കാർഷിക ജോലികളിൽ നിന്നും വനിതകളുടെ തിരിച്ചുപോക്ക്.

4. വനിതകൾക്ക് സ്വന്തമായി തൊഴിൽ പദ്ധതി ഇല്ലായ്മ.

5. പരിസരശുചീകരണത്തിന്റെ കാര്യത്തിൽ വനിതകളുടെ അറിവില്ലായ്മ.

6. കുഞ്ഞുങ്ങളെ മുലയൂട്ടുന്ന കാര്യത്തിൽ വനിതകളുടെ ഇടയിലുള്ള തെററായ ധാരണ.

## നിർദ്ദേശങ്ങൾ:-

1. വനിതകളുടെ വിദ്യാഭ്യാസ സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ വാർഡിലും യുവതികളായ വനിതകളുടെ സന്നദ്ധസംഘങ്ങൾ രൂപീകരിക്കുക.

2. ഇത്തരം സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടി പൊതുരംഗത്തേക്ക് കൂടുതൽ വനിതകളെ കൊണ്ടുവരുവാൻ സാധിക്കുമോ എന്നു പരിശോധിക്കുക.

3. മുഴുവൻ കാർഷിക പ്രദേശമായ ഈ ഗ്രാമത്തിൽ വനിതകളെയും പ്രത്യേകിച്ച് യുവതികളെയും കാർഷിക ജോലികളിലേക്ക് തിരിച്ചുകൊണ്ടുവരാവുന്ന ആകർഷണീയമായ വിളയിറക്കൽ പദ്ധതിക്ക് രൂപം കൊടുക്കുക.

4. കുടുംബനികളായ അമ്മമാർക്ക് തങ്ങളുടെ കുടുംബത്തിന്റെ മൊത്ത വരുമാനത്തിന്റെ അകത്തുനിന്ന്കൊണ്ട് കുടുംബ ബഡ്ജററ് രൂപപ്പെടുത്തുവാൻ ബോധവൽക്കരണം നടത്തുക.

5. സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള വീടുകൾ കണ്ടെത്തി പ്രത്യേക ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുക.

6. അംഗനവാടികൾ കേന്ദ്രീകരിച്ച് വിപുലമായ രീതിയിൽ മഹിളാ സമാജങ്ങൾ സംഘടിപ്പിക്കുക.

7. പഞ്ചായത്ത് തലത്തിൽ വനിതകളുടേത് മാത്രമായി ഒരു വ്യവസായ സഹകരണ സംഘം രൂപീകരിച്ച് ഫലപ്രദമായി പ്രവർത്തിക്കുവാൻ പററുമോ എന്ന് ആലോചിക്കുക.

8. കുടിൽ വ്യവസായ രംഗത്ത് വ്യാപകമായി പ്രചരിപ്പിക്കുകയും കുടിൽ വ്യവസായ വിഭവങ്ങൾ കണ്ടെത്തുകയും ചെയ്യുക.

9. വീടുകളിൽ ഉപയോഗിക്കുന്ന വെള്ളം, വിറക് എന്നിവയുടെ അനാവശ്യചിലവുകൾകൊണ്ട് നാളെകളിൽ നേരിടേണ്ടിവരുന്ന ഗുരുതരമായ പ്രത്യാഘാതങ്ങളെ കുറിച്ച് വനിതകളെ ബോധവൽക്കരിക്കുക.

# സംസ്ക്കാരം

പ്രകൃതിരമണീയമായ മുള്ളൂർക്കര പഞ്ചായത്തു പ്രദേശത്തെ സാംസ്ക്കാരികതയെപ്പററിപറയുമ്പോൾ കേരളത്തിലെ കലാ-സാംസ്ക്കാരിക രംഗങ്ങളിൽ പേരും പ്രശസ്തിയും ഉള്ള പല ഉന്നതന്മാരും ജനിച്ച പ്രദേശമാണിവിടം. അതിൽ ചിലരുടെ പേരുകൾ ഇവിടെ കുറിക്കാം. പണ്ഡിതരാജ കവിരത്നം ആററൂർ കൃഷ്ണപിഷാരടിയും, പാലിയത്തച്ചൻമ്മാരും, വാസുദേവൻ വാദ്ധ്യാൻ നമ്പൂതിരിയും, അയ്യാശാസ്ത്രിയും, ആററൂർ രവിവർമ്മയും, തിമല വിദഗ്ദ്ധൻ ശങ്കരൻ കുട്ടിമാരാരും ഒക്കെ ഇവിടത്തെ ഗ്രാമങ്ങളിൽ ജനിച്ചവരാണ്. സ്വാതന്ത്ര്യത്തിന് മുൻപ് തന്നെ സാംസ്ക്കാരിക രംഗത്തെ ഒരു വലിയ മുതൽ കൂട്ടായി രൂപം കൊണ്ടതാണ് 1995 ൽ സുവർണ്ണ ജൂബിലി ആഘോഷിച്ച ആററൂർ ഗ്രാമീണ വായനശാല. അതുപോലെ മുള്ളൂർക്കര ഗ്രാമീണ വായനശാലയും, ഇരുന്നിലംകോട് ഗ്രാമീണ വായനശാലയും വർഷങ്ങൾക്ക് മുൻപ് സാംസ്ക്കാരിക രംഗത്ത് വലിയ മുതൽകൂട്ടായി പ്രവർത്തിച്ചു വന്നിട്ടുള്ളതാണ്. ഈ വായനശാലകളൊക്കെ ഈ പ്രദേശത്തിൻെറ സാംസ്ക്കാരിക മുതൽകൂട്ടുകളായി ഇന്നും നിലനിൽക്കുന്നു. ഗ്രന്ഥശാലകൾക്ക് പുറമേ ധാരാളം കലാ-കായിക ക്ലബുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

പ്രാചീനമായ വിവിധ സംസ്ക്കാരങ്ങളുടെ ഉറവിടങ്ങളാണ് ഈ പ്രദേശം. അതിൽപ്പെട്ടതാണ നമ്മുടെ ഗ്രാമങ്ങളിൽ കാണപ്പെടുന്ന പാണർ എന്ന സമുദായം. സംഘകാലത്ത് സമുദായത്തിലെ ഉ[illegible]ത ശ്രേണിയായ ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യർ, ശൂദ്രർ എന്നിവർക്കൊപ്പം തന്നെ ഇവർക്കും സ്ഥാനം ഉണ്ടായിരുന്നു. ഇവരുടെ കുലതൊഴിൽ തുകിൽ ഉണർത്തുപാട്ടാണ്. അച്ചടിഭാഷ നിലവിൽ വരുന്നതിന് മുമ്പ് വാമൊഴിയായി കൈമാറിവന്നിരുന്ന ദേവിയെ സ്തുതിക്കുന്ന നാടൻപാട്ടുകളുമായി ഹിന്ദു ഗൃഹങ്ങളിൽ കർക്കിടക മാസത്തിൽ കയറി ഇറങ്ങി ചേട്ടാഭഗവതിയെ പുറത്താക്കുന്തിനും ശ്രീ ഭഗവതിയെ വരവേൽക്കുന്നതിനുമുള്ള തുകിൽ ഉണർത്തുപാട്ട് നടത്തുന്നത് പാണന്മാരാണ്. ഇവിടത്തെ ഗ്രാമങ്ങളിൽ നിലനിന്നുപോരുന്ന പുരാതനമായ ഒരു കലാ സാംസ്ക്കാരികമായ പ്രവർത്തനമാണിത്. അതുപോലെ പുരാതനകാലം മുതൽ ക്ഷേത്ര കലാ സംസ്ക്കാരങ്ങളോടനുബന്ധിച്ച് നടത്തപ്പെടുന്ന ഒന്നാണ് പൂതൻകളി, പാവകൂത്ത്, തെയ്യൻകളി, കാളകളി ഇവയൊക്കെ. മുള്ളൂർക്കര ഗ്രാമ പഞ്ചായത്തിലെ സാംസ്ക്കാരിക പാരമ്പര്യത്തെ വിളിച്ചോതുന്ന ഒന്നാണ് വിവിധ മത ആചാരാനുഷ്ഠാനങ്ങളിലെ പരസ്പര ആദരവും ബഹുമാനവും. ചരിത്ര പ്രസിദ്ധമായ മുള്ളൂർക്കര തിരുവാണിക്കാവ് അമ്പലത്തിലെ വേലയും, കൂത്തും, ഇരുന്നിലം കോട് ഷഷ്ടി മഹോത്സവത്തിലെ കാവടിയാട്ടവും കാഞ്ഞിരശ്ശേരി തിരുവാണിക്കാവ് അമ്പലത്തിലെ വേലയും, കുറുമ്പൻഞ്ചേരി അമ്പലത്തിലെ ശിവരാത്രി ആഘോഷവും, കാഞ്ഞിരശ്ശേരി മക്കാഹാജി തങ്ങളുടെ പള്ളിനേർച്ചയും, അമ്പലം കുന്ന ത്തെ

ശിവക്ഷേത്ര ഉത്സവവും, മുള്ളൂർക്കര സെൻറ് ആൻറണീസ് ദേവാലയത്തിലെ അമ്പുതിരുന്നാളും, ആററൂർ ആററകോയ തങ്ങളുടെ ജാറം നേർച്ചയും, അയ്യപ്പൻ കോവിലിലെ ധനു മാസത്തിലെ കെട്ടു വിളക്കും, മണ്ഡലംകുന്ന് സുബ്രഹ്മണ്യ കോവിലിലെ പൂയ്യോത്സവവും, പൂശാരി കോവിലിലെ ഉത്സവവും ആററൂർ കാർത്ത്യായനി ഭഗവതി ക്ഷേത്രത്തിലെ മണ്ഡലം 41ൻെറ നിറമാലയും, മണലാടി സെൻറ് ജോസഫ് ദേവാലയത്തിലെ അമ്പുതിരുന്നാളുമൊക്കെ വിവിധ മത ആചാരാനിഷ്ഠാനങ്ങൾ അനുബന്ധിച്ചുള്ള ഉത്സവങ്ങളാണ്. ഇവയൊക്കെ എല്ലാ ജാതിമതസ്ഥരും ഒന്നിച്ചു ആഘോഷിക്കുകയും എല്ലാവിധത്തിലും പങ്കുചേരുകയും ചെയ്യുകയും ചെയ്യുന്നുണ്ട്. ഈ ഗ്രാമ പഞ്ചായത്തു പ്രദേശത്ത് ജാതിയുടേയോ, മതത്തിൻെറയോ,വർഗ്ഗ-വർണ്ണത്തിൻെറ യോ പേരിൽ യാതൊരുവിധ അഭിപ്രായ വ്യത്യാസങ്ങളോ സ്പർദകളോ മററു കലഹങ്ങളോ ഒന്നും തന്നെ ഉണ്ടായിട്ടില്ല. പത്രമാധ്യമങ്ങളുടെ വിതരണവും അവയുടെ വായനയും ഇവിടെ നല്ല നിലവാരം പുലർത്തുന്നു. ഈ പഞ്ചായത്തു പ്രദേശത്ത് സാംസ്ക്കാരിക പൈതൃകത്തിൻെറ വ്യാപ്തിയും ആഴവും വളരെ വിപുലമാണ് എന്നതാണെന്ന് മുൻ ചൂണ്ടി കാണിച്ചിട്ടുള്ള കാര്യങ്ങൾ കൊണ്ട് നമുക്ക് മനസ്സിലാവുന്നു. നമ്മുടെ സാംസ്ക്കാരിക പൈതൃകം ഒരു കെടാവിളക്കായി നിലനിർത്താൻ ഒന്നിച്ചു പരിശ്രമിക്കാം.

# വിഭവ സമാഹരണം

ഈ പഞ്ചായത്തിലെ ധനാഗമ മാർഗ്ഗങ്ങൾ എന്തെന്ന് പരിശോധിക്കുമ്പോൾ വരുമാന മാർഗ്ഗങ്ങൾ വളരെ പരിമിതമാണ്. ഇവിടെ ജനങ്ങളുടെ പൊതു സ്ഥിതി പരിശോധിക്കമ്പോൾ പ്രധാന തൊഴിൽ കൃഷിയാണ്. പരമ്പരാഗത തൊഴിലുകൾ ഇവിടെയുണ്ട്. റെയിൽവേ, കമ്പിത്തപാൽ, ടെലികോം ഇലക്ട്രിസിറ്റി, എന്നീ കേന്ദ്ര സംസ്ഥാനസർക്കാർ വകുപ്പുകളിൽ ധാരാളം പേർ ജോലി ചെയ്യുന്നുണ്ട്. താരതമ്യേന മറ്റുമേഖലകളിലും ജോലിചെയ്യുന്ന സ്ത്രീ പരുഷന്മാർ ഉണ്ട് ഇവിടെ. ഈ പഞ്ചായത്തിൽ നിന്നും 417 പേർ ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. തീപ്പെട്ടി കമ്പനി പ്ലാസ്റ്റിക് വ്യവസായം തടിമിൽ തുടങ്ങിയ സ്ഥാപനങ്ങളിലും ഇവിടെയുള്ളവർ ജോലി ചെയ്യുന്നുണ്ട്. ഇനി പഞ്ചായത്തിന്റെ സ്വന്തം വരുമാനമാർഗ്ഗം പരിശോധിക്കുമ്പോൾ പഞ്ചായത്തിന്റെ രൂപീകരണത്തിനുശേഷം ഓരോ വർഷവും വരുമാനം ചെറിയ തോതിൽ വർദ്ധിച്ചുവരുന്നതായി കാണാം. ഈ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ വരമാനമാർഗ്ഗത്തിൽ ഗണ്യമായ വർദ്ധനവ് കാണാം. ഗ്രാമ പഞ്ചായത്തിന്റെ ഇപ്പോഴത്തെ വരുമാനം.

## വിഭവങ്ങൾ

1. ഗ്രാമപഞ്ചായത്ത് നികുതികൾ
2. നികുതിയേതര വരുമാനങ്ങൾ
3. സർക്കാർ ഗ്രാന്റുകൾ
4. അണ്ടയേഡ് ഫണ്ട്
5. ജെ. ആർ. വൈ ഫണ്ട്.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് രാജ് ആക്ടിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഫണ്ട് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഗ്രാമപഞ്ചായത്തുകൾക്ക് കൊടുക്കുക.

2. നിലവിലുള്ള തൊഴിൽ നികുതി കെട്ടിട നികുതി എന്നിവ നികുതിദായകരുമായി ചർച്ചചെയ്ത് പുനർനിർണ്ണയം നടത്തി വർദ്ധിപ്പിക്കാൻ പററുമോ എന്നാലോചിക്കുക.

3. വാർഡടിസ്ഥാനത്തിൽ സന്നദ്ധ സംഘങ്ങൾ രൂപീകരിച്ച് വികസന നിർമ്മാണ പ്രവർത്തനങ്ങൾക്ക് മനുഷ്യ അദ്ധ്വാനം ദാനമായി സംമ്പരിക്കുക.

4. ഇന്ന് നിലവിലുള്ള ഓഡിററിഗ് സമ്പ്രദായം പരിമിതപ്പെടുത്തുക.

5. പഞ്ചായത്ത് വക സ്ഥലങ്ങളിൽ പ്രയോജനകരമായ കോംപ്ലക്സുകൾ നിർമ്മിച്ച് വരുമാനമുണ്ടാക്കുക.

| വരവ് | | ചിലവുകൾ | |
|---|---|---|---|
| 1. തൊഴിൽ നികുതി | 69375.00 | 1. എസ്ററാബ്ലിഷ്മെൻറ് | 255000.00 |
| 2. കെട്ടിടനികുതി | 141595.00 | 2. പൊതുമരാമത്ത് | 368613.00 |
| 3. വിനോദ നികുതി | 21993.45 | 3. മററിന ചിലവ് | 144000.00 |
| 4. നികുതിയേതര വരുമാനം | 147783.00 | | |
| 5. സംസ്ഥാന നികുതി വിഹിതം | 59060.00 | | |
| 6. അണ്ടയേഡ് ഫണ്ട് | 351940.00 | | |
| 7. ഗ്രാൻറുകൾ | 305623.00 | | |
| ആകെ. | 1097369.45 | ആകെ | 767613.00 |

# നന്ദി

*മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ ഒൻപതാം പഞ്ചവത്സര പദ്ധതി ജനകീയ ആസൂത്രണ വികസനറിപ്പോർട്ടിന് വേണ്ടി പ്രവർത്തിച്ച എല്ലാ സുഹൃത്തുകൾക്കും, ഈ റിപ്പോർട്ട് തയ്യാറാക്കാൻ പങ്കാളികളായ ഉദ്യോഗസ്ഥ സാമൂഹ്യ സാംസ്ക്കാരിക രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും നന്ദി. വരും നാളുകളിൽ നമ്മുടെ ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ വികസനത്തിനും പുരോഗതിയ്ക്കും സാമൂഹ്യ സാംസ്കാരിക വളർച്ചയ്ക്കും നമുക്ക് ഒത്തൊരുമിക്കാം. മഹാത്മജിയും പഞ്ചവത്സര പദ്ധതികൾക്കുതുടക്കം കുറിച്ച നെഹ്റുവും നാം പിറന്ന ഭാരതത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് കൊളുത്തിതന്ന സ്നേഹദീപങ്ങളുമായി നമുക്ക് മുന്നേറാം.*

എല്ലാവർക്കും

നന്ദി..............നന്ദി...............നന്ദി.

അധികാരം ജനങ്ങളിലേക്ക്




HOLY KOLAZHY, TSR - 10. ✆ 721709.